Reg. No. C. 101 M 2293

ഒററപ്രതിക്കു 2 ണ.

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല"

പുസ്തകം 23 | 1125 മേടം 27—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1950 മേയ് 10 | ലക്കം 35

# കേരളത്തിലെ ക്രൈസ്തവസാഹിത്യം

(ജെ. കെ. സി. മണിമല)

വിശ്വസംസ്കാരത്തെ മിനുക്കി മിനുക്കി പ്രശോഭിപ്പിക്കുന്ന ഒരു വിശേഷ സൗകുമാര്യം സാഹിത്യത്തിനുണ്ടു്. ഇന്നും ഇന്നലെയുമല്ല ലോകാരംഭം മുതൽ സാഹിത്യത്തിന്റെ സനാതനസഹചാരിയാണു് സംസ്കാരം. ചരിത്രത്തിന്റെ ഏടുകളിൽ തിങ്ങിനിൽക്കുന്ന ഈ പരമാർത്ഥത്തെപ്പറ്റി ആർക്കും ഭിന്നാഭിപ്രായം ഉണ്ടെന്നു തോന്നുന്നില്ല. എവിടെ സാഹിത്യം വഴിപിഴയ്ക്കുന്നുവോ അവിടെ സംസ്കാരത്തിന്റെ ശവക്കല്ലറ തോണ്ടുവാൻ ആരംഭം ഇടുന്നു. സുപരിചിതമായ ഈ വസ്തുത കേരളത്തിന്റെ ദേശീയസംസ്കാരത്തിലും വ്യക്തമായി കാണാം. ഹൈന്ദവപുരാണേതിഹാസങ്ങളിൽ നിന്നു് ജന്മമെടുത്തിരിക്കുന്ന മലയാളസാഹിത്യത്തിനു് ക്രൈസ്തവപണ്ഡിതന്മാരുടെ പരിലാളനമൂലം വന്നുകൂടിട്ടുള്ള അഭിവൃദ്ധിയും തന്നിമിത്തം സാംസ്കാരികമായി കേരളീയ ജനതയ്ക്കുണ്ടായിട്ടുള്ള പുരോഗതിയും എന്തൊക്കെയാണെന്നുള്ള ഒരു സമഗ്രവിചിന്തനമാണു് ഈ ലേഖനോദ്ദേശ്യം.

ക്രൈസ്തവസാഹിത്യം എന്ന സംജ്ഞ ക്രിസ്തീയമതതത്വങ്ങളേയും ചരിത്രങ്ങളേയും അടിസ്ഥാനമാക്കി ക്രിസ്ത്യാനികൾ രചിക്കുന്ന കൃതികളെക്കുറിച്ചു പരാമർശിക്കുന്നുണ്ടെങ്കിലും ക്രിസ്ത്യാനികളുടെ തൂലികാചാലനഫലങ്ങളാണു് ഇവിടെ പ്രതിപാദിക്കപ്പെടുന്ന പ്രധാനപ്രമേയം.

കേരളഭാഷയ്ക്കു് അതിപ്രാചീനമായ സാഹിത്യസമ്പത്തുണ്ടു്. ആദിമനിവാസികളായ ദ്രാവിഡരുടേയും ആര്യാവർത്തത്തിൽ നിന്നു തെക്കോട്ടു നീങ്ങി ഇവിടെക്കുടിയേറിപ്പാർത്ത നമ്പൂതിരിമാരുടേയും സാമൂഹ്യവും മതപരവും ആചാരപരവുമായ സങ്കലനമാണു് അതിന്റെ ഉൽകൃഷ്ടത്തിനു നിദാനം. നമ്മുടെ പ്രാചീനകൃതികളായ രാമചരിതത്തിലും വടക്കൻപാട്ടുകളിലുമൊക്കെ കൈരളിയുടെ കാൽച്ചിലമ്പൊച്ച വ്യക്തമായി കേൾക്കാം. ഇന്നു് അവളുടെ മനോജ്ഞനർത്തനങ്ങൾ സാഹിത്യവേദിയെ കോൾമയിർക്കൊള്ളിക്കുന്നു. വേഷവിഭൂഷണങ്ങളിലും നാട്യരീതികളിലും വൈവിധ്യമവലംബിച്ചു് കൈരളി മേൽക്കുമേൽ ചേതോഹാരിണിയായി വിലസുകയാണു്. ജാതിമതാദിവൈജാത്യങ്ങൾ വിസ്മരിച്ചു് സകല കേരളീയരും അവളെ അകമഴിഞ്ഞു് ആരാധിക്കുന്നു. ഭാവസരളയും ഭാവനാസമ്പന്നയുമായ കൈരളിയുടെ വിജ്ഞാനഭണ്ഡാരത്തിൽ ക്രൈസ്തവകലോപാസകർ നിർലോഭം കാണിക്ക അർപ്പിച്ചിട്ടുണ്ടു്; അർപ്പിക്കുന്നുമുണ്ടു്. ക്രിസ്തീയ സാഹിത്യസരണിയിൽനിന്നുമുള്ള ഉറവകൾ ഭാഷാസാഹിത്യവേദിയിലേക്കു് അനുസ്യൂതം ഒഴുകുന്നുമുണ്ടു്.




വിജയപുരം മെത്രാൻ റൈററ് റവ. ഡോക്ടർ ബൊനവഞ്ചർ അരാന തിരുമേനിയേയും മുണ്ടക്കയം വികാരി റവ. ഫാ. ഫെലിച്ചേസിമൂസ് (വലത്തുവശം), കൂട്ടിക്കൽ വികാരി റവ. ഫാ. സെബാസ്റ്റ്യൻ മുഴാരി എന്നീ വൈദികരേയും നവമായി കത്തോലിക്കാസഭയിൽ പ്രവേശിച്ച രണ്ടു പ്രോട്ടസ്റ്റന്റു കുടുംബങ്ങളിലെ അംഗങ്ങളേയും ചിത്രത്തിൽ കാണാം.

## പ്രാചീനക്രൈസ്തവരുടെ ഭാഷാസേവനം

ഇക്കഴിഞ്ഞ വർഷം നീലേശ്വരത്തുവച്ചു നടന്ന സാഹിത്യപരിഷത്സമ്മേളനത്തിൽ ക്രിസ്ത്യാനികളുടെ ഭാഷാസേവനതല്പരതയെ ചോദ്യം ചെയ്തുകൊണ്ടു് ആരോ പ്രസംഗിച്ചതായി പത്രപംക്തികളിൽ കണ്ടു. ഹൈന്ദവജനതാമദ്ധ്യത്തിൽ ഹൈന്ദവസംസ്കാരത്തിൽനിന്നു ജന്മമെടുത്ത മലയാളഭാഷയ്ക്കു് ക്രിസ്ത്യാനികളുടെ കലാസേവനം പലവിധത്തിൽ പ്രയോജകീഭവിച്ചിട്ടുണ്ടെന്നുള്ളതു് ആർക്കും വിസ്മരിക്കാൻ സാദ്ധ്യമല്ല. കേരളകാളിദാസൻ, കേരളപാണിനി തുടങ്ങിയ പണ്ഡിതാഖണ്ഡലന്മാർ സശിരഃകമ്പം സമ്മതിച്ചിട്ടുള്ള ഒരു വസ്തുതയാണിതു്. എന്നിരിക്കെ നീലേശ്വരം സമ്മേളനത്തിൽ ഏതാദൃശമായ ഒരു അപസ്വരത്തിനു് അവകാശമുണ്ടാകുവാൻ കാരണമെന്തോ?

ഹൃദയഹാരികളായ ഈരടികൾകൊണ്ടു കൈരളിയെ കിളിക്കൊഞ്ചൽ കൊഞ്ചിച്ച തുഞ്ചന്റെയോ അകൃത്രിമമായ ഫലിതകോലാഹലത്തിൽ അവളെ പൊട്ടിച്ചിരിപ്പിച്ചു് തുള്ളിക്കളിപ്പിച്ച കുഞ്ചന്റെയോ പട്ടികയിൽ എണ്ണപ്പെടുവാൻ നിവൃത്തിയില്ലെങ്കിലും ഗണനീയരായ പല ക്രൈസ്തവപണ്ഡിതന്മാരും പ്രാചീനകാലംമുതല്ക്കേ ഭാഷാസേവനത്തിൽ വ്യാപൃതരായിരുന്നിട്ടുണ്ടു്. പെസഹാകാലങ്ങളിൽ ക്രിസ്തീയഭവനങ്ങളിലെ നിശ്ശബ്ദാന്തരീക്ഷത്തിൽ നീണ്ടുനീണ്ടിഴയുന്ന ശ്രുതിമധുരമായ പുത്തൻപാനയുടെ രചയിതാവായ അർണ്ണോസ് പാതിരിയെ നമുക്കെങ്ങനെ വിസ്മരിക്കാൻ സാധിക്കും? ആധുനിക ഭാഷാശൈലികളുടെ മാനദണ്ഡം വച്ചു നോക്കുമ്പോൾ ഉച്ചാരണവൈകല്യങ്ങളും വ്യാകരണത്തെറ്റുകളും കണ്ടേക്കാമെന്നാലും ഹൈന്ദവജനതയ്ക്കു് രാമായണം കിളിപ്പാട്ടെന്നപോലെ നമുക്കു് അഭിമാനജനകമായ ഒരു ഗ്രന്ഥതല്ലജമാണു് ഇതെന്നു പറയുന്നതിൽ അബദ്ധമില്ല.

മലയാളഭാഷയ്ക്കു് ആദ്യമായി ഒരു നിഘണ്ടു നിർമ്മിച്ച ഡോക്ടർ ഗുണ്ടർട്ടു് ഭാഷാചരിത്രപഠിതാക്കൾക്കു് ഒരു കൃഷ്ണമംഗ്ഗുരേശിയല്ലേ? ദ്രാവിഡഭാഷകൾക്കു് വ്യാകരണം നിർമ്മിക്കുന്നതിൽ അവധാനപൂർവ്വം ഉദ്യമിച്ചിട്ടുള്ള ഡോസ്റ്റിഷൻ സൺ, ഡോ. കാൽഡ്വൽ മുതലായ ധീരന്മാർക്കു് നമ്മുടെ ഭാഷാചരിത്രത്തിൽ ഗണ്യമായ സ്ഥാനമില്ലേ? തങ്ങൾക്കു് തികച്ചും അപരിചിതമായ ഒരു വിദേശഭാഷ പഠിച്ചു്, അതിന്റെ വ്യാകരണനിർമ്മിതിവരെ ഏകാഗ്രമായി യത്നിച്ചിട്ടുള്ള അവരുടെ നിസ്തന്ദ്രമായ പരിശ്രമശീലത്തേയും തജ്ജന്യമായ നേട്ടങ്ങളേയും വിദേശീയരും വിജാതീയരുമെന്ന കാരണം പറഞ്ഞു് നമുക്കു വിസ്മരിക്കുക സാദ്ധ്യമല്ലതന്നെ. കേരളപാണിനി തിരുമനസ്സിലെ വിശദഗവേഷണങ്ങളിൽനിന്നുമാത്രമേ നമുക്കു് ഒരു സംപൂർണ്ണ വ്യാകരണഗ്രന്ഥം സംസിദ്ധമായിട്ടുള്ളു എങ്കിലും അദ്ദേഹം മുൻപറഞ്ഞ ധീരന്മാരുടെ ഭാഷാസേവനത്തെ കൃതജ്ഞതാപൂർവ്വം അനുസ്മരിക്കുകയും, അവർക്കു വന്നുകൂടിയിട്ടുള്ള ചില്ലറ പ്രമാദങ്ങളെ സൗമനസ്യപുരസ്സരം വീക്ഷിക്കയുമാണു് ചെയ്തിരിക്കുന്നതു്.

സെന്റ് തോമസിന്റെ ആഗമനവേളയിൽ അദ്ദേഹം ഇവിടത്തെ സവർണ്ണഹിന്ദുക്കളെയാണു് ആദ്യമായി മതപരിവർത്തനം ചെയ്യിച്ചിട്ടുള്ളതെന്നുള്ളതിനു് ചരിത്രലക്ഷ്യങ്ങൾ ഉണ്ടു്. സാമുദായികവും രാഷ്ട്രീയവുമായ കാര്യങ്ങളിൽ അവർ തങ്ങളുടെ ഹൈന്ദവസഹോദരങ്ങളോടു യോജിച്ചുതന്നെ പെരുമാറിയിരുന്നുവെന്നുള്ളതിനു് ഇന്നും സുറിയാനി ക്രിസ്ത്യാനികളുടെ ഇടയിൽ നിലവിലിരിക്കുന്ന ആചാരപരമ്പരകളിൽനിന്നും രാജകീയബഹുമതികളിൽനിന്നുമൊക്കെ അനുമാനിക്കാവുന്നതാണു്. എന്നാൽ വിദ്യാഭ്യാസം തങ്ങളുടെമാത്രം ജന്മാവകാശമായി കരുതിയിരുന്ന നമ്പൂതിരിമാർ ഇതരമതാവലംബികളിൽ അതു ചെന്നു ലയിക്കാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നിരിക്കണം. ഗുരുകുലരീതിമാത്രം നിലവിലിരുന്ന പ്രാചീനകാലത്തു് തീണ്ടൽ തുടങ്ങിയുള്ള അനാചാരങ്ങൾ ക്രിസ്ത്യാനികളെ വിദ്യാഭ്യാസവശത്തുനി

ന്നും അകത്തിനിറുത്തിയെന്നും വരാം. ഏതായാലും ആദിമക്രിസ്ത്യാനികൾ ഭാഷാസേവനത്തിൽ പിന്നോക്കം നിന്നിരുന്നെങ്കിൽ അതു് വിദ്യാഭ്യാസപരമായി അവർക്കുണ്ടായിരുന്ന അവശതകൊണ്ടായിരുന്നു എന്നൂഹിക്കുന്നതിൽ തെററില്ല.

### പാറേമ്മാക്കൽ ഗോവർണ്ണദോർ

സാഹിത്യഭക്തരായിരുന്ന ചില ക്രിസ്ത്യാനികൾ കാലത്തിന്റെ മറവിൽ അജ്ഞാതരായിക്കഴിയുന്നുണ്ടെന്നു് ചില ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നുണ്ടു്. അക്കാര്യം എങ്ങനെയായിരുന്നാലും 18-ാം ശതകത്തിൽ ജീവിച്ചിരുന്ന പാറേമ്മാക്കൽ ഗോവർണ്ണദോരച്ചൻ ഉൽകൃഷ്ടമായ നിലയിൽ സാഹിത്യസേവനം നടത്തിയിട്ടുണ്ടെന്നുള്ളതു് നമുക്കു് അഭിമാനാവഹമാണു്. മീനച്ചിൽ താലൂക്കിൽ കടനാട്ടുസ്വദേശിയായ ഇദ്ദേഹത്തിന്റെ സ്മാരകനഗരത്തിൽവച്ചാണു് ക. കോൺഗ്രസ്സിന്റെ 24-ാമത്തു സമ്മേളനം രാമപുരത്തുവച്ചു് നടന്നിട്ടുള്ളതെന്നുള്ള വസ്തുത വായനക്കാർ അനുസ്മരിക്കുമല്ലോ. അക്കാലത്തു് അത്ര എളുപ്പമല്ലായിരുന്ന പാശ്ചാത്യപര്യടനത്തിനുള്ള ഭാഗ്യം ഇദ്ദേഹത്തിനു് സിദ്ധിച്ചുവെന്ന വസ്തുത പ്രത്യേകം പ്രസ്താവ്യമാണു്. തന്റെ സഞ്ചാരവേളയിൽ ലഭിച്ച വിവരങ്ങളും മററും സമാഹരിച്ചു് ബഹുമാനപ്പെട്ട ഗോവർണ്ണദോരച്ചൻ രചിച്ചിട്ടുള്ള ഗ്രന്ഥമാണു് വർത്തമാനപ്പുസ്തകം. ഇതിന്റെ മുഴുവൻഭാഗവും മുദ്രണംചെയ്തിട്ടുണ്ടോ എന്നറിഞ്ഞിട്ടില്ല. ഏതായാലും ആദ്യഭാഗം പ്രസിദ്ധം ചെയ്തിട്ടുണ്ടു്. സാഗരതരംഗങ്ങളെ മുറിച്ചു പാഞ്ഞുകൊണ്ടിരിക്കുന്ന കപ്പലിൽ വച്ചു് ഇദ്ദേഹം ഗ്രന്ഥരചനയിൽ ഏർപ്പെട്ടിരുന്നിരിക്കണമെന്നു് ചില ചരിത്രകാരന്മാർ പറയുന്നു. ഏതായാലും വിദേശമേലധ്യക്ഷന്മാരിൽനിന്നു് നസ്രാണികൾക്കു സ്വാതന്ത്ര്യം ലഭിക്കുവാൻ അത്യദ്ധ്വാനം ചെയ്തിട്ടുള്ള ഇദ്ദേഹം ഭാഷാപരിപോഷണത്തിലും ഗണ്യമായി പ്രവർത്തിച്ചിട്ടുണ്ടെന്നുള്ളതു് നിർവ്വിവാദമാണു്.

വർത്തമാനപ്പുസ്തകം കൂടാതെ വേറെയും ചില കൃതികളും ലേഖനങ്ങളും ബ. ഗോവർണ്ണദോരാൽ വിരചിതമായിട്ടുണ്ടു്. എന്നാൽ അവയൊന്നുംതന്നെ മുദ്രണശാലയിൽ കയറുകയോ, വെളിച്ചത്തു വരികയോ ചെയ്തിട്ടില്ല എന്നുള്ളതു് ശോചനീയമായിരിക്കുന്നു. ഇദ്ദേഹത്തിന്റെ കാലത്തു് അച്ചടി സാമാന്യം നടപ്പിലിരുന്നിട്ടും പ്രസ്തുത ഗ്രന്ഥങ്ങൾ ഇങ്ങനെ അജ്ഞാതമായിപ്പോയതു് എന്തുകൊണ്ടാണോ? തനി മലയാളത്തിൽ റോമിൽ അച്ചടിച്ച ചില ലേഖനങ്ങളും, ഇവിടെ ഒരച്ചടിശാലയുണ്ടാകുന്നതിനു് റോമിൽത്തന്നെ വാർത്തെടുത്ത അക്ഷരങ്ങളും, തങ്ങളുടെ പര്യടനവേളയിൽ കൊണ്ടുവന്നിരുന്നതായി അദ്ദേഹം വർത്തമാനപ്പുസ്തകത്തിൽ പ്രസ്താവിക്കുന്നുണ്ടു്. ഏവംവിധം പ്രസിദ്ധീകരണവിഷയകമായും അദ്ദേഹത്തിന്റെ ഭാഷാസേവനം പ്രത്യേകം പരിഗണനാർഹമാണു്.

### കട്ടക്കയവും വറുഗീസ് മാപ്പിളയും

അടുത്ത വീക്ഷണത്തിൽ ക്രിസ്ത്യാനികളുടെ അഭിമാനഭാജനങ്ങളായിപ്പരിലസിക്കുന്ന രണ്ടു വിശിഷ്ടവ്യക്തികളാണിവർ. ഇന്നു ചെറുകഥകൾക്കെന്നതുപോലെ മഹാകാവ്യത്തിനു "മാക്കററു"യന്ന ആ കാലയളവിൽ ഒരു മഹാകവിപ്പട്ടമാർജ്ജിച്ചുകൊൾവാൻ പലരും തൂലികയെടുത്തിട്ടുണ്ടു്. എന്നാൽ അക്കൃതഹസ്തങ്ങളിൽച്ചേർന്നവയെല്ലാം വികൃതരൂപം പ്രാപിക്കുകയേ ചെയ്തുള്ളു. പല മഹാകാവ്യങ്ങളുടെ പരിഗണനാവിധിയിൽത്തന്നെ കടന്നുനില്ക്കാൻ കഴിവുള്ള "ശ്രീയേശുവിജയം" വിരചിച്ച നമ്മുടെ കവിസാർവ്വഭൗമൻ "കട്ടക്കയ"ത്തെ, ഏതൊരു ഭാഷാഭിമാനിയാണു് വിസ്മരിക്കുക. നരകുലസമുദ്ധാരണാർത്ഥം അവതാരംചെയ്ത ദിവ്യനാഥന്റെ അപദാനങ്ങൾ ആ മഹാകാവ്യപരിധിയിൽ നമുക്കു സജ്ജീകരിച്ചുതന്ന ഇദ്ദേഹത്തോടു നാം എന്നെന്നും കടപ്പെട്ടവർതന്നെ; സംശയമില്ല.

ഗ്രന്ഥരചനാവിഷയത്തിൽ മുന്നിട്ടിറങ്ങിയില്ലെങ്കിലും ഇന്നു് പേരുംപെരുമയുമാർജ്ജിച്ചിട്ടുള്ള ഒട്ടേറെ ഗ്രന്ഥകാരന്മാരെ രംഗപ്രവേശംചെയ്യിച്ചും പ്രോത്സാഹനമരുളിയ ഔദാര്യനിധിയായ ശ്രീകണ്ഠത്തിൽ വറുഗീസുമാപ്പിള അഗ്രഗണ്യനായ ഒരു സാഹിത്യഭക്തനാണു്. ആകരത്തിൽ കിടക്കുന്ന രത്നങ്ങളെ തേടിപ്പിടിച്ചു് തേച്ചുമിനുക്കാൻ അദ്ദേഹം സഹിച്ചിട്ടുള്ള ക്ലേശങ്ങൾ ചില്ലറയല്ല. കേരളകാളിദാസൻ തുടങ്ങിയ സാഹിത്യചക്രവർത്തിമാരുടെ മുക്തകണ്ഠമായ പ്രശംസയ്ക്കു പാത്രീഭൂതനായ ഇദ്ദേഹത്തിന്റെ നാമധേയംമാത്രം മതിയാകും ക്രിസ്ത്യാനികളുടെ ഭാഷാസേവനത്തെ ഉദാഹരിക്കുവാൻ. "ഭാഷാപോഷിണി"യിലോ "മനോരമ"യിലോകൂടെ വെളിച്ചത്തുവരാത്ത ഒരൊററ ലേഖകനോ, കവിയോ അന്നു് കേരളക്കരയിലുണ്ടായിരിക്കുകയില്ല. കേവലം ധനാർജ്ജനത്തിനോ, സ്വാർത്ഥലാഭത്തിനോമാത്രം വേണ്ടി പ്രയത്നിക്കുന്ന ഇന്നത്തെ പത്രപ്രവർത്തകർ അടിയിൽ വരച്ചു് ആവർത്തിച്ചു പഠിക്കേണ്ട ഒരു വസ്തുതയാണിതു്. എണ്ണത്തിലും വണ്ണത്തിലും ഇന്നു പത്രമാസികകൾ അഭിവൃദ്ധി പ്രാപിച്ചുവരുന്നുണ്ടു്. പക്ഷേ, അന്നത്തെ ഭാഷാപോഷിണിയുടെ പ്രവർത്തനമാനദണ്ഡംവച്ചു് അളക്കപ്പെടുവാൻ അർഹതയുള്ളവ കേവലം അംഗുലിപരിമിതമത്രെ.

### ആധുനികസ്ഥിതി

വെറുമൊരു വിഹഗവീക്ഷണംമാത്രമേ ഇതിനുപരി നിർവ്വഹിച്ചിട്ടുള്ളു. ആധുനികസാഹിത്യവേദിയിൽ വന്നുചേരുമ്പോൾ ഒട്ടേറെ യാഥാർത്ഥ്യങ്ങൾ നമ്മെ തുറിച്ചുനോക്കുന്നുണ്ടു്. ആദ്യമായി ഞാൻ ഭാഷാഭിമാനികളുടെമുമ്പിൽ ഉന്നയിക്കുന്ന ഒരു പ്രശ്നം, ഇന്നു സാഹിത്യത്തിന്റെ നില വ്യാവസായികമോ കലാത്മകമോ ഏതാണെന്നാണു്. "വാളെടുത്തവനെല്ലാം വെളിച്ചപ്പാടു്," എന്ന മട്ടിലാണു് ഇന്നു സാഹിത്യകാരന്മാർ രംഗപ്രവേശം ചെയ്യുന്നതു്. പലരും പലതും എഴുതിക്കൂട്ടുന്നു, മുദ്രണശാല അവ അച്ചടിച്ചിറക്കുകയും. എന്തെങ്കിലും എഴുതിക്കൂട്ടണം. ആളുകൾ വാങ്ങിക്കണം. പണമുണ്ടാകണം. ഇതിൽ കവിഞ്ഞ ലക്ഷ്യമൊന്നും ആധുനികലേഖകന്മാരിൽ പലർക്കുമുണ്ടെന്നു തോന്നുന്നില്ല. മനുഷ്യന്റെ വികാരങ്ങളെ ക്ഷതപ്പെടുത്തി, അവന്റെ ആദർശനിഷ്ഠയെ ബലികഴിക്കുവാനുതകുന്ന എത്രയോ ഗ്രന്ഥങ്ങൾ ഇന്നു പുസ്തകശാലകളിൽ നിറഞ്ഞിട്ടുണ്ടെന്നു കണക്കില്ല. പുരോഗമനത്തിന്റെ പേരിൽ കലാകാരന്മാർ കാട്ടിക്കൂട്ടുന്ന വിക്രിയകൾ!

### തൂലികായോധനം

ഈ തിക്കിലും തിരക്കിലും പെട്ടു ക്രൈസ്തവതത്വസംഹിതകൾ വിസ്മരിക്കപ്പെടുവാനോ, ബലഹീനമാക്കപ്പെടുവാനോ നിവൃത്തിയില്ല. കമ്മ്യൂണിസത്തോടു സന്ധിയില്ലാത്ത സമരത്തിനു തയ്യാറായിരിക്കുന്ന നാം അതിന്റെ ജിഹ്വയായ ആഭാസസാഹിത്യത്തിന്റെ നേരെ തൂലികായോധനം നടത്താതെ നിവൃത്തിയില്ല. ക്രൈസ്തവനാമധാരികളായ ചില സാഹിത്യകാരന്മാർ ആഭാസമയവും, അശ്ലീലവുമായ ഗ്രന്ഥരചനയിൽ വ്യാപൃതരായിരിക്കുന്നതു വിലപനീയമത്രെ. അവ വായിക്കരുതെന്നു എത്ര ഗംഭീരമായ കല്പനകൾ നല്കിയാലും ഫലപ്പെടുമെന്നു തോന്നുന്നുമില്ല. കൈയിൽ കിട്ടുന്ന വിപ്ലവഗ്രന്ഥങ്ങൾ മുഴുവൻ ചുട്ടെരിച്ചാലും ആ പ്രസ്ഥാനത്തെ നിർമ്മൂലമാക്കുക സാദ്ധ്യമല്ലതന്നെ. പിന്നെ എന്താണു് ഇവിടെ കരണീയമായിട്ടുള്ളതു്?

"തിന്മയെ നന്മകൊണ്ടെതിർക്കുക"യെന്നതാണല്ലോ നമ്മുടെ വിശ്വാസതത്വങ്ങളുടെ ബലിഷ്ഠതയുള്ള നിദാനം. ആദർശസുന്ദരവും സേവനാത്മകവുമായ അനവധി ഇതിവൃത്തങ്ങൾ നമുക്കുണ്ടു്. അവയെ ഹൃദ്യവും ആഹ്ലാദാത്മകവുമായ സാഹിത്യസത്തായി രൂപപ്പെടുത്തി രംഗപ്രവേശം ചെയ്യിക്കണം. എണ്ണത്തിലും വണ്ണത്തിലും പു. സാ. ഗ്രന്ഥാലയങ്ങളെ ജയിക്കത്തക്ക, വായനശാലകൾ നമുക്കു വളരെയുണ്ടാകണം. കഴിവും വാസനയുമുള്ള സാഹിത്യഭക്തന്മാർ സഹർഷം തൂലികയെടുക്കട്ടെ. അവർ അലസമായിരിക്കാനുള്ള അവസരം ഇതല്ല. ദൈവദത്തമായ അനുഗ്രഹങ്ങൾ യഥോചിതം വിനിയോഗിക്കുവാൻ ഓരോരുത്തർക്കുമർഹതയുണ്ടു്. സാഹിത്യസേവനം, പട്ടിണിയുടെ പര്യായമാണെന്നു പറഞ്ഞു് അതിൽനിന്നു് ഓടിയകലുന്നവർ ഒട്ടേറെയുണ്ടു്. ജീവിതത്തിന്റെ പ്രായോഗികവശം അവരെ അതിനു പ്രേരിപ്പിക്കുന്നു. പക്ഷെ, ആന്തരികപ്രചോദനങ്ങളെ — മനസ്സാക്ഷിയുടെ സ്വരത്തെ — നാം വിഗണിക്കുവാൻ പാടില്ല.

ബയണാററിന്റെയോ പീരങ്കിയുടെയോ മുമ്പിൽ കയറിച്ചെല്ലുന്നതുപോലെയുള്ള ഒരാത്മധൈര്യം ആഭാസതൂലികയെ നേരിടുവാൻ നമുക്കുണ്ടാകണം. അങ്ങനെ ഒരു തൂലികാസമരം ഇന്നു് അനിവാര്യമായി വന്നിരിക്കുകയാണു്. സന്മാർഗ്ഗതത്വങ്ങളെ വിലമതിക്കുന്ന തൂലികാസുഹൃത്തുക്കളുടെ പരിഗണനയ്ക്കു സമർപ്പിക്കപ്പെട്ടിരിക്കുന്ന ഒരു സജീവപ്രശ്നമാണിതു്.

### പത്രപ്രവർത്തകരും പ്രസ്സുടമസ്ഥരും

ഇത്രമാത്രംകൊണ്ടു നമ്മുടെ പ്രതിരോധനടപടികൾ പ്രബലപ്പെടുന്നില്ല. ഇന്നു മലയാളക്കരയിൽ ഒട്ടേറെ അച്ചടിശാലകളുണ്ടു്. പ്രസിദ്ധീകരണങ്ങളുണ്ടു്. അവയിലധികവും ഏതാദർശത്തിനുവേണ്ടി നിലകൊള്ളുന്നു? പണസമ്പാദനത്തിൽ കവിഞ്ഞു് എന്തെങ്കിലും ഉദ്ദേശമുണ്ടോ എന്നൊരു സ്വയംപരിശോധനനടത്തുന്നതുകൊള്ളാം. യഥാർത്ഥസാഹിത്യകാരന്മാരെ പ്രോത്സാഹിപ്പിക്കുക. കൈയിൽക്കിട്ടുന്ന "കാട്ടും കരട്ടും" അച്ചടിച്ചുതള്ളാതെ നിഷ്കൃഷ്ടമായിപരിശോധിക്കുക. അശ്ലീലകൃതികൾ അറബിക്കടലിൽ കെട്ടിത്താഴ്ത്തുവാൻതന്നെ പ്രസ്സുടമസ്ഥന്മാർക്കു സാധിക്കും. അവരും ഉണർന്നു പ്രവർത്തിക്കേണ്ടകാലം അതിക്രമിച്ചിരിക്കുന്നു.

### സാമൂഹ്യസംഘടനകൾ

സാമൂഹ്യസംഘടനകൾക്കു് ഇക്കാര്യത്തിൽ വളരെയൊക്കെചെയ്യുവാൻ കഴിയും; ഉത്തമഗ്രന്ഥങ്ങളുടെയും, പത്രമാസികകളുടെയും പ്രചരണത്തിനു ഹൃദയപൂർവ്വം പ്രയത്നിക്കുക. സാഹിത്യസമ്മേളനങ്ങൾ നടത്തി യഥാർത്ഥമായ കലാസൗന്ദര്യം എന്താണെന്നു ജനങ്ങളെ മനസ്സിലാക്കുക. സംഗീതം, നൃത്തം, അഭിനയം മുതലായ കലകളിൽ വാസനയുള്ളവർക്കു യഥോചിതം പ്രോത്സാഹനങ്ങൾ നൽകുക, എന്നിവ തികച്ചും അപരിത്യാജ്യമാണു്. സാഹിത്യം ഒരു ജീവൽപ്രശ്നമാണു്. അതു സാമുദായികോൽക്കർഷത്തിന്റെ ചരടുപിടിക്കുന്നുവെന്നുള്ള ബോധം സാമാന്യജനങ്ങളിലുണ്ടാക്കിക്കൊടുക്കണം. വല്ലതുമൊരു പുസ്തകം വായിച്ചാലെന്താണു്? അതു് അപ്പോഴേ മറന്നല്ലോ എന്നു വിചാരിക്കുന്നവർ വളരെയുണ്ടു്. പക്ഷെ ഹൃദയത്തിൽ മായാത്ത ചിത്രങ്ങൾ ഉല്ലേഖനംചെയ്തിട്ടേ ഏതൊരു ഗ്രന്ഥവും നമ്മുടെ മുമ്പിൽനിന്നു നീങ്ങുന്നുള്ളു. ഈ പരമാർത്ഥം എല്ലാവരും ശരിക്കു മനസ്സിലാക്കുകയും, ജനങ്ങളുടെ കലാപരമായ പ്രവണതകളെ തൃപ്തിപ്പെടുത്തുവാൻ ആവശ്യമുള്ളിടത്തോളം സൽപ്രസിദ്ധീകരണങ്ങൾ ശേഖരിച്ചുകൊടുക്കുകയും ചെയ്യുവാൻ സാമൂഹ്യസംഘടനകൾ മുൻകൈയെടുത്തു പ്രവർത്തിക്കണം. കേരളക്കരയിലെ ക്രിസ്തീയസംഘടനകളുടെ ശ്രദ്ധ ഇക്കാര്യത്തിൽ പ്രത്യേകം പതിയേണ്ടിയിരിക്കുന്നു.

### ഭാരതത്തിലെ ക്രൈസ്തവകേന്ദ്രം

സ്വതന്ത്രഭാരതത്തിന്റെ ഒരു സജീവഘടകമാണു കേരളം. ഇൻഡ്യയിൽ മറെറല്ലാഭാഗത്തെയുംകാൾ ക്രിസ്ത്യാനികൾക്കു പ്രാബല്യവും പ്രാവീണ്യവുമുള്ളതും ഇന്നാട്ടിലാണു്. ഇതരഭാഗങ്ങളിൽ ക്രിസ്തീയ വെളിച്ചം വ്യാപിപ്പിക്കുന്നതിലും നാം ഉററു ശ്രമിച്ചിട്ടുണ്ടു്. ശ്രമിക്കുന്നുമുണ്ടു്. എന്നാൽ നമ്മുടെ വിശ്വാസവെളിച്ചത്തെ ആവരണംചെയ്യുവാൻ അടുത്തെടുക്കുന്ന കൂരിരുൾക്കോട്ടകൾ തട്ടിത്തകർക്കുവാൻ നാം ബാദ്ധ്യസ്ഥരാണു്. പ്രചരണതന്ത്രങ്ങളും, പ്രതിപാദനവൈചിത്ര്യങ്ങളുംകൊണ്ടു ജനതതിയെ നയിക്കുന്ന ആധുനികലോകത്തിൽസാഹിത്യപ്രവർത്തനങ്ങൾക്കു സജീവമായസ്ഥാനവുമുണ്ടു്. അതിനാൽ നമുക്കുഉററുശ്രമിക്കാം. സാഹിത്യരംഗങ്ങളിൽ സജീവമായിപ്രവർത്തിച്ചിരുന്ന നമ്മുടെപൂർവ്വികരുടെ കാലടികളെഅനുഗമിക്കാം; അനുകരിക്കാം. ക്രൈസ്തവസാഹിത്യത്തിന്റെ ഉറവുകൾ കേരളക്കരയിൽനിന്നു ഭാരതത്തിന്റെ ഇതരഭാഗങ്ങളിലേക്കു പ്രവഹിക്കട്ടെ.

---

ഗ്രാമോദ്ധാരണപക്തി

# വാഴരോഗം

(ശ്രീ ഈ. ജാൺ ഫിലിപ്പോസ്)

പുരാതനകാലംമുതൽ നമ്മുടെനാട്ടിൽ സർവ്വസാധാരണമായി ചെയ്തുവരുന്ന ഒരു കൃഷിയാണു വാഴകൃഷി. കേരളത്തിലെ ഏതുവീടിനുചുററും നോക്കിയാലും കുറെ വാഴകൾ കാണാതിരിക്കയില്ല. വലിയ തോട്ടങ്ങളുടെരീതിയിൽ പ്രത്യേകം കൃഷിചെയ്തുവരുന്നില്ലെങ്കിലും കേരളം ഒട്ടാകെയുള്ള പറമ്പുകളിലെ ഒരു പ്രധാന കൃഷിയാണു് വാഴ.

വാഴപ്പഴവും കറിക്കു് ഉപയോഗിക്കുന്ന പച്ചക്കായ്കളും നമ്മുടെ വീടുകളിലെ നിത്യാവശ്യങ്ങൾക്കു വേണ്ടതാണു്. തെങ്ങിന്റേതുപോലെ വാഴയുടെ എല്ലാ ഭാഗങ്ങളും നമുക്കു് ഉപയോഗമുള്ളതാണു്. കായ്, പിണ്ടി, കൂമ്പു്, ചില സമയം കിഴങ്ങും മനുഷ്യർ ഭക്ഷിക്കുന്നു. ഊണിനു് പ്രത്യേകിച്ചു സദ്യകൾക്കു വാഴയിലകൂടാതെ കഴിയുകയില്ല. പുറത്തെ പോളകൾ ഉണക്കി നാരു് എടുത്തു് ഉപയോഗിക്കുന്നു. വലിയ ചെലവില്ലാതെ വീടിനുചുററുംവളത്തുന്ന വാഴകളിൽനിന്നു ആദായവും ലഭിക്കുന്നുണ്ടു്. തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തിലെ വാഴകൃഷിയിൽനിന്നും ആണ്ടുതോറും ഉദ്ദേശം ആറുകോടി രൂപയുടെ ആദായം ഉണ്ടാകുന്നു എന്നു കണക്കാക്കിയിരിക്കുന്നു.

ഇത്ര പ്രധാനമായ നമ്മുടെ വാഴകൃഷി ഈ അടുത്തകാലംവരെ യാതൊരു ഉപദ്രവവും കേടും കൂടാതെ നടന്നുവന്നു. എന്നാൽ ഉദ്ദേശം എട്ടുവർഷങ്ങൾക്കു മുമ്പേ പണ്ടെങ്ങും കേട്ടിട്ടില്ലാത്ത ഒരുവിധം വാഴരോഗം കോട്ടയം പട്ടണത്തിൽ ആദ്യമായി കാണപ്പെട്ടു. ഇംഗ്ലീഷിൽ "Bunchy Top" എന്നും മലയാളത്തിൽ "മണ്ടതടിപ്പ്" അല്ലെങ്കിൽ "കുറുനാമ്പ്" എന്നും വിളിച്ചുവരുന്ന മഹാരോഗമാണു് ഇതു്. വാഴകളെ കൂട്ടത്തോടെനശിപ്പിക്കുവാൻശക്തിയുള്ളഈ രോഗത്തെപ്പററിയും അതിനെ തടയുവാൻ വേണ്ടുന്ന മാർഗ്ഗങ്ങളെപ്പററിയും എല്ലാവരും അറിയേണ്ടതു് അത്യാവശ്യമാണു്. "Bunchy Top" ആദ്യമായി കാണപ്പെട്ടതു് "Fiji" ദ്വീപുകളിലാണു്. 1913-ൽ ഈ രോഗം സിലോണിൽ പടന്നുപിടിച്ചു. ആസ്ത്രേലിയായിൽ New South Wales, Queensland, എന്നിവിടങ്ങളിൽ ഈ രോഗം പിടിപെടുകയാൽ ആ പ്രദേശങ്ങളിലെ വാഴകൃഷി മുഴുവൻ നശിച്ചുപോയി. ആ രാജ്യങ്ങളിൽ ഈ രോഗം പിടിപെട്ടു് വലിയ നാശം സംഭവിച്ചപ്പോൾ അവിടെയുള്ള ശാസ്ത്രജ്ഞന്മാരും ഗവമെണ്ടും ഇതിനെ തടയുവാനുള്ള പല ശ്രമങ്ങളും നടത്തി. എന്നാൽ ഇതുവരെയും ഈ രോഗം ഭേദപ്പെടുത്തുവാനുള്ള മരുന്നുകളോ മാർഗ്ഗങ്ങളോ കണ്ടുപിടിക്കുവാൻ ആർക്കും കഴിഞ്ഞിട്ടില്ല. എന്നിരുന്നാലും രോഗലക്ഷണങ്ങൾ മനസ്സിലാക്കി അതു് അധികം സ്ഥലങ്ങളിൽ പടന്നുപിടിക്കാതിരിക്കുവാനുള്ള നിവാരണമാർഗ്ഗങ്ങൾ കണ്ടുപിടിച്ചു ഫലപ്രദമായി ഉപയോഗിക്കുവാൻ അവർക്കു കഴിഞ്ഞിട്ടുണ്ടു്. രോഗം തുടങ്ങുമ്പോഴെ വാഴ വെട്ടി ചുട്ടു് രോഗാണുക്കളെ കൊല്ലുന്നതുകൊണ്ടുമാത്രമേ ഈ രോഗത്തെ തടയുവാൻ സാധിക്കയുള്ളു.

ഈ മഹാരോഗം കോട്ടയത്തു പിടിപെട്ടതായി അറിഞ്ഞപ്പോൾമുതൽ ഇതിനെ തടയുവാനുള്ള ശ്രമങ്ങൾ നമ്മുടെ ഗവമെണ്ടിൽനിന്നും തുടങ്ങി. എന്നാൽ ഈ ശ്രമങ്ങൾ വേണ്ടപോലെ സഫലമാകാതെവരികയും തന്നിമിത്തം ഈ രോഗം കോട്ടയത്തുനിന്നു് അടുത്ത താലൂക്കുകളിലേക്കു് പടന്നുപിടിക്കയും ഇപ്പോൾ ഏതാണ്ടു് തിരുവനന്തപുരം മുതൽ വടക്കോട്ടു് എറണാകുളംവരെ വ്യാപിക്കുകയും ചെയ്തിരിക്കുന്നു. ഏത്തവാഴകൃഷിക്കു് പ്രസിദ്ധപ്പെട്ട ചങ്ങനാശ്ശേരി മുതലായ പ്രദേശങ്ങളിൽ വാഴകൃഷി മിക്കവാറും നശിച്ചു. ഏത്തവാഴ, പാളയൻകോടൻ, കണ്ണൻ, ചിങ്ങൻ, മൊന്തൻ, കദളി മുതലായ എല്ലാത്തരം വാഴകളും ഈ രോഗംനിമിത്തം ഒരുപോലെ നശിക്കുന്നുണ്ടു്.

ഈ രോഗത്തിന്റെ ഗൗരവം ജനങ്ങൾ, പ്രത്യേകിച്ചു കൃഷിക്കാർ മനസ്സി

ലാക്കി യഥാസമയം നിവാരണനടപടികൾ ആരംഭിച്ചെങ്കിൽമാത്രമേ ഇതിനെ ഫലപ്രദമായി തടയുവാൻ സാധിക്കയുള്ളു. രോഗംപിടിപെട്ട് സ്വന്തപറമ്പിൽനില്ക്കുന്നവാഴകളെ അപ്പഴപ്പോൾ വെട്ടി നശിപ്പിക്കാത്തതുകൊണ്ടാണ് അയൽപക്കത്തും അടുത്ത ദേശങ്ങളിലുമുള്ള വാഴകൃഷി മുഴുവൻ നശിക്കാൻ ഇടയാകുന്നതു്. ഇനിയും ഇതു് പടന്നുപിടിക്കുവാൻ അനുവദിക്കുന്നപക്ഷം അടുത്തഭാവിയിൽ നമ്മുടെനാട്ടിലെ വാഴകൃഷി നിശ്ശേഷം നശിക്കുവാൻ ഇടയാകുന്നതും അതിൻെറ ഫലം നാടിനു് പൊതുവേ അനുഭവിക്കേണ്ടതായി വരുന്നതുമാകുന്നു. അതിനാൽ ഭയങ്കരമായ ഈ നാശത്തിൽനിന്നും നാടിനെ രക്ഷിക്കേണ്ട കടമ ഓരോ കൃഷിക്കാരനും പൗരനും ഉള്ളതാണ്.

### രോഗലക്ഷണങ്ങൾ

ഈ രോഗം രണ്ടു വിധത്തിൽ കാണപ്പെടുന്നു. ഒന്നാമതു് രോഗം ബാധിച്ച വാഴകളുടെ മാണത്തിൽനിന്നു് വളന്നുവരുന്ന വാഴത്തൈകളെ ബാധിക്കുന്നതാണ്. ഈ തൈകൾ വളന്നുവരുന്തോറും അവയുടെ ഇലകൾ മുരടിച്ചും, ചെറുതായും കാണപ്പെടുന്നു. മുരടിച്ച അനേകം ഇലകൾ ഒരു കൂട്ടമായി വാഴയുടെ മണ്ടയിൽ കാണപ്പെടുന്നു. ഇതു കാരണമാണ് ഈ രോഗത്തിനു "Bunchy Top" എന്നു പറയുന്നതു്.

വളന്ന വാഴകൾക്കു് ഈ രോഗം ബാധിക്കുമ്പോൾ അവയുടെ ഇലകളിൽ ചില പ്രത്യേകതകൾ കാണപ്പെടുന്നു. തളിരിലകൾ ശരിയായി വിരിയുന്നില്ല. അവയുടെ നിറത്തിലും ചില വ്യത്യാസങ്ങൾ കാണുന്നു. വിരിയാത്ത ചുരുണ്ട ഇലയുടെ അടിഭാഗത്തുള്ള ഞരമ്പിൽ കടുംപച്ചയായ പൊട്ടുകളോ വരകളോ അങ്ങിങ്ങായി കാണാം. ഇലകളുടെ അരികുവശം ചുരുണ്ടുകാണുന്നു. ഇലകൾ കൂടുതൽ ചെറുതായി വരുന്നു. കുലകൾ വരുന്നതായാൽ അവയും വളരെ ശോഷിച്ച കാണപ്പെടും.

### രോഗകാരണങ്ങൾ

ഒരുതരം രോഗാണുക്കൾ (Virus) നിമിത്തമാണ് വാഴയ്ക്കു് ഈ രോഗം പിടിപെടുന്നതു്. വാഴകളിൽ അധിവസിക്കുന്ന ഒരുതരം ചെറുപ്രാണികൾ സുഖക്കേടു പിടിച്ച വാഴകളിൽനിന്നും സുഖക്കേട് ഇല്ലാത്ത വാഴകളിലേക്കു് ഈ രോഗത്തെ പകത്തുന്നു. ഈ രോഗത്തെപ്പററി ശരിയായി അറിവില്ലാതെ രോഗംപിടിച്ച പ്രദേശങ്ങളിൽനിന്നു് വാഴത്തൈകൾ മററു ദിക്കുകളിലേക്കു കൊണ്ടുപോകയും അങ്ങനെ രോഗത്തെ പകത്തുകയും ചെയ്യുന്നു. ഇങ്ങനെ അറിവില്ലാതെ സിലോണിൽനിന്നും വരുത്തിവച്ച ചില വാഴത്തൈകൾമൂലമാണ് കോട്ടയത്തു് ഈ രോഗം തുടങ്ങുവാൻ കാരണം.

### രോഗം തടയുവാനുള്ള മാർഗ്ഗങ്ങൾ

രോഗം പിടിപെട്ടാൽ അതിനെ ഭേദപ്പെടുത്തുന്നതിനു ശരിയായ പ്രതിവിധി ഒരു രാജ്യത്തിലും കണ്ടുപിടിച്ചിട്ടില്ല. രോഗം പിടിച്ച വാഴകൾ വെട്ടി സമൂലം നശിപ്പിക്കതന്നെ വേണം. അതായതു് മാണവും പിണ്ടിയും ഇലയും എല്ലാം പൂർണ്ണമായി നശിപ്പിക്കണം. ഇലയും പിണ്ടിയും വെട്ടി അരിഞ്ഞു വെയിലത്തു ഉണക്കി തീയിട്ടു നശിപ്പിച്ചുകളയണം. വാഴ വെട്ടി മണ്ണിൽ കുഴിച്ചുമൂടിയാൽ രോഗാണുക്കൾ നശിക്കുന്നതല്ല. കൂടാതെ വെട്ടിയ വാഴയുടെ മാണം Mineral Oil ഒഴിച്ചു നശിപ്പിക്കണം. ക്രൂഡോയിലിൻെറമട്ടി ഇതിനു നല്ലതാണ്. വാഴകൾ നശിപ്പിച്ചതിനുശേഷം ചുരുങ്ങിയതു് രണ്ടു കൊല്ലത്തേക്കു് ആ തോട്ടങ്ങളിൽ വാഴകൃഷി ചെയ്യുവാൻ പാടുള്ളതല്ല. ആ കാലങ്ങളിൽ മരച്ചീനി, ചേന, ചേമ്പ്, പച്ചക്കറികൾ മുതലായ കൃഷികൾ അവിടെ ചെയ്യാം. രണ്ടുവർഷം കഴിഞ്ഞതിനുശേഷം രോഗം തീരെ ഇല്ലാത്ത പ്രദേശങ്ങളിൽനിന്നും വാഴത്തൈകൾ വരുത്തി പിന്നേയും വാഴകൃഷി ചെയ്യാം.

ഈ രോഗംമൂലം രാജ്യത്തിനു സംഭവിച്ചുകൊണ്ടിരിക്കുന്ന നാശത്തെ പരിഗണിച്ചു് അതിനെ തടയുന്നതിനുള്ള പദ്ധതികൾ ഗവമ്മെൻറിൽനിന്നും ആലോചിച്ചുവരുന്നുണ്ട്. ഇൻഡ്യൻ കാർഷിക ഗവേഷണസമിതിയിൽനിന്നും ഈ വിഷയത്തിൽ പ്രത്യേകം വൈദഗ്ദ്ധ്യമുള്ള ഡാ. കപൂർ എന്ന ശാസ്ത്രജ്ഞനെ ഇവിടെ വരുത്തി കഴിഞ്ഞ ഏതാനും ദിവസങ്ങളിലായി രോഗബാധിതപ്രദേശങ്ങളിൽ പരിശോധന നടത്തി. അദ്ദേഹത്തിൻെറ നിർദ്ദേശപ്രകാരം രോഗം തടയുന്നതിനുള്ള മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനു് ആവശ്യമായ നടപടികൾ ഗവമ്മെൻറു് ഉടനെ എടുക്കുന്നതാണ്. ഗവമ്മെൻറിൻെറ പ്രവത്തനങ്ങൾ വിജയകരമാകുന്നതിനു പൊതുജനപിൻതുണയും സഹകരണവും അത്യാവശ്യമാണ്. രോഗം ബാധിച്ചതായി സംശയമുള്ള ഒരു വാഴ ആരെങ്കിലും എവിടെവച്ചു കണ്ടാലും ഉടനെ വിവരം ആ വാഴയുടെ ഉടമസ്ഥനെ അറിയിച്ചു് അതിനെ ഉടനടി നശിപ്പിക്കുന്നതു തൻെറ പൗരധർമ്മമാണെന്നു് എല്ലാവരും ധരിക്കേണ്ടതാണ്.

നമുക്കു നേരിട്ടിരിക്കുന്ന ഈ വിപത്തിൻെറ പൂർണ്ണസ്വഭാവം പൊതുജനങ്ങൾ മനസ്സിലാക്കി വേണ്ട പ്രതിവിധികൾ ഉടനടി അനുഷ്ഠിക്കേണ്ടതാണ്. നെല്ലും തെങ്ങും കഴിഞ്ഞാൽ നമുക്കു് ഏററവും വലിയ കൃഷിസമ്പത്തു് വാഴയാണ്. ഇലയും പഴവും വാഴക്കായും ഇല്ലാതെ വന്നാൽ ഈ നാട്ടിലെ സ്ഥിതി എന്തായിരിക്കും. രോഗം പിടിപെട്ട വാഴകളെ ഉടനടി നശിപ്പിച്ചു് മററുള്ളവയെ രക്ഷിക്കുക. ഈരോഗം ശക്തിയായി നാശംചെയ്യുന്ന പ്രദേശങ്ങളിൽ വാഴകൃഷിതന്നെ രണ്ടു വർഷത്തേക്കു് നിർത്തിവയ്ക്കുന്നതു് ഉത്തമമായിരിക്കും. ഈ കാലത്തു മററു് ആദായകരമായ മരച്ചീനി, കിഴങ്ങുവർഗ്ഗങ്ങൾ പച്ചക്കറി മുതലായ കൃഷികൾ നടത്താം. ഈ രോഗത്തെപ്പററിയും അതിനെ തടയേണ്ട മാർഗ്ഗങ്ങളെപ്പററിയും ഗവമ്മെൻറിൽനിന്നും ലഘുലേഖകൾ വിതരണം ചെയ്യുന്നുണ്ട്. അദ്ധ്യാപകന്മാർ സ്കൂളുകളിൽ കുട്ടികളെ ഈ വിഷയത്തെപ്പററി പഠിപ്പിക്കുന്നതും നന്നായിരിക്കും. സിലോണിൽ ഈ രോഗം ഭയങ്കരമായ നാശങ്ങൾ വരുത്തി. എന്നാൽ അവിടത്തെ ഗവമ്മെൻറും കൃഷിക്കാരും ഒത്തൊരുമിച്ചു ചെയ്തപ്രയത്നങ്ങൾനിമിത്തം ഈ രോഗത്തിനു് മിക്കവാറും ശാന്തി ലഭിച്ചു. ഇതുപോലെ നമ്മുടെ രാജ്യത്തും ഗവമ്മെൻറും പൊതുജനങ്ങളും സഹകരിച്ചു് പ്രവത്തനങ്ങൾ നടത്തുന്നതായാൽ ഇവിടെയും ഈ രോഗത്തെ നശിപ്പിച്ചു നമ്മുടെ വാഴകൃഷിയെ രക്ഷിക്കാം. അതിനായി ഞാൻ നിങ്ങളുടെ സഹായസഹകരണങ്ങൾ അപേക്ഷിച്ചുകൊള്ളുന്നു.

(തിരുവനന്തപുരം റേഡിയോനിലയത്തിൽനിന്നും പ്രക്ഷേപണംചെയ്തതു്.)

---

## യാക്കോബായസഭാംഗങ്ങളും

# കത്തോലിക്കാ പുനരൈക്യവും

(ഫാദർ തോമസ് ഇഞ്ചയ്ക്കലോടി)

**II**

പുനരൈക്യപ്രസ്ഥാനാവിർഭാവത്തോടുകൂടെ ഇവിടത്തെ യാക്കോബായസഭാംഗങ്ങളിൽ ബഹുഭൂരിപക്ഷവും കത്തോലിക്കാസഭയെ ആശ്ലേഷിക്കുമെന്നു പ്രതീക്ഷിക്കുകയും, അതിനുവേണ്ടി നിരന്തരം പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്തുകൊണ്ടിരുന്ന കത്തോലിക്കരിൽ പലക്കും, ഇതിനകം പുനരൈക്യപ്പെട്ടിട്ടുള്ളവരുടെ സംഖ്യ സങ്കടത്തിനും നിരാശയ്ക്കും ഇടയാക്കിത്തീർത്തിട്ടുണ്ടെന്നുള്ളതിനു സംശയമില്ല. ഈ അടുത്തകാലത്തു പുനരൈക്യപ്പെട്ടുകൊണ്ടിരിക്കുന്ന യാക്കോബായസഹോദരങ്ങളുടെ സംഖ്യ വളരെ പരിമിതമാണെന്നുള്ളവാസ്തവവും പുനരൈക്യപുരോഗതിയെപ്പററി സംശയിക്കുന്നതിനുപോലും അവരിൽ പലക്കും കാരണമായിത്തീർന്നിട്ടുണ്ട്. ഈദൃശസംശയത്തിനും നിരാശയ്ക്കും അധീനരായിത്തീർന്നിട്ടുള്ള കത്തോലിക്കാസഹോദരന്മാർ ഇവിടത്തെ യാക്കോബായ സഹോദരങ്ങളുടെ മുമ്പിൽ "പുനരൈക്യവീഥിയിലെ വിലങ്ങുതടി"കളായി നിലകൊള്ളുന്ന പ്രതിബന്ധങ്ങൾ ഏവയെല്ലാമെന്നു ഗ്രഹിക്കുന്നതു പ്രയോജനപ്രദമായിരിക്കും. അപ്രകാരംതന്നെ കത്തോലിക്കാ പുനരൈക്യത്തിനുള്ള പ്രതിബന്ധങ്ങളായി പ്രഥമദൃഷ്ടിയിൽ തങ്ങൾക്കു തോന്നുന്നവ കേവലം നിസ്സാരകാരണങ്ങൾ മാത്രമാണെന്നും, ദൈവാശ്രയത്തോടും മനോധൈര്യത്തോടുംകൂടെ പരിശ്രമിച്ചാൽ നിഷ്പ്രയാസം അവയെ തരണംചെയ്യാൻ സാധിക്കുന്നതാണെന്നും ഇവിടത്തെ യാക്കോബായസഹോദരങ്ങൾ ഗ്രഹിക്കുന്നതു് അവരുടെ പുനരൈക്യത്തിനു കൂടുതൽ സഹായകമായി ഭവിക്കുകയും ചെയ്യും. ആകയാൽ പുനരൈക്യപ്രതിബന്ധങ്ങളായി ഇന്നാട്ടിലെ യാക്കോബായ സഹോദരങ്ങൾ സാധാരണമായി ഉന്നയിച്ചുകൊണ്ടിരിക്കുന്ന കാര്യങ്ങൾ ഏവയെല്ലാമെന്നു ചുവടേ ചേർത്തുകൊള്ളുന്നു.

### 1 സ്വാതന്ത്ര്യഭംഗം

കത്തോലിക്കാസഭയിലെ ഒരംഗമായിത്തീർന്നു കഴിഞ്ഞാൽ യഥേഷ്ടം പ്രസംഗിക്കുന്നതിനും, എഴുതുന്നതിനും, ജീവിക്കുന്നതിനും യാക്കോബായ സഭയിലെപ്പോലെയുള്ള സ്വാതന്ത്ര്യം തങ്ങൾക്കു ലഭിക്കുകയില്ലെന്നുള്ള ഭയം ഇന്നാട്ടിലേ പലേ യാക്കോബായ സഹോദരങ്ങളേയും കത്തോലിക്കാസഭാശ്ലേഷണത്തിൽനിന്നും അകററിനിറുത്തിയിരിക്കുന്നതായി പലരുടേയും ലേഖനങ്ങളും പ്രസ്താവനകളും തെളിയിക്കുന്നുണ്ട്. യഥാർത്ഥസ്വാതന്ത്ര്യം എന്താണെന്നു് അറിവാൻ പാടില്ലാത്തതിൻെറയും ദുഃസ്വാതന്ത്ര്യത്തെ യഥാർത്ഥസ്വാതന്ത്ര്യമായി പരിഗണിക്കുന്നതിൻെറയും ഫലമാണ് ഈദൃശഭയമെന്നുള്ളതിനു യാതൊരു സംശയവുമില്ല. വിശ്വാസവും സന്മാർഗ്ഗവും സംബന്ധിച്ചകാര്യങ്ങളിൽ ഓരോ വ്യക്തിയുടേയും ഇഷ്ടാനുസാരം പ്രസംഗിക്കുന്നതിനും പഠിപ്പിക്കുന്നതിനും കത്തോലിക്കാസഭ അനുവാദം നല്കുന്നില്ലെന്നുള്ളതു പരമാർത്ഥംതന്നെ. സത്യസ്വരൂപനും സഭാസ്ഥാപകനുമായ ക്രിസ്തുനാഥൻ അപ്രകാരമുള്ള സ്വാതന്ത്ര്യം നല്കിയിട്ടില്ലാത്തതിനാൽ അവിടുത്തെ ശരീരമായ സഭയും അതിനു് അനുവദിച്ചിട്ടില്ല; അനുവദിക്കയുമില്ല. ഈദൃശസ്വാതന്ത്ര്യം ചില അകത്തോലിക്കാസഭകളിൽ അനുവദിച്ചുകൊടുത്തിട്ടുള്ളതിൻെറ ഫലം എപ്രകാരമായിത്തീർന്നിരിക്കുന്നുവെന്നു് ആ സഭകളുടെ അനുഭവം ലോകസമക്ഷം വിളിച്ചുപറയുന്നുമുണ്ട്.

എന്നാൽ വിശ്വാസവും സന്മാർഗ്ഗവും ഒഴിച്ചുള്ള കാര്യങ്ങളിൽ—വേഷം, ഭാഷ, പ്രാർത്ഥനരീതികൾ, ആചാരനടപടികൾ, റീത്തു്, നൊയമ്പു് എന്നിവയെല്ലാം—കാലദേശവ്യത്യാസമനുസരിച്ചു് അകത്തോലിക്കാസഭാധികാരികൾ നല്കുന്നതിൽ കൂടുതൽ സ്വാതന്ത്ര്യം കത്തോലിക്കാസഭാദ്ധ്യക്ഷന്മാർ നല്കുന്നുണ്ട്. ആകയാൽ കത്തോലിക്കാസഭയോടു പുനരൈക്യപ്പെട്ടാൽ യഥാർത്ഥസ്വാതന്ത്ര്യത്തിനു് ഭംഗംവരുമെന്നുള്ള ഭയം വെറും മിഥ്യാഭയംമാത്രമാണെന്നുള്ളതിനു യാതൊരു സംശയവുമില്ല.

### 2 അഭിമാനക്ഷയം

കത്തോലിക്കാസഭാ പുനരൈക്യംമൂലം തങ്ങളുടെ അഭിമാനത്തിനു കുറവുവരുമെന്നുള്ള ആശങ്കയും സത്യസഭാശ്ലേഷണത്തിൽനിന്നും ഒട്ടനേകം യാക്കോബായ സഭാംഗങ്ങളെ തടഞ്ഞുകൊണ്ടിരിക്കുന്നുണ്ട്. തങ്ങളുടെ ബന്ധുമിത്രങ്ങൾ, സ്നേഹിതന്മാർ, സ്വദേശികൾ ആദിയായവരുടെ അധിക്ഷേപത്തെയോ വിരോധത്തെയോ അഭിമുഖീകരിക്കുന്നതിനുള്ള വൈമനസ്യവും ഭീരുത്വവുമത്രേ മനസ്സാക്ഷിയുടെ പ്രേരണയെ ബലികഴിക്കുവാൻ ഇവരെ പ്രധാനമായി പ്രേരിപ്പിക്കുന്നതു്. കത്തോലിക്കാസഭയുടെ ചരിത്രം, വിശ്വാസവിഷയങ്ങൾ, ഇന്നത്തെ ലോകത്തിൽ അതിനുള്ള സ്ഥാനം എന്നിവയെപ്പററി യാതൊരു വിവരവുമില്ലാത്ത വെറും കിഞ്ചിജ്ഞന്മാർ അസൂയാതിമിരത്താലോ, അധിക്ഷേപാസക്തിയാലോ അതും ഇതും പുലമ്പുന്നെങ്കിൽ മനസ്സാക്ഷിയും ധീരതയുമുള്ളവർ അണുമാത്രം വില അതിനു കല്പിക്കുന്നതല്ല.

പുനരൈക്യപ്രസ്ഥാനാവിർഭാവകാലത്തു അധിക്ഷേപശരങ്ങൾ ധാരാളം പ്രയോഗിച്ചുകൊണ്ടിരുന്ന പലരും യഥാർത്ഥസത്യം ബോധപ്പെട്ടു് ഇതിനകം കത്തോലിക്കാസഭയെ ആശ്ലേഷിച്ചുകഴിഞ്ഞിട്ടുണ്ടെന്നും, ബാക്കിയുള്ളവർ പുനരൈക്യപുരോഗതിയെ തടയുവാൻ സാദ്ധ്യമല്ലെന്നു മനസ്സിലാക്കിയതിൻെറ ഫലമായി ഇപ്പോൾ മൗനാവലംബികളായിത്തീർന്നിരിക്കയാണെന്നും മററുമുള്ള പരമാർത്ഥം അറിയാവുന്നവർ പുനരൈക്യപ്പെടുന്നവരെ അധിക്ഷേപിക്കുവാൻ ഇനിയും ധൈര്യപ്പെടുന്നതല്ല. അഥവാ, അധിക്ഷേപിക്കുന്നതിനോ ഉപദ്രവിക്കുന്നതിനോ അവർ മുതിരുന്നപക്ഷവും ക്ഷമാപൂർവ്വം അവയെ സഹിക്കുന്നതിനുള്ള സന്നദ്ധതയും ഒരു യഥാർത്ഥക്രൈസ്തവനു് ഉണ്ടായിരിക്കേണ്ടതാണ്. കാരണം, "ഞാൻ നിമിത്തം നിങ്ങളെ നിന്ദിക്കുകയും ഉപദ്രവിക്കുകയും സകല തിന്മകളും നിങ്ങളുടെമേൽ വ്യാജമായി ആരോപിക്കുകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ. സ്വർഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതാകകൊണ്ടു് സന്തോഷിച്ചു് ഉല്ലസിപ്പിൻ" (മത്തായി. 5. 11. 12) എന്നാണല്ലോ സഭാസ്ഥാപകനായ ക്രിസ്തുനാഥൻ അരുൾചെയ്തിരിക്കുന്നതു്. ആകയാൽ മനസ്സാക്ഷിയുടെ പ്രേരണയെ ആദരിക്കുകയും സത്യസഭയെ ആശ്ലേഷിക്കുകയും ചെയ്യുന്നതുമൂലം നേരിടേണ്ടിവരുന്ന ഈദൃശകുരിശുകളെ ക്രിസ്തുവിനെപ്രതി ക്ഷമാപൂർവ്വം സഹിക്കുവാൻ സന്നദ്ധതയുള്ള ഒരുവനു് കത്തോലിക്കാപുനരൈക്യം ക്ഷിപ്രസാദ്ധ്യമായിത്തീരുന്നതാണ്.

### 3. വ്യക്തിവിദ്വേഷം

ചില പ്രത്യേകവ്യക്തികൾ കത്തോലിക്കാസഭയോടു പുനരൈക്യപ്പെട്ടതുമൂലമോ അവക്കു പ്രസ്തുതസഭയിൽ ചില സ്ഥാനങ്ങൾ ലഭിച്ചിരിക്കുന്നതുനിമിത്തമോ കത്തോലിക്കാസഭാ പുനരൈക്യത്തിനു വൈമനസ്യം പ്രകടിപ്പിക്കുന്ന ഒട്ടനേകർ ഇവിടത്തെ യാക്കോബായസഭയിലുണ്ടെന്നുള്ളതു് സങ്കടജനകമായ ഒരു പരമാർത്ഥമത്രേ. "ഇന്ന മെത്രാൻ അഥവാ വൈദികൻ അല്ലെങ്കിൽ അദ്ദേഹനി ചേർന്നിരിക്കുന്ന സഭയിൽ—ആ സഭ എത്ര നല്ല സഭയായിരുന്നാലും—അതിൽ ചേരുവാൻ ഞാൻ തയ്യാറില്ല." എന്നു പരസ്യമായിപ്പോലും പറയുവാൻ ധൈര്യപ്പെടുന്ന അനേകരെ കാണുവാൻ ഈ ലേഖകനും സാധിച്ചിട്ടുണ്ട്. കത്തോലിക്കാപുനരൈക്യത്തിനുള്ള വിലങ്ങുതടിയായി ഇവരുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ടിരിക്കുന്നതു കേവലം വ്യക്തിവിദ്വേഷം മാത്രമാണ്.

45 കോടി ജനങ്ങളേയും 10 ലക്ഷത്തോളം വൈദികന്മാരെയും 3000-ത്തോളം മെത്രാന്മാരെയും ഉൾക്കൊള്ളു

(ശേഷം 10-ാംപേജിൽ)


For favours received



K. P. Isaac, Iritty

# മതവും സംസ്കാരവും

(ഫാദർ തോമസ് കൊച്ചുയ്യങ്കാനാൽ)

മനുഷ്യജീവിതത്തെ മാനുഷികയത്നം കൊണ്ടു മഹത്തപ്പെടുത്തുന്നതാണു സംസ്കാരമെന്നും ഭൗതികമാത്രമായ പരിഷ്കാരം മനുഷ്യനെ മഹത്തപ്പെടുത്തുകയില്ലെന്നും സംസ്കാരസമ്പന്നന്മാരുടെ കൂട്ടത്തിൽ എണ്ണപ്പെടുന്നതിനു സത്യത്തെക്കുറിച്ചുള്ള ജ്ഞാനവും നീതിയെക്കുറിച്ചുള്ള ബോധവും ധർമ്മത്തെക്കുറിച്ചുള്ള അറിവുംകൂടിയാവശ്യകമാണെന്നും കഴിഞ്ഞപ്രാവശ്യം പ്രസ്താവിച്ചുവന്നല്ലോ. അങ്ങനെയാണെങ്കിൽ ഭാരതത്തിനു യഥാർത്ഥമായ സംസ്കാരമുണ്ടെന്നു പറവാൻ നമുക്കു സാധിക്കുമോ എന്നു പരിശോധിച്ചുനോക്കാം.

സംസ്കാരമില്ലാത്തവരെ കിരാതന്മാർ എന്നാണല്ലോ വിളിക്കേണ്ടതു്. ഈ ശബ്ദംകൊണ്ടു വിളിക്കപ്പെടുന്നതിനു നമ്മളിൽ ഒരുവനെങ്കിലും ഇഷ്ടപ്പെടുകയില്ലെന്നുള്ളതു സമ്മതിക്കേണ്ടിയുമിരിക്കുന്നു. എന്നാൽ കിരാതലക്ഷണങ്ങൾ നമുക്കുണ്ടെന്നു വല്ലവരും തെളിയിച്ചുതരികയാണെങ്കിൽ അതിനെ നമുക്കു നിഷേധിക്കുവാനും കഴിയുകയില്ല. നീചത്വം പ്രവർത്തിക്കുന്നവനെ നീചൻ എന്നും ദുഷ്ടത പ്രവർത്തിക്കുന്നവനെ ദുഷ്ടൻ എന്നും വല്ലവരും വിളിച്ചുപോയാൽ അവരോടു പിണങ്ങാതെ ആ നീചത്വത്തെ അല്ലെങ്കിൽ ദുഷ്ടതയെ പരിഹരിക്കയാണല്ലോ എല്ലാവരും ചെയ്യേണ്ടതു്. ഈ നയംതന്നേ ഭാരതീയരായ നമുക്കും അവലംബിക്കാം. നമുക്കു് അതിപുരാതനമായ ഒരു സംസ്കാരമുണ്ടെന്നു് ഉച്ചത്തിൽ വിളിച്ചുപറകയും കിരാതലക്ഷണങ്ങൾ നമുക്കുണ്ടെങ്കിൽ അവയെ നീക്കിക്കളയാതിരിക്കയും ചെയ്യുന്നുവെങ്കിൽ നമ്മൾ അപഹാസ്യരായി പരിണമിക്കയേ ഉള്ളൂ.

കിരാതലക്ഷണങ്ങൾ നമുക്കില്ലയോ? ആദ്യമായി സത്യത്തെക്കുറിച്ചുള്ള ജ്ഞാനംതന്നേ എങ്ങനെയിരിക്കുന്നുവെന്നു പരിശോധിക്കാം. ബുദ്ധിയും വസ്തുവും തമ്മിലുള്ള അനുരൂപതയാണല്ലോ സത്യം. സകലവസ്തുക്കളിലും ഓരോ സത്യം സ്ഥിതിചെയ്യുന്നുണ്ടു്. അതിന്റെ രൂപം നമുക്കു നമ്മുടെ ബോധത്തിൽ വരുത്തുകയും ചെയ്യാം. അതു യഥാതഥമായിരിക്കുമ്പോൾ അതിനെ നാം സത്യമെന്നും അല്ലാത്തപ്പോൾ അബദ്ധമെന്നും പറഞ്ഞുപോരികയും ചെയ്യുന്നു. ഓരോ വസ്തുവിലും ഓരോ സത്യംമാത്രമേ ഉണ്ടായിരിക്കുവാനും പാടുള്ളു. ഇങ്ങനെയാണെങ്കിൽ സമസ്തവസ്തുക്കളുടേയും ആദികാരണനും പരിപാലകനുമായ സർവ്വേശ്വരനെക്കുറിച്ചുള്ള ബോധം ഭാരതീയരുടെ ഇടയിൽ എത്രയോ അബദ്ധമായിരിക്കുന്നുവെന്നു പറയേണ്ടിയിരിക്കുന്നു. ബഹുദേവതാവാദികളും വിശ്വദേവതാവാദികളും വിഗ്രഹാരാധനക്കാരും ഉണ്ടായിരിക്കുന്നില്ലയോ? ഏകദേവതാവാദംമാത്രം സത്യമായിരിക്കയാൽ പ്രസ്തുതങ്ങളായ വാദങ്ങളിൽ ഏതിനെയെങ്കിലും സാധൂകരിക്കാമോ?

മനുഷ്യരുടെ ഏററം പ്രധാനമായ ഈ വിഷയത്തെക്കുറിച്ചുപോലും അജ്ഞതയിൽ വർത്തിക്കുന്നവരാണോ സംസ്കാരമുണ്ടെന്നു് അഭിമാനിക്കുന്നവർ? പരമസത്യത്തെക്കുറിച്ചു് അവശ്യംവേണ്ടതായ ഈ ജ്ഞാനത്തിന്റെ അഭാവംമൂലമാണു് അനേക കോടി ജനങ്ങൾ ഇനിയും അജ്ഞതയിൽ ആണ്ടുകിടക്കുകയും നിന്ദ്യവും നീചവുമായ ആരാധനക്രമങ്ങൾ നടത്തുകയും മതഭ്രാന്തന്മാർ എന്ന പേരിനുപോലും അർഹരായി പരിണമിക്കയും ചെയ്യുന്നതു്. ഈ ജ്ഞാനത്തിന്റെ അഭാവമൊന്നുമൂലമല്ലയോ നീതിയെക്കുറിച്ചുള്ള ബോധവും ധർമ്മത്തെക്കുറിച്ചുള്ള അറിവുംകൂടി നശിക്കുവാനിടയാകുന്നതു്?

എന്താണു് നീതി? സകല മനുഷ്യർക്കും അവരവരുടെ സൃഷ്ടിയുടെ ഉദ്ദേശ്യം സമ്പാദിക്കുന്നതിനു മതിയായ ശക്തിയും സ്വാതന്ത്ര്യവും പ്രകൃത്യാതന്നേ ലബ്ധമായിട്ടുണ്ടു്. അവയെ യഥേഷ്ടം വിനിയോഗിക്കുന്നതിനു് ഓരോരുത്തർക്കും അവകാശവും ഇല്ലാതില്ല. ഈ അവകാശത്തെ അല്ലെങ്കിൽ അർഹതയെ അനുവദിച്ചുകൊടുക്കുന്നതു മാത്രമാണു നീതി. വിപരീതമായി പ്രവർത്തിക്കുമ്പോഴാകുന്നു യുദ്ധങ്ങൾ ഉണ്ടാകയും വിപ്ലവങ്ങൾ നടക്കയും സമുദായകലഹങ്ങൾ ഉത്ഭവിക്കയും ചെയ്യുന്നതു്. ചിലർക്കു ചില മനുഷ്യരെ സമീപിക്കുവാൻ പാടില്ല. ചിലർക്കു ചിലർ നടക്കുന്ന വഴിയെ നടക്കുവാൻ പാടില്ല. ചിലർക്കു ചിലർ അഭ്യസിക്കുന്ന വിദ്യ സമ്പാദിക്കുവാൻ പാടില്ല എന്നിങ്ങനെ ചിലർ ജല്പിക്കുന്നു. ചില പ്രദേശങ്ങൾ ചിലരുടെ സ്വന്തമാണുപോലും. ചിലർ മററുള്ളവരുടെ വേലക്കാരും അടിമകളുമായി കഴിഞ്ഞുകൂടിക്കൊള്ളണമത്രെ.

സ്വാർത്ഥതയുടെ വിജൃംഭണംമൂലം പുറപ്പെടുവിക്കുന്ന ഇത്തരം മിഥ്യാവാദങ്ങളെ തങ്ങളുടെ അവകാശങ്ങളും കടമകളും ഏവയെന്നറിയുന്നതിനു വേണ്ടുവോളമുള്ള സംസ്കാരം സിദ്ധിച്ചിട്ടുള്ളവർ എതിർക്കാതിരിക്കുമോ? കരുത്താണു ശക്തിയെന്നുള്ള കിരാതമതം ഇനി നിലനില്ക്കുമോ? അന്യരുടെ അവകാശങ്ങളെ ഹനിക്കുന്നവർക്കാണോ സംസ്കാരം? നിയമമുണ്ടായിട്ടും ജാതിവ്യത്യാസത്തിന്റേയും സമുദായഗണനയുടേയും മനസ്ഥിതി പാലിച്ചുകൊണ്ടിരിക്കുന്നവർക്കു സംസ്കാരമില്ലെന്നല്ലയോ പറയേണ്ടതു്? ധർമ്മത്തെക്കുറിച്ചുള്ള അറിവും സംസ്കാരത്തിന്റെ ഒരു ലക്ഷണമാണല്ലോ.

മനുഷ്യൻ ഒരു സമുദായജീവിയാകയാൽ ജീവിതത്തിന്റെ വിവിധങ്ങളും ബഹുലങ്ങളുമായ ദശകളിൽ വർത്തിക്കുന്നവരെല്ലാം പ്രത്യേകം പ്രത്യേകം അനുഷ്ഠിക്കേണ്ടതായ ചില സൽകൃത്യങ്ങളുണ്ടു്. ഇവയെക്കുറിച്ചുള്ള അറിവിനെ ധർമ്മാവബോധമെന്നു നാമകരണം ചെയ്യാം. ഏറക്കുറച്ചിലുണ്ടായിരിക്കാമെങ്കിലും അപരിഷ്കൃതരായ ആളുകളുടെ ഇടയിൽപ്പോലും ഈ ബോധം ഇല്ലാതിരിക്കുന്നില്ല. സാഹോദര്യം, ദീനദയാലുത്വം മുതലായ സദ്ഗുണങ്ങൾ ഈ ധർമ്മാവബോധത്തിന്റെ ഫലങ്ങളാണു്. സാഹോദര്യം തന്നേ എത്രയോ അനല്പാർത്ഥകമായ ആശയം ഉൾക്കൊള്ളുന്ന ഒരു ശബ്ദമാണു്! "സമാന ഉദരോ യസ്യ സഃ" ഒരേ മാതാപിതാക്കന്മാരിൽനിന്നു ജനിച്ചവൻ ആണു് സഹോദരൻ എന്നല്ലയോ ഇതിന്റെ അർത്ഥം. ഒരേ മാതാപിതാക്കന്മാരിൽനിന്നു ജനിച്ച സഹോദരീസഹോദരന്മാർ പരസ്പരം സ്നേഹിക്കയും ഓരോരുത്തരുടേയും സുഖദുഃഖങ്ങളിൽ അന്യോന്യം പങ്കുകൊള്ളുകയുമാണു ചെയ്തുപോരുന്നതെന്നു് എല്ലാവർക്കും അനുഭവമുള്ളതാണല്ലോ. യഥാർത്ഥസംസ്കാരസമ്പന്നന്മാർ ലോകത്തിലുള്ള എല്ലാവരേയും തങ്ങളുടെ കുടുംബത്തിലുള്ള അംഗങ്ങളെപ്പോലെയാണു കരുതുന്നതു്. ഈ ഗണത്തിൽപെടുന്ന ആളുകളുടെ അസ്തിത്വം എവിടെ സുലഭമായിരിക്കുന്നുവോ അവിടെ സംസ്കാരമുണ്ടെന്നു ഗണിക്കതന്നേ ചെയ്യണം. അങ്ങനെയുള്ള സ്ഥലങ്ങളിലും ആളുകളുടെ ഇടയിലുമാണു സംഘടിതമായ ജീവകാരുണ്യപ്രവർത്തനങ്ങളും പരോപകാരകൃത്യങ്ങളും പ്രകടിതമാകുന്നതു്.

അവയ്ക്കു ദൃഷ്ടാന്തങ്ങളും വിരളമല്ല. ലോകത്തിൽ ഏററം നികൃഷ്ടമായി ഗണിക്കപ്പെടുന്ന കുഷ്ഠരോഗം പിടിപെട്ടിരുന്ന അനേകം ദുർഭഗരുടെ ഇടയിൽ വസിക്കുന്നതിനും അവരെ പരിചരിക്കുന്നതിനും അതേവ്യാധി ബാധിച്ചു മരണമടയുന്നതിനും സന്നദ്ധനായ ഫാദർ ഡാമിയന്റെ ചരിത്രം യഥാർത്ഥമാണു്. പരോപകാരാർത്ഥം ആയുരന്തം പ്രവർത്തിക്കയും അതിനുവേണ്ടി ഇന്നു വിശ്വവ്യാപകമായിത്തീർന്നിട്ടുള്ള ഒരു സംഘടന ഏർപ്പെടുത്തുകയുംചെയ്ത സെൻറ് വിൻസെൻറ് ഡി പോളിന്റെ ചരിത്രം സത്യമാണു്. തെണ്ടിപ്പിള്ളേരുടെ സംരക്ഷകൻ എന്ന അപരനാമം സമാർജ്ജിച്ചിട്ടുള്ള ഡോൺബോസ്കോയുടെ ചരിത്രം അനിഷേധ്യമാണു്. പ്രസ്തുത വിശുദ്ധന്മാരുടേയും ഇവരെപ്പോലുള്ള മററനേകരുടേയും പ്രവർത്തനങ്ങൾ അവരുടെ നിര്യാണത്തോടും സ്വർഗ്ഗീയസൗഭാഗ്യപ്രാപ്തിയോടുംകൂടി നിലച്ചുപോയിട്ടുമില്ല. ഈ വസ്തുതയ്ക്കു സജീവസാക്ഷ്യം വേണമെന്നുണ്ടെങ്കിൽ ഇന്നു ലോകത്തിന്റെ നാനാഭാഗങ്ങളിലും സ്ഥാപിതമായിരിക്കുന്ന അനാഥശാലകളും ദരിദ്രസങ്കേതങ്ങളും അബലാമന്ദിരങ്ങളും ആതുരശാലകളും എന്നല്ല ലോകത്തിൽ സ്നേഹവും സേവനവും അർഹിക്കുന്ന ഏതെല്ലാം ദുർഭഗതകളും അവശതകളും ഉണ്ടോ അവയ്ക്കെല്ലാം പ്രതിവിധി നല്കുന്നതിനുവേണ്ടി ഏർപ്പെടുത്തപ്പെട്ടിരിക്കുന്ന സ്ഥാപനങ്ങളും സന്ദർശിക്കയും അവിടെ അഹോരാത്രം കഷ്ടപ്പെട്ടു പരിചര്യചെയ്യുന്ന സാധുജനമിത്രങ്ങളേയും ആത്മപരിത്യാഗികളേയും കാണുകയും ചെയ്യേണ്ടിയിരിക്കുന്നു. സംസ്കാരത്തിന്റെ ഫലങ്ങളായ നിസ്വാർത്ഥസേവനത്തിന്റേയും യഥാർത്ഥസാഹോദര്യത്തിന്റേയും ഈ കാഴ്ചകളാണു സാക്ഷാൽ സംസ്കാരത്തിന്റെ തെളിവുകൾ. ഭാരതത്തിനു വേണ്ടുവോളം സംസ്കാരമുണ്ടെന്നും പുറത്തുനിന്നു യാതൊരു സംസ്കാരവും ആവശ്യമില്ലെന്നും വൻപുപറയുന്ന കൂപമണ്ഡൂകങ്ങൾ തങ്ങളുടെ കണ്ണുകൾ തുറന്നു ചുററും നോക്കട്ടെ.

ഇൻഡ്യായിലേക്കുള്ള ആര്യന്മാരുടെ പ്രവേശനംമുതല്ക്കാണല്ലോ ഹൈന്ദവസംസ്കാരത്തിന്റെ രേഖകൾ ലഭിക്കുന്നതു്. ആ ഘട്ടമായ മൂവായിരമോ നാലായിരമോവർഷങ്ങൾക്കിപ്പുറത്തിനുള്ളിൽ നടക്കാത്ത ഒരു കാര്യം ഇനി സാധിച്ചുകളയാമെന്നു ഒരുവനും ഇനി മൂഢസ്വപ്നം കാണേണ്ടതില്ല. ദീനദയാലുക്കളും സമസൃഷ്ടിസ്നേഹികളുമായ നമ്മുടെ ഏതാനും മഹർഷികൾ അങ്ങിങ്ങായി ചില നല്ല ആദർശങ്ങൾ പ്രസംഗിക്കുകയും പഠിപ്പിക്കുകയും പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ടെന്നുള്ള യാഥാർത്ഥ്യത്തെ ഗോപനംചെയ്യുന്നതിനോ വിസ്മരിച്ചുകളയുന്നതിനോ ഈ ലേഖകനു താല്പര്യമുണ്ടായിട്ടല്ല ഇത്രയും വിശദമായ പ്രസ്താവനകൾ ചെയ്യുന്നതു്. പിന്നെയോ സത്യത്തെക്കുറിച്ചുള്ള ജ്ഞാനവും നീതിയെക്കുറിച്ചുള്ള ബോധവും ധർമ്മത്തെക്കുറിച്ചുള്ള അറിവും ഉണ്ടെങ്കിലേ മനുഷ്യനെ മഹത്തപ്പെടുത്തുന്ന സംസ്കാരം വരികയുള്ളുവെന്നു സ്ഥാപിക്കയും അതിനു മതത്തിന്റെ സഹായം ആവശ്യകമാണെന്നു സമർത്ഥിക്കയും ചെയ്യുന്നതിനാഗ്രഹിക്കുന്നതുകൊണ്ടാണു്.

——

പുസ്തകാഭിപ്രായം

## തെരേസാ ന്യൂമാൻ

[പരിഭാഷകന്മാർ: ജോസഫ് മുട്ടമന, ജോർജ്ജ് മാണിക്കനാംപറമ്പിൽ. പക്ഷം. XIX+221 എസ്സ്. എച്ച്. ലീഗ്, ആലുവാ. വില. 1-12-0.]

പരമപാവനമായ പൗരോഹിത്യസോപാനത്തിലേക്കു പദമൂന്നിയിരിക്കുന്ന രണ്ടു യുവവൈദികരുടെ പരിശ്രമഫലമാണു് ഈ കൃതി. The Story of Theresa Newmann എന്ന ശീർഷകത്തിൽ ഇംഗ്ലീഷ് ഭാഷയിൽ പ്രസിദ്ധീകൃതമായ പുസ്തകത്തിന്റെ ഒരു സ്വതന്ത്രപരിഭാഷയാണിതു്. "അത്ഭുതകന്യക" എന്ന അപരനാമത്താൽ അറിയപ്പെടുന്ന ഈ സ്ത്രീരത്നം ആധുനിക ലോകത്തിനു്. പരമസുകൃതിനിയായി പരക്കെപ്പരിഗണിക്കപ്പെടുന്ന ഈ കന്യകയുടെ ജീവിതസംഭവപരമ്പര ആംഗ്ലേയഭാഷാനഭിജ്ഞന്മാർക്കു പോലും അഭിഗമ്യമാക്കിത്തീർത്ത പരിഭാഷകർ അനുമോദനാർഹരത്രെ.

തിരുസഭാചരിത്രത്തിൽ 320-ൽപ്പരം പഞ്ചക്ഷതധാരികളെ കാണുന്നുണ്ടു്. എന്നാൽ അവരിൽ ആരുംതന്നെ തെരേസാന്യൂമാനോളം സൂക്ഷ്മമായ ശാസ്ത്രീയപരിശോധനകൾക്കു വിധേയരായിട്ടില്ല. ഈ പുസ്തകത്തിലെ നാലാം അദ്ധ്യായത്തിൽ പഞ്ചക്ഷതബാധിതയെപ്പററി സാമാന്യമായി വിവരിച്ചിട്ടുണ്ടു്.

പരീക്ഷണശാലയിൽ ഒതുങ്ങാത്തതെല്ലാം അഗണ്യകോടിയിലേക്കു തള്ളിനീക്കുന്ന ആധുനികകാലത്തെ പണ്ഡിതമ്മന്യരുടെ മുമ്പിൽ നീണ്ട ഒരു ചോദ്യചിഹ്നംതന്നെ ഉന്നയിക്കും ഈ ഗ്രാമീണകന്യയുടെ ജീവിതസംഭവങ്ങൾ. 1927-മുതൽ ദിവ്യകാരുണ്യം മാത്രമാണവരുടെ ഭക്ഷണം. ഇന്നു് 23 വർഷങ്ങളോളമായിരിക്കുന്നു സ്വാഭാവികമായി ശരീരപോഷണപരമായ ആഹാരസാധനങ്ങൾ അവർ ഭക്ഷിച്ചിട്ടു്. എങ്കിലും അനുദിനജീവിതം വളരെ ഉന്മേഷമായി അവർ കഴിക്കുന്നു.

ഏതാണ്ടു 18 വർഷങ്ങൾക്കുമുമ്പു് കഥനായികയുമായി അഭിമുഖഭാഷണം നടത്തുവാൻ ഭാഗ്യം ലഭിച്ച റൈററ് റവ. ഡോ. അലക്സാണ്ടർ ചൂളപ്പറമ്പിൽ തിരുമേനിയുടെ അവതാരിക ഈ കൃതിക്കു് ഒരനർഘഭൂഷണമാണു്. സ്വാനുഭവത്തിൽനിന്നും കുറിച്ച ആ വരികൾ ഏവർക്കും ഹൃദ്യമായിരിക്കും.

ലളിതസുന്ദരവും പ്രസന്നവുമായ ഭാഷാശയ്യ ഈ കൃതിയിൽ ഓളംവെട്ടുന്നുണ്ടു്. ഈ ഏകപുസ്തകംതന്നെ ഉച്ചൈസ്തരം ഉൽഘോഷിക്കും ഇതു രചിച്ച തൂലികയുടെ രചനാപാടവം. ഇതെഴുതിയ തൂലികത്തുമ്പിനു തുരുമ്പു പിടിക്കാനനുവദിക്കാതെ സമയാനുസൃതം സഭയ്ക്കും സമുദായത്തിനുംവേണ്ടി സാഹിത്യസേവനം തുടർന്നു് കൈരളിയേയും കേരളീയരേയും തങ്ങളോടു കൂടുതൽ ഋണാനുബദ്ധരാക്കണമെന്നാണു് ഇത്തരുണത്തിൽ പരിഭാഷകരോടു് ഈയുള്ളവന്റെ വിനീതാപേക്ഷ.

പരിഭാഷകരുടെ പൗരോഹിത്യപദപ്രാപ്തിയുടെ അവിസ്മരണീയസ്മാരകമായി സഹൃദയസമക്ഷം അവതരിപ്പിച്ചിരിക്കുന്ന ഈ പുസ്തകതല്ലജം അതർഹിക്കുന്നവിധം സമ്മോദം സ്വാഗതം ചെയ്യപ്പെടുമെന്നു് ന്യായമായി പ്രതീക്ഷിക്കാം.

(V. P.)


## വില്പനയ്ക്കുള്ള പുസ്തകങ്ങൾ

| | ക. ണ. പ. |
|---|---|
| മാർത്തോമ്മാശ്ലീഹായും മലങ്കരയും | 0- 8-0 |
| മതപഠനം | 1- 8-0 |
| ആധുനികലോകം | 1- 8-0 |
| രക്തസാക്ഷിണി | 0-12-0 |
| കന്യാസ്ത്രീ | 0- 8-0 |
| പൊന്നുംകുരിശുമുത്തപ്പൻ | 0- 8 0 |
| മരിയാസഖ്യമിത്രം | 0- 1-0 |
| സർ തോമസ് മൂർ | 0-10-0 |
| കണ്ണാടി | 0-10-0 |
| കത്തനാർകളി | 0- 9-0 |
| ഭർത്താക്കന്മാരോടു് | 0- 4-0 |
| സഖാവ് | 0- 3-0 |
| ഇരട്ടപ്പൂവ് | 0- 5-0 |
| ചരിത്രചർച്ച | 1-12-0 |
| വി. ഗീവറുഗീസ് | 0- 4-0 |
| ശത്രുവാണുപോൽ | 0- 1-6 |
| മിശിഹാചരിത്രം | 0-12-0 |
| ഉജ്ജ്വലതാരങ്ങൾ | 0- 4-0 |
| ചെറിയ വേദോപദേശം | 0- 4-0 |
| വേദോപദേശഹാജർ | 0- 8-0 |
| ടി. അഡ്മിഷൻ റജിസ്റ്റർ | 2- 0-0 |
| പാട്ടശീട്ടുരസീതു് | 1-12-0 |
| കുടുംബപ്രതിഷ്ഠ | 0- 1-6 |
| Have Confidence | 0- 3-0 |
| Questions & Answers | 0-12-0 |
| മതപീഡനങ്ങൾ | 0- 5-0 |
| മരിയാസഖ്യ മഞ്ജൂഷ | 0- 1-6 |
| ക്രിസ്തു ദൈവമാണോ? | 0- 2-0 |
| സ്മരണാകിരണങ്ങൾ | 1- 4-0 |
| വി. ഫിലോമിനാ | 0- 2-0 |
| താർഷ്യാ മൊരീനൊ | 0-10-0 |

മാനേജർ

മാർ ലൂയിസ് മെമ്മോറിയൽ പ്രസ്സ്,

എറണാകുളം


## തൊഴിലാളികൾക്കു് ഏകാന്തധ്യാനം

കത്തോലിക്കാ തൊഴിലാളികളെ ഉദ്ദേശിച്ചു് റവ. ഫാ. ജറോം ടി. ഒ. സി. ഡി. അവർകളുടെ നേതൃത്വത്തിൽ എറണാകുളം കാർമ്മൽ റിട്രീററ് മന്ദിരത്തിൽവച്ചു് എല്ലാ ആഴ്ചയിലും ഓരോ ഏകാന്തധ്യാനം നടത്തിവരുന്നു. ധ്യാനം ശനിയാഴ്ച വൈകുന്നേരം ആരംഭിച്ചു് തിങ്കളാഴ്ച രാവിലെ അവസാനിക്കുന്നതാണു്. ആദ്യത്തെ ധ്യാനത്തിൽ 18 പേരും രണ്ടാമത്തേതിൽ 25 പേരും സംബന്ധിക്കയുണ്ടായി. ഉദാരമതികളായ പലരുടേയും സഹായം തേടിയാണു് ധ്യാനത്തിന്റെ ചെലവുകൾ വഹിക്കുന്നതു്. ജൂൺമാസാരംഭംവരെ ഇപ്രകാരം എല്ലാ ആഴ്ചയിലും ധ്യാനമുണ്ടായിരിക്കും. തൊഴിലാളികൾക്കു ലഭിച്ചിരിക്കുന്ന ഈ അമൂല്യാവസരത്തെ വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്തണമെന്നുൽബോധിപ്പിക്കുകയും ഈ സൽപ്രസ്ഥാനത്തിനു് സകലവിധ വിജയങ്ങളുമാശംസിക്കയും ചെയ്യുന്നു.

## ഫാത്തിമാബാലസമിതി

ലക്ഷ്യം: ഫാത്തിമാസന്ദേശം പ്രയോഗത്തിൽ വരുത്തുവാൻ ശ്രമിക്കുക.

മുദ്രാവാക്യം: പ്രാർത്ഥന, പ്രായശ്ചിത്തം, പരോപകാരം.

ചുമതലകൾ: (1) മറിയത്തിന്റെ വിമലഹൃദയത്തിന്റെ സ്തുതിക്കായി ദിവസവും ജപമാല ചൊല്ലുക; കുടുംബത്തിലെ മററംഗങ്ങളും മുടങ്ങാതെ ജപമാല ചൊല്ലുന്നതിനു പ്രേരണ നല്കുക. (2) പാപികളുടെ മാനസാന്തരത്തിനുവേണ്ടി പ്രാർത്ഥിക്കുകയും ത്യാഗകൃത്യങ്ങൾ കാഴ്ചവയ്ക്കുകയും ചെയ്യുക. (3) നിവൃത്തിയുള്ളപക്ഷം, ആദ്യശനിയാഴ്ച ഭക്തി ആചരിക്കുക. (4) സാധുക്കൾക്കു പാടുള്ള സഹായം ചെയ്യുക.

# ഫാത്തിമാസന്ദേശം

പ്രിയ കുഞ്ഞുങ്ങളേ,

"ഫാത്തിമാബാലസമിതിയുടെ ലക്ഷ്യം, മുദ്രാവാക്യം, ചുമതലകൾ മുതലായവയെക്കുറിച്ച് കൂടുതൽ വിശദീകരണങ്ങൾ വഴിയേ നല്കുന്നതാണ്" എന്നു മാർച്ച് 29-ാം തിയതിയിലെ പത്രത്തിൽ നിങ്ങളോടു പറഞ്ഞിരുന്നതു നിങ്ങൾ ഓർക്കുന്നുണ്ടാകുമല്ലോ. അതിൻപ്രകാരം നമ്മുടെ സമിതിയുടെ ലക്ഷ്യത്തെക്കുറിച്ച് അല്പം പറയാമെന്നാണ് ഈ ലക്കത്തിൽ വല്യച്ചൻ ഉദ്ദേശിക്കുന്നത്.


ഈ ലേഖനാരംഭത്തിലുള്ള വലിയ തലക്കെട്ടിന്റെ അടിയിൽ ചേർത്തിരിക്കുന്നത് എന്താണെന്നു നോക്കുക. "ലക്ഷ്യം: ഫാത്തിമാസന്ദേശം പ്രയോഗത്തിൽ വരുത്തുവാൻ ശ്രമിക്കുക" ഇതാണ് അവിടെ നിങ്ങൾ കാണുന്നത്. ഓരോ സഖ്യങ്ങൾക്കും സംഘടനകൾക്കും ഓരോ ഉദ്ദേശമുണ്ടായിരിക്കും. മാതാവിന്റെ സൊഡാലിററിക്ക് ഒരുദ്ദേശമുണ്ട്. സ്കൗട്ട് പ്രസ്ഥാനത്തിനു് ഒരുദ്ദേശമുണ്ട്. ഇതുപോലെതന്നെ നമ്മുടെ സമിതിക്കും ഒരുദ്ദേശമുണ്ട്. ഈ ഉദ്ദേശം തന്നെയാണ് ലക്ഷ്യം എന്നു പറയുന്നതു്. ഈ ലക്ഷ്യം പ്രാപിക്കുക എന്നതു് നിങ്ങൾ ഓരോരുത്തരുടേയും ചുമതലയാണ്. ഈ ലക്ഷ്യപ്രാപ്തിക്ക് ഒന്നാമതായി നിങ്ങൾ ചെയ്യേണ്ടതു് പ്രസ്തുത ലക്ഷ്യം എന്താണെന്ന് നല്ലവണ്ണം അറിയുകയാണ്.

മാതാവ് ഫാത്തിമായിലെ കുട്ടികൾക്ക് ആറുപ്രാവശ്യം കാണപ്പെട്ട് ചില സംഗതികൾ അവർ ചെയ്യണമെന്നു് നിർദ്ദേശിച്ചതായി നിങ്ങൾ കേട്ടിരിക്കുമല്ലോ. ആ സംഭവങ്ങളെല്ലാം വിശദമായി "ഫാത്തിമായിലെ കുട്ടികൾ" എന്ന തലക്കെട്ടോടുകൂടി സത്യദീപത്തിൽ തുടർച്ചയായി പ്രസിദ്ധീകരിക്കപ്പെട്ടിരുന്നതുകൊണ്ട് അതു ഇവിടെ ആവർത്തിക്കുന്നില്ല. നിങ്ങളിൽ ആരെങ്കിലും അതു വായിക്കാതെയുണ്ടെങ്കിൽ പ്രസ്തുത ലക്കങ്ങൾ അന്വേഷിച്ചു കണ്ടുപിടിച്ച് വായിക്കുന്നതു നല്ലതാണ്. ഏതായാലും നിങ്ങൾക്കു കൂടുതൽ ഉപകാരം ഉണ്ടാകുന്നതിനുവേണ്ടി മാതാവ് കുട്ടികൾക്കു നല്കിയതും, അവരും ലോകത്തിലുള്ളവരെല്ലാവരും ചെയ്യണമെന്നു് മാതാവ് പ്രത്യേകം നിർദ്ദേശിച്ചതുമായ സന്ദേശം എന്താണെന്നു് വല്യച്ചൻ ചുരുക്കമായി പറയാം.

ലോകത്തിൽ മനുഷ്യരുടെ ഇടയിൽ തിന്മ അഥവാ പാപം വളരെയധികം വർദ്ധിച്ചിരിക്കുന്നു. നിങ്ങൾക്കെല്ലാവർക്കുമറിയാമല്ലോ സ്രഷ്ടാവായ ദൈവത്തിനു് ഇഷ്ടക്കേടുവരുത്തുന്ന ഒന്നാണ് പാപമെന്നു്. ഈ വിധത്തിലുള്ള പാപങ്ങൾ ദൈവത്തിന്റെ സൃഷ്ടികളായ മനുഷ്യർ പഴയകാലങ്ങളെ അപേക്ഷിച്ച് ഇപ്പോൾ വളരെയധികം ചെയ്യുന്നുണ്ട്. മനുഷ്യരുടെ നന്ദിഹീനമായ ഈ പ്രവൃത്തികൊണ്ടു ദൈവം വളരെയധികം കോപിച്ചിരിക്കുകയാണ്. പഴയനിയമകാലത്തു് പല അവസരങ്ങളിൽ പാപത്തിനു് ദൈവം ഓരോതരത്തിലുള്ള ഭയങ്കരശിക്ഷകൾ നല്കിയതായി നിങ്ങൾ കേട്ടിരിക്കുമല്ലോ. നോഹിന്റെകാലത്തു് ജലപ്രളയംകൊണ്ടു് ദൈവം ലോകത്തെ ശിക്ഷിച്ചു. സോദോം, ആമോറാ എന്ന പട്ടണങ്ങളെ ആകാശത്തിൽനിന്നും ഗന്ധകവും തീയുമിറക്കി ദൈവം ഭസ്മമാക്കിക്കളഞ്ഞു. ഇപ്രകാരംതന്നെ ഭയങ്കരമായ ശിക്ഷ ലോകത്തിനു നല്കുവാൻ ദൈവത്തിന്റെ നീതിയെ മനുഷ്യരുടെ ദുഷ്ടത അത്രമാത്രം നിർബ്ബന്ധിച്ചുകൊണ്ടാണ് ഇരിക്കുന്നതു്. മനുഷ്യരുടെ പാപങ്ങൾ ദൈവകല്പനകളുടെ ലംഘനമായതുകൊണ്ടു് അവ ദൈവത്തെ ആക്ഷേപിക്കുന്നതിനു തുല്യമാണ്. മാത്രമല്ല ചില ദുഷ്ടന്മാർ ദൈവദൂഷണംമൂലവും മററും അങ്ങയെ നേരിട്ടും ആക്ഷേപിക്കുന്നുണ്ട്. പാപികളുടെ ഈ തിന്മകൾ ലോകരക്ഷകനായ മിശിഹായേയും ആക്ഷേപിക്കുന്നു. ഇതിനുംപുറമെ മനുഷ്യരക്ഷയുടെ സഹകാരിണിയായ, മനുഷ്യഗണത്തിന്റെ സഹരക്ഷികയായ ദൈവമാതാവിനെയും പാപികൾ അവരുടെ പാപങ്ങൾകൊണ്ടു് ഉപദ്രവിക്കുന്നുണ്ട്. ദൈവദൂഷണവും, നന്ദിഹീനതകളും, മററു പാപങ്ങളും നമ്മുടെ അമ്മയുടെ വിമലഹൃദയത്തെ കഠിനമായി കുത്തി മുറിപ്പെടുത്തിയിരിക്കുന്നു എന്നാണ് മാതാവ് അറിയിച്ചിട്ടുള്ളതു്. അതുകൊണ്ടു് ഈ വിമലഹൃദയത്തെ സമാശ്വസിപ്പിക്കുന്നതിനും നമ്മുടെ അമ്മ ആവശ്യപ്പെട്ടിട്ടുണ്ട്. പാപങ്ങൾ ചെയ്യുന്നവരുടെ സംഖ്യ വളരെ വർദ്ധിച്ചിരിക്കുന്നതിനാൽ വളരെയധികംപേർ നരകത്തിൽ നിപതിക്കുന്നുമുണ്ട്.

ഈ തിന്മകൾക്കെല്ലാം പരിഹാരം അങ്ങയുടെ പ്രിയ കുഞ്ഞുമക്കളായ നാം ചെയ്യണമെന്നാണ് നമ്മുടെ അമ്മ ആവശ്യപ്പെട്ടിരിക്കുന്നതു്. ഇതാണ് ദൈവജനനി ഫാത്തിമായിൽവച്ച് നല്കിയിരിക്കുന്ന സന്ദേശം. ഈ സന്ദേശം ഫലപ്രദമാക്കുന്നതിനു് നമ്മുടെ അമ്മ രണ്ടുമൂന്നു സംഗതികളാണ് പ്രധാനമായി നിർദ്ദേശിച്ചിട്ടുള്ളതു്. (1) പ്രാർത്ഥിക്കണം, വളരെ പ്രാർത്ഥിക്കണം. എല്ലാ ദിവസവും ജപമാല ജപിക്കണം. ജപമാലയിലെ ഓരോ ദശകത്തിന്റെയും ഒടുവിൽ "ഓ എന്റെ ഈശോ..." എന്ന ജപംകൂടി ചൊല്ലണം. (2) പ്രായശ്ചിത്തപ്രവൃത്തികൾ ചെയ്യണം. ഔദാര്യത്തോടെ സാധിക്കുന്ന അവസരങ്ങളിലെല്ലാം അവ നാം അനുഷ്ഠിക്കണം. ദൈവത്തോടുള്ള സ്നേഹത്തെപ്രതിയും, പാപികളുടെ മാനസാന്തരത്തിനായും, മാതാവിന്റെ വിമലഹൃദയം അനുഭവിക്കുന്ന നിന്ദകൾക്കു് പരിഹാരമായും അവ നാം കാഴ്ചവയ്ക്കണം. (3) മനുഷ്യർ തങ്ങളുടെ പാപങ്ങളിൽനിന്നും പാപവഴികളിൽനിന്നും പിൻതിരിയണം. മാത്രമല്ല അവർ ചെയ്തുപോയിട്ടുള്ള പാപങ്ങൾക്കു മാപ്പപേക്ഷിക്കുകയും വേണം.

മാതാവു നല്കിയ സന്ദേശത്തിന്റെ അർത്ഥം നിങ്ങൾക്കു് മനസ്സിലായി എന്നു വിശ്വസിക്കുന്നു. ഇതനുസരിച്ചു പ്രവർത്തിക്കുവാൻ നിങ്ങൾ സന്നദ്ധരാകണം. ഈ സന്ദേശങ്ങളിൽ ഓരോന്നും എങ്ങനെയാണ് പ്രാവർത്തികമാക്കേണ്ടതു് എന്നു് വഴിയേ അറിയിച്ചുകൊള്ളാം.



ഇടപ്പള്ളി ഫൊറോനാദേവാലയത്തിലെ നാല്പതുമണിയാരാധന.


## സേക്രഡ് ഹാർട്ട്സ് ബോർഡിംഗ് ഹൗസ്

തേവര

മദ്ധ്യവേനൽ അവധികഴിഞ്ഞ് ജൂൺ 5-ാംതിയതി തിങ്കളാഴ്ച സ്കൂൾ തുറക്കും. ബോർഡിങ്ങിൽ താമസിച്ചുപഠിക്കുന്നതിനു് ഉദ്ദേശിക്കുന്ന കുട്ടികൾ നേരത്തേതന്നെ അപേക്ഷ അയച്ചിരിക്കേണ്ടതാണ്.

എന്ന്, റെക്ടർ

## കോൺവെൻറ് ഹൈസ്കൂൾ, കൊരട്ടി

കൊരട്ടി കോൺവെൻറിനോടനുബന്ധിച്ച് നടത്തുന്ന ഹൈസ്കൂളിൽ അടുത്തകൊല്ലം അഞ്ചാം ഫാറം തുടങ്ങുന്നതാണ്. ഹൈസ്കൂളിനോടനുബന്ധിച്ച് ഒരു ബോർഡിംഗും നടത്തുന്നുണ്ട്. ഇതിൽ ചേരാൻ ആഗ്രഹിക്കുന്നവർ ഈ മാസാവസാനത്തോടുകൂടിയെങ്കിലും അപേക്ഷിക്കേണ്ടതാണ്.

മദർ സുപ്പീരിയർ


## കത്തിനു മറുപടി

സ്കറിയാ തോമസ്

"പ്രിയ ബ. വല്യച്ചാ, എനിക്കും ഫാത്തിമാബാലസമിതിയിൽ ചേർന്നു മാതാവിന്റെ സന്ദേശം അനുസരിച്ചു പ്രവർത്തിച്ചാൽ കൊള്ളാമെന്നുണ്ട്. പക്ഷെ ഇന്നു ഞാനൊരു ബാലനല്ല, യുവാവാണ്. അതുകൊണ്ടു് എനിക്കു വലിയ മനസ്താപമുണ്ട്....... ഏതായാലും ഈ സമിതിയുടെ പുറമെ നിന്നുകൊണ്ടു് സമിതിക്കുവേണ്ടി വേല ചെയ്യാൻ അനുവദിക്കണമെന്നു താഴ്മയായി അപേക്ഷിച്ചുകൊള്ളുന്നു.

"സമിതിയിൽ ചേരുന്നതിനായുള്ള എന്റെ സഹോദരങ്ങളുടെ അപേക്ഷ ഇതൊന്നിച്ചയക്കുന്നു. അവർക്കു കൊന്ത നമസ്കാരത്തിൽ വലിയ ശ്രദ്ധാന്തിയൊന്നുമില്ലാതിരിക്കയായിരുന്നു. ഇപ്പോൾ എന്റെ നിർബന്ധംകൊണ്ടും ഉപദേശംകൊണ്ടും കുറെയൊക്കെ ഭേദമായി. അവർക്കു് ഒരു ചെറിയ ഉപദേശംകൂടി എഴുതി അയച്ചുതരണമെന്നു താഴ്മയായി അപേക്ഷിച്ചുകൊള്ളുന്നു. ഞങ്ങൾക്കും ഈ കുടുംബത്തിലുള്ള എല്ലാവർക്കും വേണ്ടി വല്യച്ചനും സമിതിയംഗങ്ങളും പ്രാർത്ഥിക്കണേ. ഞാനും വല്യച്ചനുവേണ്ടിയും നമ്മുടെ സമിതിക്കു വേണ്ടിയും ദിവസവും ഈശോയോടും ഫാത്തിമാമാതാവിനോടും ബോസ്കോപുണ്യവാനോടും പ്രാർത്ഥിച്ചുകൊള്ളാം."

പ്രിയ മകനേ, ഈ എഴുത്ത് എനിക്കേറവും വലിയ സന്തോഷം നല്കി. ഇപ്രകാരമാണ ജ്യേഷ്ഠസഹോദരന്മാർ കൊച്ചനുജന്മാരേയും അനുജത്തികളേയും സ്വമാതൃകയാലും ഉപദേശത്താലും ദൈവത്തിങ്കലേക്കാകർഷിക്കേണ്ടതു്. ജോർജ്ജിനും മേരിക്കും കൊന്തയില്ലെങ്കിൽ ഓരോ കൊച്ചുകൊന്ത വാങ്ങിക്കൊടുക്കുക. അതുപയോഗിച്ചു ദിവസവും ജപമാല ചൊല്ലാൻ പറയുക. ഫാത്തിമാകുട്ടികളിൽപ്പെട്ട ഫ്രാൻസിസ് സ്വർഗ്ഗത്തിൽ പോകുമോ എന്ന ചോദ്യത്തിനു മാതാവ് നല്കിയ മറുപടി: "പോകും; പക്ഷേ കുറെക്കൂടി കൊന്ത ചൊല്ലണ"മെന്നായിരുന്നല്ലോ. കൊന്ത ചൊല്ലുന്നതിൽ നാം കൂടുതൽ ഉത്സാഹം പ്രദർശിപ്പിക്കേണ്ടിയിരിക്കുന്നു. അപ്രകാരം പ്രാർത്ഥനവഴി നമ്മുടെ മനസ്സിനെ സജ്ജമാക്കുമ്പോൾ ദൈവാനുഗ്രഹം ധാരാളമായി അതിൽ വർഷിക്കപ്പെടുന്നതാണ്. ഇംഗ്ലണ്ടിലെ പാർക്കുകളിൽപ്പോലും പരസ്യമായി ഞായറാഴ്ചതോറും ജപമാല ചൊല്ലുന്ന പതിവു ആരംഭിച്ചിട്ടുണ്ട്. അപ്രകാരം ലോകത്തിന്റെ എല്ലാഭാഗങ്ങളിലും കത്തോലിക്കർ ജപമാലഭക്തിയിൽ വർദ്ധമാനമായ ഉത്സാഹം കാണിച്ചുവരുന്നു. ഈ വിഷയം സംബന്ധിച്ച് ചില ഉപദേശങ്ങൾ വഴിയേ നല്കുന്നതാണ്. മേരിയുടെ നമ്പർ 918; ജോർജ്ജിന്റേതു് 1151.

തല്ക്കാലം ബാലന്മാരെയും ബാലികമാരെയുമാണ സമിതിയിൽ അംഗങ്ങളായി ചേർക്കുന്നതു്. എന്നുവരികിലും അല്ലാത്തവർക്കും സമിതിയുടെ ആദർശം അനുസരിച്ചു പ്രവർത്തിക്കാവുന്നതാണ്. ഇക്കാര്യത്തിൽ എല്ലാവരും തോമസിനെ അനുകരിച്ചിരുന്നെങ്കിൽ! എല്ലാവർക്കുംവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നതാണ്.

എന്നു സ്വന്തം വല്യച്ചൻ

## നിങ്ങൾക്കറിയാമോ?

1. പഴയനിയമത്തിൽ ബലിയെപ്പററിയുള്ള ആദ്യത്തെ രേഖ ഏതാണ്?

2. അൻപതാം വർഷം ജൂബിലിയായി ഘോഷിക്കണമെന്നുള്ള നിർദ്ദേശം പഴയനിയമത്തിൽ എവിടെയാണുള്ളതു്?

ഉത്തരങ്ങൾ

1. സൃഷ്ടി 4, 3 & 4-ൽ കായേന്റെയും ആബേലിന്റെയും ബലിയെക്കുറിച്ചു പറയുന്നതു്.

2. ലെവായക്കാരുടെ പുസ്തകം 25, 10-ൽ ഇപ്രകാരം നാം വായിക്കുന്നു: "അൻപതാംവർഷത്തെ നീ വിശുദ്ധീകരിക്കയും നിന്റെ നാട്ടിലെ എല്ലാനിവാസികൾക്കും വിമോചനം പ്രഖ്യാപിക്കുകയും വേണം; എന്തുകൊണ്ടെന്നാൽ അതൊരു ജൂബിലിവത്സരമാണ്."

—

## "കരച്ചിൽമുറി"

അമേരിക്കൻ ഐക്യനാടുകളിലെ കനാക്കി എന്ന സ്ഥലത്തു പുതുതായി പണിചെയ്തിരിക്കുന്ന ദേവാലയത്തിൽ ഒരു "കരച്ചിൽമുറി" (Crying Room) ഉണ്ട്. ശിശുക്കളെയുംകൊണ്ടു് കർബാന കാണുവാൻ ചെല്ലുന്ന മാതാക്കളുടെ സങ്കേതമാണതു്. അതിന്റെ ചുമരുകൾ സ്ഫടികംകൊണ്ടു നിർമ്മിതമായിരിക്കുന്നതിനാൽ വി. കുർബാനയിൽ സംബന്ധിക്കുന്നതിനു യാതൊരു പ്രയാസവുമില്ല; അതേസമയംതന്നെ ശിശുക്കളുടെ കരച്ചിൽ മററുള്ളവരെ അസഹ്യപ്പെടുത്തുകയുമില്ല.

## സമുചിതമായ സമാരംഭം

അമേരിക്കൻ ഐക്യനാടുകളിലെ അറേറാർണി ജനറലായ മി. ജെ. ഹവേർഡ് മക് ഗ്രാത്ത് പ്രസ്തുത ഉദ്യോഗം ഏല്ക്കുന്നതിനുമുമ്പ്, സ്വഭവനത്തിൽ വി. കുർബാന അർപ്പിക്കുന്നതിനുവേണ്ട ഏർപ്പാടുകൾ ചെയ്യുകയും അതിൽ സംബന്ധിക്കുകയും ചെയ്തു. എട്ടു കൊല്ലംമുമ്പ് ആരംഭിച്ചു ഒരു പതിവാണിതു്. ദിവ്യബലിയിൽ സംബന്ധിച്ചു ദൈവാനുഗ്രഹത്തിനായി പ്രാർത്ഥിച്ചശേഷമല്ലാതെ പ്രധാനപ്പെട്ടയാതൊരുദ്യോഗവും അദ്ദേഹം ഏറെറടുക്കാറില്ല.

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ഡി. ഡി., ബി. എ.

Vol. 23 || ERNAKULAM, MAY 10, 1950 || No. 35


# കമ്മ്യൂണിസ്റ്റ് ലക്ഷ്യം സാർവലൗകികവിപ്ലവം

കമ്മ്യൂണിസത്തിന്റെ സ്ഥാപകന്മാരായ മാർക്സും എൻജൽസുംകൂടി 1848-ൽ പുറപ്പെടുവിച്ച കമ്മ്യൂണിസ്റ്റ് മനിഫെസ്റ്റോ സാർവലൗകിക വിപ്ലവത്തിനുള്ള ആഹ്വാനമായിരുന്നു. "അഖിലലോകതൊഴിലാളികളേ സംഘടിക്കുവിൻ. അപഹരണം ചെയ്തവരോട് അപഹരണം ചെയ്യുവിൻ" എന്ന തീപ്പൊരി പറക്കുന്ന വാക്കുകളോടുകൂടിയാണ് ഈ ആഹ്വാനം അവസാനിപ്പിച്ചിരിക്കുന്നതു്. ഇതു പ്രയോഗത്തിൽ വരുത്തുവാൻവേണ്ടി മാർക്സുതന്നെ "ഒന്നാം ഇന്റർനാഷണൽ" എന്നറിയപ്പെടുന്ന സാർവദേശീയ വിപ്ലവസംഘടന സ്ഥാപിച്ചു. അകമേയുണ്ടായ വഴക്കുകൾനിമിത്തം ആ സംഘടന നീണ്ടുനിന്നില്ല. രണ്ടാം ഇന്റർനാഷണൽ എന്ന നാമത്തിൽ സോഷ്യലിസ്റ്റുകാരുടെ വേറൊരു സംഘടന സ്ഥാപിക്കപ്പെട്ടു. ഒന്നാം ലോകമഹായുദ്ധത്തിനുമുൻപ് ഈ സാർവദേശീയ സംഘടന 9 കോൺഗ്രസുകൾ കൂടിയിട്ടുണ്ടു്. വിവിധരാജ്യങ്ങളിലെ സോഷ്യലിസ്റ്റുകാർ യുദ്ധകാലത്തു സാർവദേശീയ വീക്ഷണം പരിത്യജിക്കുകയും അവരവരുടെ രാജ്യങ്ങളോടുചേർന്നു നില്ക്കുകയും ചെയ്തതിനാൽ ഈ രണ്ടാമത്തെ ഇന്റർനാഷണലും ഉടഞ്ഞുപോകുകയാണുണ്ടായതു്. ബോൾഷെവിക്കുകാർ റഷ്യയിൽ വിപ്ലവമുണ്ടാക്കിയതിനെ തുടർന്നു 1919-ൽ ലെനിൻ "മൂന്നാം ഇന്റർനാഷണൽ" സ്ഥാപിച്ചു. ഇതാണു കൊമിൻടേൺ (കമ്മ്യൂണിസ്റ്റ് ഇന്റർനാഷണൽ) എന്നറിയപ്പെടുന്ന സാർവലൗകിക വിപ്ലവസംഘടന രൂപമെടുത്തതു്.

## കൊമിൻടേൺ

അതിന്റെ ഒന്നാമത്തെ കോൺഗ്രസിൽ സംബന്ധിക്കുവാനുള്ള ക്ഷണമയച്ചതു സോവ്യററു് ഗവമ്മെന്റിലെ വിദേശകാര്യവകുപ്പിന്റെ മേധാവിയായിരുന്നു. ആ കോൺഗ്രസിന്റേയും തുടർന്നുള്ള മൂന്നു കോൺഗ്രസുകളുടേയും യോഗങ്ങളിൽ ആധിപത്യം വഹിച്ചതു സോവ്യററു ഗവമ്മെന്റിന്റെ ഔദ്യോഗികനേതാവായ ലെനിൻ തന്നെയാണു്. കൊമിൻടേൺ സംഘടനയുടെ ഉദ്ദേശമെന്താണെന്നു് അതിന്റെ ഒന്നാമത്തെ പ്രസിഡന്റായിരുന്ന സിനോവിവ് (Zinoviev) ചെയ്തതും ഔദ്യോഗികമിനിട്ടുകളിൽ കൊള്ളിച്ചിട്ടുള്ളതുമായ ചില പ്രസ്താവനകളിൽ കാണാം:

"മൂന്നാം ഇന്റർനാഷണലിന്റെ കൊടിക്കീഴിൽ തൊഴിലാളിവർഗ്ഗം ലോകമാസകലം വിജയം വരിക്കും...

"യൂറോപ്യൻ വിപ്ലവത്തിൽ മാത്രമല്ല, പിന്നെയോ സാർവലൗകിക വിപ്ലവത്തിലും വിജയം വരിക്കുമെന്നു ഞാൻ ഉറപ്പിച്ചുപറയുന്നു......

"ക്യാപ്പിററലിസ്റ്റ് അമേരിക്കയും കമ്മ്യൂണിസ്റ്റ് യൂറോപ്പും ഒരുമിച്ചു ജീവിക്കുവാൻ സാദ്ധ്യമല്ല."

ലോകമഹാവിപ്ലവമാണു് കൊമിൻടേണിന്റെ ദീർഘകാലലക്ഷ്യമെങ്കിലും യൂറോപ്പിൽ വിപ്ലവമുണ്ടാക്കുവാനാണു് അതു് ആദ്യം കൂടുതലായി പ്രവർത്തിച്ചതു്. പോളണ്ടു്, ബൾഗേറിയ, ജർമ്മനി, ചെക്കോസ്ലോവാക്യ, ഇററലി എന്നീ രാജ്യങ്ങളിൽ മാർഗ്ഗദർശനവും പണശേഖരവും നേതൃത്വവും നല്കിക്കൊണ്ടു് അവിടങ്ങളിലെ വിപ്ലവപ്രസ്ഥാനങ്ങളിൽ കൊമിൻടേൺ പങ്കെടുത്തു. എന്നാൽ അവയെല്ലാം അവസാനത്തിൽ അപജയിക്കുകയാണുണ്ടായതു്. അപജയങ്ങളെപ്പററി കൊമിൻടേണിന്റെ കോൺഗ്രസുകളിൽ വിലപിക്കുകയും ചർച്ചകൾ നടത്തുകയും ചെയ്തു. വിപ്ലവതന്ത്രങ്ങൾ ഭേദപ്പെടുത്തേണ്ടതാണെന്നു കണ്ടു. 1935-ൽ ഏഴാമത്തെ കോൺഗ്രസിൽ അതിന്റെ സെക്രട്ടറി ജനറലായിരുന്ന (ഇപ്പോൾ ബൽഗേറിയായിൽ പ്രധാനമന്ത്രിയായിരിക്കുന്ന) ഡിമിററ്റോവ് (Dimitrov) ഒരു പുതിയതന്ത്രം നിർദ്ദേശിച്ചു, നിലവിലിരിക്കുന്ന ഗവമ്മെന്റുകളെ തകിടംമറിക്കുവാൻ. ഇതാണു് "ട്രോജൻകുതിര" തന്ത്രം എന്നറിയപ്പെടുന്നതു്. (ഇതിനെപ്പററി പിന്നാലെ പറഞ്ഞുകൊള്ളാം.)

രണ്ടാം ലോകമഹായുദ്ധത്തിനിടയ്ക്കു് 1943-ൽ സ്റ്റാലിൻ കൊമിൻടേൺ സംഘടനയെ പിരിച്ചുവിടുവാൻ ഉത്തരവിട്ടു. റഷ്യക്കു അനേകം കപ്പലുകൾ നിറയെ വിഭവങ്ങൾ അമേരിക്കയിൽനിന്നു വായ്പയായി (Lend Lease) കിട്ടിക്കൊണ്ടിരുന്നതും പ്രസിഡന്റു് റൂസ്‌വെൽട്ടിന്റെ നിർബന്ധത്താൽ തങ്ങളും പ്രജായത്താദർശങ്ങൾ സ്വീകരിച്ചിട്ടുള്ളവരാണെന്നു ലോകരെ ബോദ്ധ്യപ്പെടുത്തുവാൻ റഷ്യ സർവപ്രകാരേണയും ശ്രമിച്ചുകൊണ്ടിരുന്നതുമായ ഒരു കാലഘട്ടമായിരുന്നു അതു്. തദവസരത്തിൽ കൊമിൻടേൺ സംഘടനയുടെ പിരിച്ചുവിടൽ സംബന്ധിച്ചു തനിക്കുള്ള പ്രജായത്തപരമായ ഉദ്ദേശങ്ങളെ വിവരിച്ചുകൊണ്ടു് സ്റ്റാലിൻ താഴെക്കാണുന്ന പ്രസ്താവനയും പുറപ്പെടുവിച്ചു.

"സ്ലാവു വർഗ്ഗക്കാരുടേയും യൂറോപ്പിലെ അടിമകളാക്കപ്പെട്ടിരിക്കുന്ന ഇതര ജനതതികളുടേയും മേൽ ഞങ്ങളുടെ അഭീഷ്ടങ്ങളോ ഞങ്ങളുടെ ഭരണസമ്പ്രദായമോ കെട്ടിവയ്ക്കണമെന്നുള്ള യുദ്ധോദ്ദേശങ്ങൾ ഞങ്ങൾക്കില്ല. ഞങ്ങൾക്കുണ്ടാകുവാൻ കഴിയുന്നതുമല്ല......അവരുടെ സ്വന്തം രാജ്യങ്ങളിൽ അവർക്കു യുക്തമെന്നു തോന്നുന്ന ജീവിതസമ്പ്രദായങ്ങൾ പരിപൂർണ്ണമായ സ്വാതന്ത്ര്യത്തോടുകൂടി സംവിധാനംചെയ്യാനുള്ള സാദ്ധ്യതയെ അവർക്കു പ്രദാനംചെയ്യണമെന്നാണു ഞങ്ങളുടെ ഉദ്ദേശം. ഇതര രാഷ്ട്രങ്ങളുടെ ആഭ്യന്തരകാര്യങ്ങളിൽ യാതൊരു വിധത്തിലും ഞങ്ങൾ കൈകടത്തുന്നതല്ല."

യുദ്ധാനന്തരം സ്റ്റാലിൻ നടത്തിയിട്ടുള്ള കൈയേററങ്ങളുടേയും ആക്രമണങ്ങളുടേയും വെളിച്ചത്തിൽ അദ്ദേഹത്തിന്റെ ഈ പ്രസ്താവം പൈശാചികമായ തന്ത്രമായിരുന്നുവെന്നു് ആർക്കാണു് കാണാൻ കഴിയാത്തതു്?

## കൊമിൻഫോറം

യുദ്ധകാലത്തു വലിയ ഒച്ചപ്പാടോടുകൂടി സ്റ്റാലിൻ പിരിച്ചുവിട്ട കൊമിൻടേൺ തത്തുല്യമായ ഒച്ചപ്പാടോടുകൂടി യുദ്ധാനന്തരം 1947 ൽ സ്റ്റാലിൻതന്നെ പുനരുദ്ധരിച്ചു. ഉദ്ധാരണത്തിൽ വരുത്തിയ ഏക ഭേദഗതി പേരിൽമാത്രമായിരുന്നു. കൊമിൻടേൺ എന്ന പേരുമാററി പകരം കൊമിൻഫോറം (Cominform) എന്ന പേർ സ്വീകരിച്ചു. കൊമിൻടേൺ സ്റ്റാലിൻ പിരിച്ചുവിട്ടതു് വെറും വേഷമായിരുന്നുവെന്നു് അക്കാലത്തുതന്നെ എല്ലാവർക്കും അറിയാമായിരുന്നു. പിന്നീടുള്ള സംഭവങ്ങൾ ആ ഊഹം ശരിയാണെന്നു തെളിയിച്ചിരിക്കുന്നു. കൊമിൻടേൺ സംഘടനയുടെ പഴയ ഉദ്യോഗസ്ഥന്മാരും ഡെലഗേററുകളും ഏജന്റന്മാരുമെല്ലാം യുദ്ധാനന്തരം വീണ്ടും പ്രത്യക്ഷപ്പെട്ടു. യൂറോപ്പിലേയും അമേരിക്കയിലേയും കമ്മ്യൂണിസ്റ്റ് പാർട്ടികളുടെ മേധാവികളായോ സോവ്യററു് ആധിപത്യത്തിനു കീഴിൽ അമർത്തിവച്ചിരിക്കുന്ന തെക്കുകിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിലെ പാവഗവർമ്മെന്റുകളുടെ തലവന്മാരായോ അവർ നിയമിക്കപ്പെട്ടിരിക്കുകയാണു്. കൊമിൻടേണിന്റെ കീഴിൽ അവിടെ നടത്തിയിരുന്ന കമ്മ്യൂണിസ്റ്റ്പ്രചരണം സർവാത്മനാ അവർ നടത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. കൊമിൻഫോറം എന്ന പുതിയ പേരിൽ കൊമിൻടേൺ പുനരുദ്ധരിച്ചതു് പോളണ്ടിന്റെ തലസ്ഥാനമായ വോർസായിൽ കൂടിയ ഒരു കോൺഫറൻസിൽ വച്ചാണു്. സോവ്യററു് റഷ്യയുടെ പിടിയിലമർന്നിരിക്കുന്ന 9 രാജ്യക്കാർ ആ യോഗത്തിൽ സന്നിഹിതരായി ഒരു വിജ്ഞാപനം പ്രസിദ്ധപ്പെടുത്തി. അതിൽ ലോകമാസകലമുള്ള കമ്മ്യൂണിസ്റ്റുകാരെ ആഹ്വാനം ചെയ്തതു് അമേരിക്കയുടെ "സാമ്രാജ്യപരമായ വിസ്തൃതിക്കും ആക്രമണത്തിനും" എതിരായി നടത്തുന്ന സമരത്തിന്റെ "മുന്നണിയിൽ" നിൽക്കുവാനാണു്. റഷ്യയേയും അവളുടെ ഉപഗ്രഹങ്ങളായ രാജ്യങ്ങളേയും "ഡെമോക്രസി"കളുടെ ഗണത്തിലും, യുണൈററഡ് സ്റ്റേയ്റ്റ്സിനേയും ഗ്രെയിററ് ബ്രിട്ടനേയും "ഇംപീരിയലിസ്റ്റിക്കും ആന്റിഡെമോക്രാററിക്കും" ഗണത്തിലും വിജ്ഞാപനം ഉൾപ്പെടുത്തിയിരുന്നു. യൂറോപ്പിന്റെ സമുദ്ധാരണത്തിനായി ഏർപ്പെടുത്തപ്പെട്ട അമേരിക്കയുടെ മാർഷൽപ്ലാനിനെ "ഒരു ഫാഴ്സു്" എന്നാണു് അതിൽ വിളിച്ചിരുന്നതു്. ലോകത്തെ "സാമ്പത്തികമായും രാഷ്ട്രീയമായും കീഴ്പ്പെടുത്തുവാനും ഒരു പുതിയ യുദ്ധം അഴിച്ചുവിടുവാനും" അമേരിക്ക ശ്രമിക്കുകയാണെന്നും, അതിനുവേണ്ടി "വഞ്ചന, ഭീഷണി, രാഷ്ട്രീയതന്ത്രങ്ങൾ, കൈക്കൂലി, സാമ്പത്തികമർദ്ദനം, ലജ്ജാകരവും ആക്രമണപരവുമായ തന്ത്രങ്ങൾ" ഇവയെല്ലാം മാർഗ്ഗങ്ങളായി സ്വീകരിക്കുന്നുണ്ടെന്നും അമേരിക്കയുടെമേൽ കുററം ആരോപിക്കുകയും ചെയ്തിരുന്നു. അമേരിക്കയോടു സഹകരിക്കുന്ന യൂറോപ്പിലെ സകല രാജ്യതന്ത്രജ്ഞന്മാരേയും "ഒററിക്കൊടുക്കുന്നവർ" എന്നു വിളിക്കുകയും ചെയ്തു. ഈ കോൺഫറൻസിൽ സ്റ്റാലിൻ സന്നിഹിതനായിരുന്നില്ലെങ്കിലും അദ്ദേഹമാണു് അതിന്റെ യഥാർത്ഥനേതൃത്വം വഹിച്ചതെന്നുള്ളതിനു സംശയമില്ല. കാരണം, സോവ്യററു് ഗവർമ്മെന്റിലെ 'പൊളിററു് ബ്യൂറോ" എന്ന പരമാധികാരസമിതിയിലെ ഒരംഗവും സ്റ്റാലിന്റെ ഏററവും വലിയ വിശ്വാസം സമാർജ്ജിച്ചവനുമായ സ്ഡാനോവു് (Zhdanov) ആണു് കോൺഫറൻസുൽഘാടനം ചെയ്തതു്. 1943-ൽ കൊമിൻടേൺ പിരിച്ചുവിട്ട വിജ്ഞാപനത്തിലെ ഒപ്പുകാരിൽ ഒരാളാണു് ഈ ഉൽഘാടകൻ. യൂഗോസ്ലാവിയായുടെ തലസ്ഥാനമായ ബെൽഗ്രെയിഡിൽ ഒരു ഇൻഫർമേഷൻ ബ്യൂറോ സ്ഥാപിക്കുകയും ചെയ്തു. കൊമിൻഫോറം സംഘടനയുടെ അംഗങ്ങളായ ഓരോ രാജ്യത്തിലേയും കമ്മ്യൂണിസ്റ്റ്പാർട്ടികളുടെ പ്രമുഖനേതാക്കന്മാർ ഈ ബ്യൂറോയുടെ ഡയറക്ടർബോർഡിൽ അംഗങ്ങളായിരിക്കണമെന്നും ബ്യൂറോയുടെ വകയായി ഒരു പത്രഗ്രന്ഥം പ്രസിദ്ധപ്പെടുത്തണമെന്നും തീരുമാനിച്ചു. കൊമിൻഫോറം സംഘടനയുടെ സ്ഥാപനവും പ്രവർത്തനങ്ങളും സോവ്യററു് റഷ്യയുടെ നേതൃത്വത്തിൽ കമ്മ്യൂണിസം ലക്ഷ്യംവച്ചിരിക്കുന്ന സാർവലൗകിക വിപ്ലവത്തെ വിളിച്ചുപറയുകയല്ലയോ ചെയ്യുന്നതു്?

## കമ്മ്യൂണിസ്റ്റ് വിപ്ലവം

പുള്ളിപ്പുലിക്കു പുള്ളികളയാൻ സാധിക്കാത്തതുപോലെ, കമ്മ്യൂണിസത്തിനു് സാർവ്വലൗകികവിപ്ലവത്തിൽനിന്നു വിരമിക്കുവാൻ സാദ്ധ്യമല്ല. റഷ്യയിലെ സാർചക്രവർത്തിയുടെ ഡിക്റേററർഷിപ്പു് വിദേശങ്ങളിലേക്കു് ഇറക്കുമതി ചെയ്യാനുള്ള ചരക്കായിരുന്നില്ല. അതിന്റെ സ്ഥാനത്തു പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന കൂടുതൽ കടുത്ത കമ്മ്യൂണിസ്റ്റ് ഡിക്റേററർഷിപ്പു് ലോകമാസകലം ഇറക്കുമതിചെയ്യാനുള്ള ചരക്കാണു്. ലെനിൻതന്നെ ഇതു സമ്മതിച്ചിട്ടുണ്ടു്. അദ്ദേഹത്തിന്റെ വാക്കുകൾ സ്റ്റാലിൻ ഉദ്ധരിച്ചിട്ടുള്ളതിങ്ങനെയാണു്:

"സോവ്യററു് റിപ്പബ്ലിക്കിനു ദീർഘകാലം ഇമ്പീരിയലിസ്റ്റ് രാഷ്ട്രങ്ങളോടുചേർന്നു സ്ഥിതിചെയ്യുക അസാദ്ധ്യമാണു്. അവസാനത്തിൽ അവയിലൊന്നു മറേറതിനെ പിടിച്ചടക്കണം. അതിനിടയിൽ സോവ്യററു് റിപ്പബ്ലിക്കും ബൂർഷ്വാ രാഷ്ട്രങ്ങളും തമ്മിൽ അനേകം ഭയങ്കരങ്ങളായ സംഘട്ടനങ്ങൾ ഉണ്ടായേ കഴിയൂ......തന്മൂലം ഒരു രാജ്യത്തിലെ വിജയപൂർവ്വകമായ വിപ്ലവത്തിന്റെ സാരഭൂതമായ ചുമതല മററു രാജ്യങ്ങളിൽ വിപ്ലവത്തെ വികസിപ്പിക്കുകയും സഹായിക്കുകയുമാണു്. ആകയാൽ വിജയംവരിച്ച ഒരു രാജ്യത്തിലെ വിപ്ലവത്തിനു്, അതിൽത്തന്നെ ഒതുങ്ങിയിരിക്കുന്ന ഘടകമായി സ്വയം ഗണിക്കാവുന്നതല്ല; പ്രത്യുത മററു രാജ്യങ്ങളിൽ തൊഴിലാളിവിജയം ത്വരിതപ്പെടുത്തുവാനുള്ള സഹായിയും മാർഗ്ഗവുമായിട്ടാണു് സ്വയം ഗണിക്കേണ്ടതു്."

ലെനിന്റെ ശവമഞ്ചത്തിനടുത്തുനിന്നു സ്റ്റാലിൻ ചെയ്ത ചരമപ്രസംഗത്തിൽ പ്രസ്താവിച്ചിരുന്നതിങ്ങനെയാണു്:

"നമ്മെ വിട്ടുപിരിഞ്ഞിരിക്കുന്ന സഖാവു ലെനിൻ നമ്മോടാജ്ഞാപിച്ചിരിക്കുന്നു, നാം കമ്മ്യൂണിസ്റ്റ് ഇന്റർനാഷണലിനോടു് വിശ്വസ്തരായിരുന്നുകൊള്ളണമെന്നു്. അല്ലയോ ലെനിൻ സഖാവേ, ഞങ്ങൾ അങ്ങയോടു ശപഥംചെയ്യുന്നതെന്തെന്നാൽ, കമ്മ്യൂണിസ്റ്റ് ഇന്റർനാഷണലിനെ വിസ്തൃതമാക്കുവാനും ശക്തിപ്പെടുത്തുവാനും വേണ്ടി ഞങ്ങൾ ഞങ്ങളുടെ ജീവിതത്തെ പ്രതിഷ്ഠിച്ചുകൊള്ളാം."

25 കൊല്ലം മുൻപു് മഹാവിപ്ലവനേതാവിന്റെ മൃതശരീരത്തിനു മുൻപിൽ അനുഷ്ഠിക്കപ്പെട്ട ഈ മഹത്തായ സത്യപ്രതിജ്ഞയാണു് വേഷത്തിൽ മാത്രമാണെങ്കിലും പിരിച്ചുവിടപ്പെട്ട കമ്മ്യൂണിസ്റ്റ് ഇന്റർനാഷണലിനെ പുനരുദ്ധരിക്കുവാൻ സ്റ്റാലിനെ പ്രേരിപ്പിച്ചതെന്നു നമുക്കു മനസ്സിലാക്കുവാൻ കഴിയും.


## സത്യദീപം വരിസംഖ്യ

| | | |
|---|---|---|
| പ്രതിവർഷം അഞ്ചൽ | ക. | 6—0—0 |
| പ്രതിവർഷം തപാൽ | " | 6—8—0 |
| ഇൻഡ്യക്കു പുറമെ | " | 8—0—0 |
| ഒററപ്രതി | | 0—2—0 |


## ഞാൻ കണ്ട ലൂർദ്ദ്

(ഫാ. പോൾ കുഴിക്കാട്ട് ബി. എ.)

ഫാത്തിമായിൽനിന്നും ഇൻഡ്യൻതീർത്ഥകർ ലിസ്ബണിൽ വന്നു് അവിടെനിന്നും വിമാനത്തിൽ മൂന്നുമണിക്കൂർ യാത്രചെയ്തു ഫ്രാൻസിലെ അതിപുരാതനവും പ്രസിദ്ധവുമായ ടുളൂസ് പട്ടണത്തിൽ എത്തി. മേയ് 2-ാംനു ടുളൂസിലെ വി. എസ്സുപ്പാനോസിന്റെ ഭദ്രാസനദേവാലയത്തിൽ ഞങ്ങൾ കുർബാന ചൊല്ലി. ഈ ദേവാലയത്തിൽ വേദശാസ്ത്രപാരംഗതനായ വി. തോമസ് അക്വീനാസിന്റെ തലയോടു സൂക്ഷിച്ചിരിക്കുന്നതു ഞങ്ങൾ കണ്ടു. ടുളൂസ് കത്തോലിക്കാചൈതന്യമുള്ള ഒരു രാജ്യമാണു്. പ്രഭാതഭക്ഷണം കഴിഞ്ഞു ഞങ്ങൾ ബസ്സിൽ ലൂർദ്ദിലേക്കു തിരിച്ചു. ലൂർദ്ദിലേക്കു ടുളൂസിൽനിന്നും 100 മൈൽ അകലമുണ്ടു്. വിസ്തൃതങ്ങളായ കൃഷിസ്ഥലങ്ങൾ, മനോഹരങ്ങളായ പൂന്തോട്ടങ്ങൾ, ഉന്നതങ്ങളായ പർവ്വതനിരകൾ, സമാകർഷകങ്ങളായ കുന്നിൻപുറങ്ങൾ, പൈൻവൃക്ഷങ്ങളാൽമാത്രം സമലംകൃതമായ വനപ്രദേശങ്ങൾ ഇവയെല്ലാം കണ്ടു് മനംകുളിർത്തും മാംസം തണുത്തും ഞങ്ങൾ ലൂർദ്ദ്പട്ടണത്തിൽ 4 മണിയോടുകൂടി എത്തി. ലൂർദ്ദ് ഒരു പട്ടണംതന്നെയാണു്. മതസംബന്ധമായ സാധനങ്ങൾ എവിടെയും ധാരാളം മിതമായ വിലയ്ക്കു കിട്ടും. അമലോത്ഭവകന്യക വി. ബർണദീത്തിനു പ്രത്യക്ഷപ്പെട്ട ഗ്രോട്ടോയിൽ മാതാവിന്റെ പ്രതിമ സ്ഥാപിച്ചിരിക്കുന്നു. മൂന്നുനിലകളിലായിട്ടാണു് ഭദ്രാസനദേവാലയം സ്ഥിതിചെയ്യുന്നതു്. ബ്രഹ്മാണ്ഡമായ ഈ ദേവാലയത്തിന്റെ മുൻവശത്തു 2 ലക്ഷത്തോളം ജനങ്ങൾക്കു നിൽക്കുവാൻ സ്ഥലമുണ്ടു്. ദിവസവും 4-30നു് (വൈകുന്നേരം) വി. കുർബാനയുടെ പ്രദക്ഷിണം നടത്തുന്നു

ങ്ങൾ സംബന്ധിച്ച പ്രദക്ഷിണത്തിൽ എൺപതിനായിരം ജനങ്ങൾ ഉണ്ടായിരുന്നു. ഒരു മെത്രാനായിരുന്നു വി. കുർബാന വഹിച്ചിരുന്നതു്. ഏതാണ്ടു അഞ്ഞൂറോളം രോഗികൾ സുഖലബ്ധിക്കായി ഉന്തുവണ്ടികളിൽ നേരത്തെ ദേവാലയത്തിന്റെ മുൻവശത്തു സ്ഥലംപിടിച്ചിരുന്നു. തളർവാതക്കാർ, മുടന്തർ, അന്ധർ ഇവർ മുൻനിരയിലായിരുന്നു. പ്രദക്ഷിണംകഴിഞ്ഞു് ഓരോ രോഗിയുടെ സമീപെചെന്നു് മെത്രാൻതിരുമേനി വി. കുർബാനകൊണ്ടു് അവരെ ആശീർവ്വദിച്ചു. വേറെ 4 മെത്രാന്മാരും 500 വൈദികരും ഈ പ്രദക്ഷിണത്തിൽ സംബന്ധിച്ചു. രാത്രി 8 മണിക്കു് എല്ലാവരും മെഴുകുതിരി പിടിച്ചുകൊണ്ടു് മാതാവിന്റെ ലുത്തിനിയ പാടി മറെറാരു പ്രദക്ഷിണം ഉണ്ടായിരുന്നു. ഇതിൽ ഒരുലക്ഷംജനങ്ങൾ സംബന്ധിച്ചു. ദിവസവും ഇപ്രകാരം രണ്ടു പ്രദക്ഷിണംഉണ്ടു്. ലൂർദ്ദിലുള്ളമിക്കവരും ഈ രണ്ടു പ്രദക്ഷിണങ്ങളിലും ദിവസവും സംബന്ധിക്കുന്നുണ്ടു്. ഏഷ്യാക്കാരനും, ആഫ്രിക്കാക്കാരനും, അമേരിക്കനും ക്രിസ്തീയസാഹോദര്യത്തിൽ സമ്മേളിക്കുന്ന ഈ അത്ഭുതകേന്ദ്രത്തിൽവന്നു്, എത്രയോ അവിശ്വാസികൾ വിശ്വാസികളായും, ലൗകായതികർ ആദ്ധ്യാത്മികരായും, രോഗികൾ സൗഖ്യമുള്ളവരായും പിരിയുന്നു. ലോകത്തിന്റെ മുമ്പിൽ ലൂർദ്ദ് ഒരു ചോദ്യചിഹ്നമാണു്. ആരെയും അമ്പരപ്പിക്കുന്നതാണു് ലൂർദ്ദിലെ സജീവ ക്രിസ്തീയ ചൈതന്യം. ഞങ്ങൾ ഉന്നതങ്ങളായ കുന്നിൻപുറത്തുള്ള ഗാഗുൽത്തായിൽ കുരിശിന്റെവഴികഴിച്ചു് എല്ലാവർക്കുംവേണ്ടി പ്രാർത്ഥിച്ചു. പിറേറദിവസം ഗ്രോട്ടോയുടെ അരികിലുള്ള ബലിപീഠത്തിൽ പ്രത്യേകാനുവാദപ്രകാരം എനിക്കു ബലി അർപ്പിക്കുവാൻ സാധിച്ചു എന്നുള്ളതും പ്രസ്താവ്യമാണു്. ഇങ്ങനെ ലൂർദ്ദിലെ സന്ദർശനം കഴിഞ്ഞു് ഇന്നലെ (3-ാംനു-)ഞങ്ങൾ ടുളൂസിൽനിന്നു വിമാനത്തിൽ പാരീസിൽ എത്തി. നാളെ ലിസ്യൂ സന്ദർശിക്കും. മൂന്നു ദിവസംകഴിഞ്ഞു് ലണ്ടനിലേക്കു തിരിക്കും.

സി. അൽഫോൻസായുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യപ്രാപ്തിയുണ്ടായതിനും ഭാര്യയുടെ പ്രസവം സുഖമായി കഴിഞ്ഞതിനും നന്ദി.

റഗീ. അഗസ്റ്റിൻ
മുട്ടം, തൊടുപുഴ.

ഫാത്തിമാനാഥയുടെ സഹായത്താൽ

## രോഗശമനം

ബോംബെ 6-5-1950. ഫാത്തിമാംബയുടെ പവിത്രപ്രതിമ ഇപ്പോൾ ബോംബെ പ്രോവിൻസിൽ തീർത്ഥാടനം നടത്തിവരുകയാണു്. മേയ് മാസം 1-ാംനു- തിങ്കളാഴ്ച വൈകുന്നേരം അഞ്ചരമണിക്കു് തീർത്ഥകകന്യക കറാച്ചിയിൽനിന്നും വിമാനമാർഗ്ഗം സാൻറാക്രൂസിലെത്തി. ഡൽഹി-സിംല ആർച്ചുബിഷപ്പും ബോംബെ സഹായമെത്രാൻ ഡോക്ടർ ഗ്രേഷ്യസും നിരവധി വൈദികരും പതിനായിരത്തിൽപ്പരം ജനങ്ങളും തത്സമയം സന്നിഹിതരായിരുന്നു. സഹായമെത്രാൻ പ്രതിമ ഏററുവാങ്ങി. ബോംബെ കത്തീഡ്രലിലേക്കുള്ള ദൂരം 16 മൈലാണു്. അതു മുഴുവനും സമുചിതം സമലംകൃതമായിരുന്നുവെന്നു പറയുമ്പോൾ ഫാത്തിമാമാതാവിനു് ബോംബെയിൽ ലഭിച്ച സ്വീകരണം എത്ര രാജോചിതമായിരുന്നെന്നു് ഊഹിക്കാവുന്നതാണു്. 600-ൽപ്പരം കാറുകളും ബഹുസഹസ്രം സൈക്കിളുകളും ഘോഷയാത്രയെ അകമ്പടി സേവിച്ചിരുന്നു. രഥം കത്തീഡ്രലിലെത്തിയപ്പോഴെക്കും ജനങ്ങളുടെ സംഖ്യ മുക്കാൽ ലക്ഷത്തോളമായി. സിററിമേയർ, ഷെറിഫ് തുടങ്ങിയ പൗരമുഖ്യരും അക്കൂട്ടത്തിൽ സന്നിഹിതരായിരുന്നു. അന്നു രാത്രി മുഴുവൻ പ്രാർത്ഥനയും ചൊവ്വാഴ്ച രാവിലെ പൊന്തിഫിക്കൽ കുർബാനയും നടന്നു. 3-ാംനു- ബുധനാഴ്ച കാലത്തു് സെൻറ് സേവ്യേഴ്സ് കോളെജിനോടനുബന്ധിച്ചുള്ള ജിംഖാനമൈതാനത്തിൽവച്ചു പ്രതിമയുടെ സാന്നിദ്ധ്യത്തിൽ രോഗികൾക്കായുള്ള വിശുദ്ധ കുർബാന യർപ്പിക്കപ്പെട്ടു. തദവസരത്തിൽ ഫ്രാൻസിസ്കൻ ഹോസ്പിററലേഴ്സ് എന്ന സഭയിൽപ്പെട്ട ദാദർമഠത്തിലെ സിസ്റ്റർ ബിയാട്രിസ് വിസ്മയകരമാംവണ്ണം സുഖം പ്രാപിക്കുയുണ്ടായി.

പ്രസ്തുത കന്യാസ്ത്രീ 1938 മാർച്ചു മുതൽ 1950 മേയ് വരെ രോഗബാധിതയായി കഴിഞ്ഞുകൂടുകയായിരുന്നു. 10 വർഷം ഒരാസ്പത്രിയിൽ ചികിത്സയിലായിരുന്നുവെങ്കിലും രോഗശാന്തി ലഭിക്കായ്കയാൽ മഠത്തിലേക്കു് മടങ്ങുകയാണുണ്ടായതു്. പെട്ടെന്നുണ്ടായ ഒരു വീഴ്ചയെത്തുടർന്നു് അവരെ ബാധിച്ച നട്ടെല്ലുസംബന്ധമായ രോഗം സുഖപ്പെടുവാൻ അസാദ്ധ്യമാണെന്നായിരുന്നു 5 പ്രമുഖഡോക്ടർമാരുടെ അഭിപ്രായം. സിസ്റ്റർബിയാട്രിസ് കാറിലാണു് ഫാത്തിമാജനനിയുടെ പ്രതിമ സ്ഥാപിച്ചിരുന്ന ജിംഖാന മൈതാനത്തിലേക്കു് ആനയിക്കപ്പെട്ടതു്. രോഗികൾക്കു പ്രത്യേകം നിശ്ചയിച്ചിരുന്ന ഭാഗത്തു് ആദ്യം സ്ഥലംപിടിച്ചതും പ്രസ്തുത സഹോദരിതന്നെയാണു്. ദിവ്യപൂജയ്ക്കുശേഷം നടന്ന ദിവ്യകാരുണ്യാശീർവ്വാദച്ചടങ്ങിനിടയ്ക്കു് ബോംബെ സഹായമെത്രാൻ തിരുമേനി അവരെ ആശീർവ്വദിച്ചു. തൽക്ഷണം, പ്രസ്തുത സഹോദരിയുടെ ശരീരത്തിൽ രോഗബാധിതമായിരുന്ന സ്ഥലത്തു ദുസ്സഹമായ വേദന അനുഭവപ്പെട്ടു. വേദന 10 മിനിട്ടുനേരം ദീർഘിച്ചു. വാഴ്വിനുശേഷം ഇരുന്ന കസേരയോടുകൂടി അവർ കാർ നിർത്തിയ സ്ഥലത്തേക്കു് സംവഹിക്കപ്പെട്ടു. പക്ഷേ കുറേ കഴിഞ്ഞതിനുശേഷമാണു് കാറവിടെ എത്തിയതു്. അപ്പോൾ അവരെ കാറിലേക്കു് എടുത്തുകയററുവാൻ സ്നേഹിതർ സന്നദ്ധരായി. എന്നാൽ സുഖംപ്രാപിച്ചിരിക്കുന്നതായി തനിക്കു തോന്നുന്നുവെന്നു പ്രസ്താവിച്ചുകൊണ്ടു് സിസ്റ്റർ ബിയാട്രിസ് കസേരയിൽനിന്നെഴുന്നേററു് തന്നെ കാറിൽ കയറിയിരിക്കയാണു ചെയ്തതു്. വ്യാഴാഴ്ച ദാദർ മഠത്തിലെ കപ്പേളയിൽ മററു കന്യാസ്ത്രീകളോടൊരുമിച്ചു് സിസ്റ്റർ ബിയാട്രിസും നടന്നുചെന്നു് വി. കുർബാന കാണുകയുണ്ടായി.

ഈ സംഭവത്തിന്റെ അത്ഭുതസ്വഭാവത്തെപ്പററി ബിഷപ്പ് ഗ്രേഷ്യസ് തിരുമനസ്സുകൊണ്ടു് അതിസൂക്ഷ്മമായ അന്വേഷണം നടത്തിവരികയാണിപ്പോൾ. അതിനുശേഷംമാത്രമേ ഒരു ഔദ്യോഗികമായ പ്രഖ്യാപനം ഉണ്ടാകയുള്ളുവെന്നും അറിയുന്നു. മേയ് 5-ാംനു- വെള്ളിയാഴ്ച ബാംഗളൂർ മെത്രാൻ തിരുമനസ്സുകൊണ്ടു് പ്രസ്തുത കന്യാസ്ത്രീയെ സന്ദർശിക്കയുണ്ടായി. ഈ സംഭവം സംബന്ധിച്ചു് സഭയുടെ നില എന്താണു് എന്നതിനെപ്പററി മേയ് 6-ാംനു- ബോംബെയിലെ ഒരു പള്ളിയിൽവച്ചു് ഫാത്തിമാസ്വരൂപത്തിന്റെ സാന്നിദ്ധ്യത്തിൽ തിരുമനസ്സുകൊണ്ടു് ഒരു പ്രസംഗം ചെയ്തു. ഈ രോഗശമനം സംബന്ധിച്ച വാർത്തയ്ക്കു് ബോംബെയിലെ അകത്തോലിക്കാ പ്രതിദിനപത്രങ്ങൾ വളരെ പ്രസിദ്ധി നല്കിയിട്ടുണ്ടു്. ബ. കന്യാസ്ത്രീയുടെ ഫോട്ടോയും രോഗശമനത്തിന്റെയും ബാംഗളൂർ ബിഷപ്പ് തിരുമനസ്സിലെ പ്രസംഗത്തിന്റെയും റിപ്പോർട്ടുകളും പല പത്രങ്ങളിലുമുണ്ടായിരുന്നു. (പ്ര. ലേ.)

## പ്രാദേശികവാർത്തകൾ

അതിരമ്പുഴ ഹിഡിലിസ്റ്റ് ശ്രീ ടി. ഡി. മാത്യു അവർകളുടെ ശിഷ്യനും സഹോദരപൗത്രനുമായ മാസ്റ്റർ ജോസഫ് മരിയാന്റെ ഫിഡിൽ വായനയുടെ രംഗപ്രവേശം അതിരമ്പുഴപള്ളിക്കെട്ടിടത്തിൽവച്ചു് ഏപ്രിൽ 30-ാംനു- ആഘോഷമായി നടത്തപ്പെട്ടിരിക്കുന്നു.

—ഏപ്രിൽ 30-ാംനു- മുതൽ മേയ് 7-ാംനു-വരെ എറണാകുളം, സെൻറ് ആൽബർട്ട്സ് കോളെജ്ഹാളിൽവച്ചു് നേരത്തെ പ്രസിദ്ധംചെയ്തിരുന്ന പരിപാടിയനുസരിച്ചു് ഒരു കാത്തലിക് സമ്മർസ്കൂൾ വിജയകരമായി നടത്തിയിരിക്കുന്നു. 7-ാംനു- കൂടിയ ഉപസംഹാരയോഗത്തിൽ വരാപ്പുഴ മെത്രാപ്പോലീത്ത ദി മോസ്റ്റ് റവ ഡോക്ടർ ജോസഫ് അട്ടിപ്പേററി അദ്ധ്യക്ഷത വഹിക്കുകയും ശ്രീ ഇ. പി. ഐസക് ബി. എ. എൽ ടി. പ്രസംഗിക്കുകയും ചെയ്തു.


## സെൻറ് അലോഷ്യസ് ഹൈസ്കൂൾ
## ബോർഡിങ്ങ് ഹൗസ്

എൽത്തുരുത്തു A. O. & P. O., തൃശ്ശിവപേരൂർ

കർമ്മലീത്തവൈദികരാൽ നടത്തിവരുന്ന പ്രസ്തുത ബോർഡിങ്ങ് 5-6-1950 | 22-10-1125-ാംനു- തുറക്കുന്നതാണു്. ബോർഡിങ്ങ് ഫീസ് ഈ വർഷം 175 ക. മാത്രം. ബോർഡിങ്ങിൽ താമസിപ്പിച്ചു് തങ്ങളുടെ കുട്ടികളുടെ അദ്ധ്യയനം നടത്തുവാൻ ആഗ്രഹിക്കുന്ന രക്ഷാകർത്താക്കൾ ഉടൻതന്നെ അപേക്ഷകൾ അയക്കുവാൻ താല്പര്യപ്പെടുന്നു. കൂടുതൽ വിവരങ്ങൾക്കു് ബ. റക്ടരച്ചനോടു് ആവശ്യപ്പെടുക.

എന്നു് ഫാ. ജോൺ ജോസഫ് ററി. ഒ. സി. ഡി.
റെക്ടർ


—തൃശ്ശൂർ രൂപതയിലെ കത്തോലിക്കാ പ്രവർത്തനസംഘടനയുടെ ആഭിമുഖ്യത്തിൽ സെൻറ് തോമസ് കോളെജിൽ വച്ചു നടത്തിയ ബിഷപ്പ് വാഴപ്പിള്ളി മെമ്മോറിയൽ സമ്മർസ്കൂളിനോടനുബന്ധിച്ചു് കത്തോലിക്കാ സെക്കണ്ടറിസ്കൂൾ മാനേജർമാർ, ഹെഡ്മാസ്റ്റർമാർ, അദ്ധ്യാപകന്മാർ, എന്നിവരുടെ ഒരു കത്തോലിക്കാ വിദ്യാഭ്യാസസമ്മേളനം ഷെവലിയർ സി. ജെ. വർക്കി അവർകളുടെ അദ്ധ്യക്ഷതയിൽ ഏപ്രിൽ 29-ാംനു- നടന്നിരിക്കുന്നു. രൂപതാ അഡ്മിനിസ്ട്രേറർ റൈററ് റവ. മോൺ. ആൻറണി പുതുശേരി സമ്മേളനം ഉൽഘാടനംചെയ്തു. റവ. ഫാ. സെബാസ്റ്റ്യൻ തേർമാം പ്രസംഗിച്ചു. വിദ്യാഭ്യാസപരമായ കാര്യങ്ങൾ ചർച്ചചെയ്യുവാനായി ഒരു കമ്മിററി രൂപവൽക്കരിച്ചശേഷം യോഗം പിരിഞ്ഞു.

—തൃശ്ശൂർ രൂപതയിലെ കത്തോലിക്കാ പ്രവർത്തനസംഘത്തിന്റെ 12-ാമതു വാർഷികം സെൻറ് തോമസ് കോളെജ് ഹാളിൽവച്ചു് വരാപ്പുഴ മെത്രാപ്പോലീത്താതിരുമനസ്സിലെ അദ്ധ്യക്ഷതയിൽ മേയ് 1-ാംനു- നടത്തപ്പെട്ടിരിക്കുന്നു. സംഘാദ്ധ്യക്ഷൻ മി. ജോസഫ് പെട്ട എം. എ സ്വാഗതപ്രസംഗം നടത്തുകയും സക്രട്ടറി മി സി. എ പോൾ എം. എ. റിപ്പോർട്ടു വായിക്കുകയും ഷെവ. സി. ജെ. വർക്കി എം. എ, മി ഇ പി. വറുഗീസ് എം. എ. ബി. എൽ. എന്നിവർ പ്രസംഗിക്കുകയുംചെയ്തു. അദ്ധ്യക്ഷൻ തിരുമനസ്സിലെ പ്രസംഗത്തിൽ തൃശ്ശൂർ രൂപതയിൽ കത്തോലിക്കാപ്രവർത്തനം പ്രായോഗികമായി നടന്നുകാണുന്നതിൽ സന്തോഷം പ്രകടിപ്പിക്കുകയും സ്നേഹത്തെ അടിസ്ഥാനമാക്കി കത്തോലിക്കർ സംഘടിക്കേണ്ടതാണെന്നു് ഉൽബോധിപ്പിക്കുകയും ചെയ്തു.

(സ്ഥലച്ചുരുക്കത്താൽ ശേഷം പ്രാദേശികവാർത്തകൾ അടുത്ത ലക്കത്തിലേക്കു മാററിവച്ചിരിക്കുന്നു.)

## തി-കൊ വാർത്തകൾ


വിദ്യാഭ്യാസമന്ത്രി ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ, വിദ്യാഭ്യാസഡയറക്ടർ മി. ഐ എൻ. മേനോൻ, ഓവർലാപ്പിംഗ് സ്കൂളുകളെപ്പററി അന്വേഷണം നടത്താൻ നിയുക്തനായ ഓഫീസർ, ഡിവിഷൻ സ്കൂൾ ഇൻസ്പെക്ടർമാർ എന്നിവർ ചേർന്നു നടത്തിയ സമ്മേളനത്തിൽ താഴെ പറയുന്ന തീരുമാനങ്ങൾ ചെയ്തിരിക്കുന്നു: ഈയാണ്ടിൽ മുപ്പതോളം പുതിയ ഹൈസ്കൂളുകൾ അനുവദിക്കുന്നതാണു്. പ്രൈമറിസ്കൂളുകൾക്കുള്ള എല്ലാ അപേക്ഷകളും അനുവദിക്കും. ഹൈസ്കൂളിനുള്ള അപേക്ഷകൾ അർഹതാനിർണ്ണയം ചെയ്തും, പുതിയ സ്കൂളുകൾ നിലവിലുള്ളവയ്ക്കു് ഏതെങ്കിലും വിധത്തിൽ ബാധകമായിത്തീരുമോ എന്ന വസ്തുത പരിഗണിച്ചുമായിരിക്കും അനുവദിക്കുന്നതു്. വ്യക്തികളുടെ അപേക്ഷകളെക്കാൾ സ്ഥാപനങ്ങളുടെ അപേക്ഷകൾക്കു് മുൻഗണന നല്കുന്നതായിരിക്കും.

—പൊതുജനാരോഗ്യവകുപ്പ് കൊച്ചി ഡിസ്ട്രിക്ടിൽ മന്തുരോഗസംബന്ധമായി സർവ്വേനടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ഐക്യസംസ്ഥാനത്തിലെ 4 ഡിസ്ട്രിക്ടുകളിലും ഓരോ ആരോഗ്യകേന്ദ്രങ്ങൾ സ്ഥാപിക്കുവാൻ ഉദ്ദേശമുള്ളതായറിയുന്നു.

## ഇൻഡ്യാവാർത്തകൾ

പശ്ചിമബംഗാളിലെ ഫ്രഞ്ചു് സെററിൽമെൻറായ ചന്ദ്രനഗറിന്റെ ഭരണം ഇൻഡ്യാഗവമ്മെൻറിന്റെ പേ ക്കു് അഡ്മിനിസ്ട്രേറർ മി. ബി. കെ. ബാനർജി ഐ. സി. എസ്. ഏറെറടുത്തിരിക്കുന്നു.

—ഭരണഘടനയിലെ വ്യവസ്ഥയനുസരിച്ചു് പ്രസിഡണ്ടിനു് ഒരു പുതിയ മന്ത്രിസഭ രൂപവൽക്കരിക്കാൻ സാധിക്കത്തക്കവണ്ണം ഇൻഡ്യൻ പ്രധാനമന്ത്രിയും സഹമന്ത്രിമാരും മേയ് 5-ാംനു- രാജി സമർപ്പിക്കുകയുണ്ടായി. രാജി സ്വീകരിച്ചു ഉടനെതന്നെ പ്രസിഡണ്ടു് പുതിയ മന്ത്രിസഭയുടെ പ്രധാനമന്ത്രിയായി പണ്ഡിററ് നെഹ്റുവിനെ നിയമിക്കുകയും മററുമന്ത്രിമാരുടെ നിയമനം സംബന്ധിച്ചു് ഉപദേശം നല്കുവാൻ അദ്ദേഹത്തോടാവശ്യപ്പെടുകയും ചെയ്തു. മേയ് 6-ാംനു- പ്രഭാതത്തിൽ പുതിയ മന്ത്രിസഭയിലെ അംഗങ്ങൾ സത്യപ്രതിജ്ഞ നിർവ്വഹിച്ചിരിക്കുന്നു. മെ. കെ. എം. മുൻഷി, ഹരികൃഷ്ണമെഹ്ത്താബ് എന്നിവരെ മന്ത്രിസഭയിൽ പുതുതായി ഉൾപ്പെടുത്തിട്ടുണ്ടു്. മററു മന്ത്രിമാർ പഴയപടിതന്നെ തുടരുന്നതാണു്. പുനസ്സംഘടിപ്പിക്കപ്പെട്ട മന്ത്രിസഭയിൽ ഇപ്പോൾ ആകെ 14 അംഗങ്ങളുണ്ടു്. ധനകാര്യമന്ത്രി ഡോക്ടർ ജോൺ മത്തായി ഈ മാസാവസാനംവരെ മാത്രം ഉദ്യോഗം തുടരുന്നതാണെന്നറിയുന്നു.




ഒരു ഗ്രാമീണവൃദ്ധൻ പനിയായി ആസ്പത്രിയിൽ കിടക്കയായിരുന്നു. കാലത്തേ നേഴ്സ് ചെന്നു തെർമോമീററർവച്ചു് പനി അളന്നുകൊണ്ടുപോയി. കുറെക്കഴിഞ്ഞു ഡോക്ടർ വന്നപ്പോൾ ചോദിച്ചു: "എന്താ കാരണോരേ, കാലത്തേ വല്ലതും കഴിച്ചോ?"

"ഇല്ല ഏമാനേ. ആ നേഴ്സ് ചില്ലിന്റെ ഒരു കുഴലും വായിൽ കൊണ്ടുവന്നു വച്ചു അതു മുഴുവൻ ഞാൻ വലിച്ചുകുടിക്കുന്നതിനുമുമ്പ് എടുത്തോണ്ടുപോയി. എനിക്കിപ്പോഴും വയററിൽ തികത്തുന്നതുപോലുള്ള വിശപ്പാണു്."

* * *

അദ്ധ്യാപകൻ: ഇന്നു ചെയ്യാൻ സാധിക്കുന്ന യാതൊരു കാര്യവും നാളേക്കു നീട്ടിവയ്ക്കരുതു്. മനസ്സിലായോ?

ഒരു വിദ്യാർത്ഥി: അതൊക്കെ മനസ്സിലായി സാർ. ഇനി സാറൊരു കഥ പറഞ്ഞേ.

അദ്ധ്യാപകൻ: കഥ നാളെയാകട്ടെ.

* * *

"നിങ്ങളുടെ തേനീച്ചകൃഷി ഇക്കൊല്ലം എന്താ, തരക്കേടില്ലായിരുന്നോ?"

"തേനങ്ങനെ അധികം കിട്ടിയില്ല. എങ്കിലും, ഈച്ചകൾ എന്റെ അമ്മായിയമ്മയ്ക്കു രണ്ടു കുത്തുവച്ചുകൊടുക്കുകയുണ്ടായി."

* * *

ആഫ്രിക്കയിൽ വേലചെയ്തിരുന്ന ഒരു വെള്ളക്കാരൻമിഷനറിവൈദികനു നീഗ്രോജാതിയിൽപ്പെട്ട ഒരു വേലക്കാരനുണ്ടായിരുന്നു. ഒരു ദിവസം അരിപ്പ കാണാഞ്ഞിട്ടു് അച്ചന്റെ കാൽമേസ് (Stocking) എടുത്തു അവൻ കാപ്പി അരിച്ചു. അതറിഞ്ഞു അച്ചൻ ശകാരിച്ചപ്പോൾ അവൻ പറകയാണു്: "അലക്കിവച്ചിരുന്ന മേസൊന്നും ഞാനെടുത്തില്ല അച്ചോ. അലക്കാൻ കൊടുക്കാനായി ആ മൂലയിൽ ഇട്ടിരുന്ന മുഷിഞ്ഞ ഒരെണ്ണമാണു ഞാനെടുത്തതു്."

# വേഷപ്രച്ഛന്നൻ

**തിന്മ ചെയ്യുവാനായി ചില അവൈദികർ പുരോഹിതവേഷം അണിയുമ്പോൾ, നന്മചെയ്യുവാനായി ചില വീരവൈദികർ അതുപേക്ഷിക്കുന്നു.**

(ജോസഫ് മീനാട്ടൂർ എം. എ. എൽ എൽ. ബി.)

അന്യരുടെ ആത്മാക്കൾക്കുവേണ്ടി സ്വന്തശരീരത്തെ തൃണതുല്യം സന്ത്യജിച്ച ഒരു വീരാത്മാവായിരുന്നു ആബെ ഗിരോദെ. ജർമ്മനിയിൽ പണിയെടുത്തിരുന്ന അടിമവേലക്കാർക്കുവേണ്ടി, അവരുടെ ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടി, പ്രയത്നിക്കുന്നതിനിടയിൽ, അദ്ദേഹം ഒരു രക്തസാക്ഷിയായി മരിച്ചു.

ജർമ്മൻകാർ പിടിച്ചുകൊണ്ടുപോയ അനേകായിരം വേലക്കാർക്ക യാതൊരു ആദ്ധ്യാത്മികസഹായവും ചെയ്യുവാൻ അവർ സന്നദ്ധരായില്ല. ആ പാവപ്പെട്ട വേലക്കാർക്ക് വൈദികരുടെ സാന്നിദ്ധ്യവും സഹായവും ആവശ്യമാണെന്നു മനസ്സിലാക്കുവാൻ ജർമ്മൻകാർക്കു കഴിഞ്ഞില്ല. അല്ലെങ്കിൽ അതു മനസ്സിലാക്കുവാൻ അവർ കനിഞ്ഞില്ല. ഫ്രെഞ്ചു വൈദികരും സന്യാസസഭാംഗങ്ങളും ഇതിനൊരു പരിഹാരമാർഗ്ഗം കണ്ടുപിടിച്ചു. അവരിൽ കഴിവുള്ളവരെല്ലാംതന്നെ വേലക്കാരുടെ വേഷത്തിൽ ജർമ്മനിയിൽ എത്തുകയും അവിടെ മററു ജോലിക്കാരുടെകൂടെ പണിയെടുക്കുന്നകൂട്ടത്തിൽ അവരുടെ ആദ്ധ്യാത്മികകാര്യങ്ങളിൽ വേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്തുപോന്നു. സ്വന്തം പ്രാണനേയും അതിലും പ്രിയതരമായ സ്വാതന്ത്ര്യത്തേയും ഉള്ളംകൈയിൽ ഒതുക്കിപ്പിടിച്ചുകൊണ്ടാണ് സ്വസഹോദരങ്ങൾക്കു മതപരമായ സാന്ത്വനം നല്കുന്നതിനായി ആ ത്യാഗിവര്യന്മാർ ഇറങ്ങിപ്പുറപ്പെട്ടതു്.

ആ സന്നദ്ധസേനാനികളിൽ ഒരാളായിരുന്നു ആബെ ഗിരോദെ. ഒരു ഗ്രാമീണദേവാലയത്തിലെ വികാരിയായിരുന്ന അദ്ദേഹം ജർമ്മനിയിൽ പോകുന്നതിനായി മെത്രാനച്ചനോടു് അനുവാദം അപേക്ഷിച്ചു വാങ്ങിച്ചു. അതിനുശേഷം അദ്ദേഹം ജോലിക്കപേക്ഷിച്ചു. അദ്ദേഹത്തെ ബർലിനിലെ ഒരു ഫാക്ടറിയിൽ പണിയെടുക്കുന്നതിനായി നിയോഗിച്ചു.

ആ ഫാക്ടറിയിലെ തൊഴിൽക്കാർ താമസിയാതെ മനസ്സിലാക്കി, പുതിയ തൊഴിലാളിയുടെ സാക്ഷാൽ ഉദ്യോഗമെന്താണെന്നു്. പുതിയ തൊഴിലാളി സ്വീകരിച്ചിരുന്നപേർ റെനേ എന്നായിരുന്നു.

അവരുടെ കൂട്ടുകാരനായ റെനേ ബർലിനിലെ പാർക്കുകളിലും മററു പൊതുസ്ഥലങ്ങളിലുംവച്ചു അവരോടൊപ്പം ഒരു ബെഞ്ചിൽ ഇരുന്നുകൊണ്ടു അവരുടെ പാപസങ്കീർത്തനം ശ്രവിക്കും, ഇലക്ട്രിക് ട്രാൻസ്ഫോർമറിന്റെ മറവിലും ടെലഫോൺബോക്സിന്റെ ഉള്ളിലുംവച്ചു അവർക്കു ദിവ്യകാരുണ്യം നല്കും, ഞായറാഴ്ചദിവസങ്ങളിൽ പട്ടണത്തിനു പുറത്തുള്ള വനപ്രദേശങ്ങളിൽവച്ചു അദ്ദേഹം ദിവ്യപൂജ അർപ്പിക്കും. വേലക്കാർക്കു ഞായറാഴ്ച പുറത്തുപോകുവാൻ അനുവാദമുണ്ടായിരുന്നതിനാൽ കാട്ടിൽവച്ചു ചൊല്ലുന്ന കുർബാനയിൽ സംബന്ധിക്കുവാൻ അവർക്കു സൗകര്യമുണ്ടായിരുന്നു. പല സമയങ്ങളിൽ വരുന്ന വേലക്കാരുടെ സമൂഹങ്ങൾക്കുവേണ്ടി അദ്ദേഹം സാധാരണമായി ഞായറാഴ്ചതോറും മൂന്നു പ്രാവശ്യം ദിവ്യപൂജ അർപ്പിക്കാറുണ്ടായിരുന്നു.

ഫാക്ടറിയിലായിരിക്കുമ്പോൾ അദ്ദേഹം പുലരുന്നതിനു മുൻപേ കുർബാന ചൊല്ലും, ചിലപ്പോൾ സ്വന്തകിടക്കയിൽവച്ചുതന്നെ, ചിലപ്പോൾ കയററത്തൊട്ടിയുടെ മുകളിൽവച്ചു്.

അധികം താമസിയാതെ അദ്ദേഹത്തിനു ചില സഹായങ്ങൾ ലഭിച്ചു. ഉപവിയുടെ സഹോദരിമാർ അദ്ദേഹത്തിന്റെ കൃത്യങ്ങളിൽ അഭിനന്ദനം പ്രകടിപ്പിക്കുകയും അവരുടെ ആശ്രമത്തിൽവച്ചു്, തന്നെപ്പോലെതന്നെ വേലചെയ്യുന്ന മററു ഫ്രെഞ്ചു വൈദികരേയും കത്തോലിക്കാപ്രവർത്തകരേയും കണ്ടു സംസാരിക്കുന്നതിനു അദ്ദേഹത്തിനു സൗകര്യം നൽകുകയുംചെയ്തു. ഈ സന്ദർശനാവസരങ്ങളിൽ ഒരു പരസ്നേഹകൃത്യം ചെയ്യുവാൻ അദ്ദേഹം എന്നും അതീവോത്സുകനായിരുന്നു. സ്വന്തം ഇടവകയിലെ പാവപ്പെട്ട ജനങ്ങൾ അയച്ചുകൊടുക്കാറുണ്ടായിരുന്ന ഭക്ഷണസാധനങ്ങൾ അദ്ദേഹം കത്തോലിക്കാപ്രവർത്തകർക്കായി വിതരണം ചെയ്യുന്നതു ഈ അവസരങ്ങളിലായിരുന്നു.

ക്ലേശം നിറഞ്ഞ ഈ കാലഘട്ടത്തിൽ അദ്ദേഹം ചെയ്ത സേവനം നിരവധി നന്മകൾ ഉളവാക്കി. അവയിലൊന്നു പ്രത്യേകം പ്രസ്താവ്യമാണു്. അദ്ദേഹത്തിന്റെ അഭ്യർത്ഥനയനുസരിച്ചു, പതിനേഴു യുവാക്കന്മാർ ഒരു ധ്യാനം കഴിക്കുകയും അവർ ജർമ്മനിയിൽ താമസിക്കുന്ന കാലം മുഴുവൻ അനുസരണം, ദാരിദ്ര്യം, ബ്രഹ്മചര്യം എന്ന വ്രതങ്ങൾ പാലിക്കാമെന്നും മതവിശ്വാസം പ്രചരിപ്പിക്കുവാൻ പരിശ്രമിക്കാമെന്നും വാഗ്ദാനം ചെയ്യുകയും ചെയ്തു.

റെനേക്കു് അധികകാലം സ്വൈരമായി വൈദികവൃത്തി തുടരുവാൻ കഴിഞ്ഞില്ല. അദ്ദേഹത്തെക്കാൾ വിരുതുള്ള ഒരു സംഘടനയായിരുന്നു ജർമ്മൻ "ജസ്റ്റാപ്പോ." അവർ അദ്ദേഹത്തിന്റെ ചെയ്തികൾ കണ്ടുപിടിച്ചു. 1944 ജൂൺ 12-ാംതീയതി പ്രഭാതത്തിൽ അദ്ദേഹം ഫാക്ടറിയിൽ എത്തിയപ്പോൾ അദ്ദേഹത്തെ അധികാരികൾ അറസ്റ്റുചെയ്തു.

അദ്ദേഹത്തെ വിവിധ പീഡകൾക്കു വിധേയനാക്കിയശേഷം ബൽസൻ കോൺസൻട്രേഷൻ ക്യാമ്പിലേക്കുകൊണ്ടുപോയി. അവിടെ അദ്ദേഹത്തെക്കൊണ്ടു് എല്ലുമറിയെ പണിയെടുപ്പിച്ചു. അവിടെവച്ചു സഹിക്കേണ്ടിവന്ന ക്ലേശങ്ങളുടേയും പീഡകളുടേയും ഫലമായി അദ്ദേഹത്തിനു സന്നിപാതജ്വരവും ക്ഷയവും ബാധിച്ചു.

ആ ക്യാമ്പിലെ ജനങ്ങളെയെല്ലാം ഐക്യരാഷ്ട്രങ്ങൾ രക്ഷപെടുത്തുന്നതുവരെ അദ്ദേഹം ജീവിച്ചുവെങ്കിലും, സ്നേഹിതന്മാർക്കുപോലും തിരിച്ചറിയുവാൻവയ്യാത്തവിധം അദ്ദേഹം ക്ഷീണിച്ചിരുന്നു. അദ്ദേഹത്തെ അന്വേഷിച്ചു കണ്ടുപിടിക്കുവാൻ നിയോഗിച്ചയച്ചിരുന്ന ഒരു വൈദികനു് അദ്ദേഹത്തെ തിരിച്ചറിയുവാൻ കഴിഞ്ഞില്ല. അദ്ദേഹത്തിന്റെ ദേഹത്തിൽ നിർജ്ജീവമല്ലാതെ എന്തെങ്കിലും ഉണ്ടായിരുന്നെങ്കിൽ അതു കണ്ണുകൾ മാത്രമായിരുന്നു. അദ്ദേഹത്തിനു അന്നു എഴുപതു റാത്തൽമാത്രമേ തൂക്കമുണ്ടായിരുന്നുള്ളു. ഒരു പ്രത്യേകവിമാനത്തിൽ അദ്ദേഹത്തെ ഫ്രാൻസിലേക്കുകൊണ്ടുപോയി. എന്നാൽ അദ്ദേഹത്തിനു പാരീസ്‌വരെ ചെന്നെത്തുവാനേ കഴിഞ്ഞുള്ളു. മാതാപിതാക്കന്മാർക്കു സ്വപുത്രന്റെ മരണശയ്യയ്ക്കരികെ വന്നുചേരുവാൻ സാധിക്കുന്നതിനുമുൻപു തന്നെ അദ്ദേഹം ആശുപത്രിയിൽവച്ചു മരിച്ചു.

അദ്ദേഹത്തിന്റെ നിതാന്തസഖാക്കളായിരുന്ന, അദ്ദേഹത്തിൽനിന്നു ആദ്ധ്യാത്മികപരിചരണങ്ങൾ സ്വീകരിച്ചിരുന്ന, പാരീസിലെ വേലക്കാർ, മരണവൃത്താന്തമറിഞ്ഞയുടനെ അദ്ദേഹത്തെ ബഹുമാനിക്കുന്നതിനായി മൃതദേഹത്തിനു ചുററും ഓടിക്കൂടി. പാരീസിലെ മെത്രാപ്പോലീത്തായായ കർദ്ദിനാൾ സുഹാർ ആ യശശ്ശരീരനുവേണ്ടിയുള്ള ദിവ്യപൂജാർപ്പണത്തിൽ പ്രധാനകാർമ്മികത്വം വഹിച്ചു. അതിനുശേഷം മൃതദേഹം ലാവെൻദി എന്ന സ്ഥലത്തേക്കു കൊണ്ടുപോയി. അവിടത്തെ ഗ്രാമീണർ അവരുടെ വികാരിയച്ചനെ അവസാനമായി ഒന്നുകാണുന്നതിനായി സെൻ ഫിലയർ ദേവാലയത്തിൽ തിങ്ങിക്കൂടി. സ്വന്തം രൂപതയിലെ മെത്രാനച്ചന്റെ സാന്നിദ്ധ്യത്തിൽ സ്വന്തം ഇടവകയിലെ സിമിത്തേരിയിൽ, ആ ധീരവൈദികന്റെ, ബർലിൻ ഫാക്ടറികളിലെ വീരയോദ്ധാവിന്റെ, മൃതശരീരം സംസ്കരിക്കപ്പെട്ടു.

ആധുനികവൈദികരെ അപലപിക്കുവാൻ ഉത്സാഹം പ്രദർശിപ്പിക്കുന്നവർ അവരുടെയിടയിൽ ആബെ ഗിരോദെയെപ്പോലുള്ള മഹാത്യാഗികളും ഉണ്ടെന്നുള്ള പരമാർത്ഥം ഓർമ്മിക്കുന്നതു നന്നായിരിക്കും.

(ഇംഗ്ലീഷിൽനിന്നു ഭാഗികമായ ആശയാനുവാദം)

## ചോദ്യോത്തരപംക്തി

**ചോ:** മാതാവിന്റെ വിമലഹൃദയത്തിന്റെ സ്തുതിക്കായി "ആദ്യശനിയാഴ്ചഭക്തി" ആചരിക്കേണ്ടതു ഓരോ മാസത്തിലും ആദ്യം വരുന്ന ശനിയാഴ്ചയാണോ, അഥവാ ആദ്യവെള്ളിയാഴ്ച കഴിഞ്ഞുവരുന്ന ശനിയാഴ്ചയാണോ?

**ഉ:** തുടർച്ചയായുള്ള അഞ്ചുമാസത്തിന്റെ ആദ്യം വരുന്ന ശനിയാഴ്ച ആചരിക്കാനാണു് മാതാവു് ആവശ്യപ്പെട്ടിരിക്കുന്നതു്. ആദ്യവെള്ളിയാഴ്ച കഴിഞ്ഞുവരുന്ന ശനിയാഴ്ച എന്നു പറഞ്ഞിട്ടില്ല. ഒന്നാംതീയതി ശനിയാഴ്ചയാകുമ്പോൾ ആദ്യവെള്ളിയാഴ്ചയ്ക്കു മുമ്പുള്ള ശനിയാഴ്ചയായിരിക്കും ആദ്യശനിയാഴ്ചയായി ആചരിക്കേണ്ടതു്.

**ചോ:** ആദ്യശനിയാഴ്ച ജപമാല ചൊല്ലണമെന്നുണ്ടല്ലോ. അതിനൊരു ജപമാല വിശേഷാൽ ചൊല്ലണമോ? അതോ, പതിവായി ചൊല്ലിവരുന്ന ജപമാല കാഴ്ചവച്ചാൽ മതിയോ?

**ഉ:** പതിവായി ചൊല്ലിവരുന്ന ജപമാല മാതാവിന്റെ വിമലഹൃദയത്തിന്റെ സ്തുതിക്കായി കാഴ്ചവച്ചാൽ മതിയാകുന്നതാണു്.

**ചോ:** 15 മിനിട്ടുനേരം ജപമാലയിലെ രഹസ്യങ്ങളെക്കുറിച്ചു ധ്യാനിക്കണമെന്നതു ജപമാല ചൊല്ലുന്നതോടുകൂടി നിർവ്വഹിക്കുകയാണെങ്കിൽ, ആകെ (ജപമാലയ്ക്കും ധ്യാനത്തിനുംകൂടി) 15 മിനിട്ടു എടുത്താൽ മതിയാകുമോ?

**ഉ:** മതിയാകുന്നതല്ല. ജപമാല ചൊല്ലുക, ജപമാലയിലെ രഹസ്യങ്ങളെപ്പററി 15 മിനിട്ടുനേരം ധ്യാനിക്കുക എന്നിവ "ആദ്യശനിയാഴ്ചഭക്തി"യിലെ രണ്ടു വ്യത്യസ്തഘടകങ്ങളാണു്. അവ രണ്ടുംകൂടി ഒരുമിച്ചു നടത്തുന്നതിനു വിരോധമില്ല. അപ്പോൾ സാധാരണമായി കൊന്തചൊല്ലുന്നതിനു എടുക്കുന്ന സമയം മാത്രം എടുത്താൽ മതിയാകുന്നതല്ല. 15 മിനിട്ടുകൂടി വിശേഷാൽ അതിനായി വിനിയോഗിക്കേണ്ടിയിരിക്കുന്നു. സാധാരണ കൊന്ത ചൊല്ലുന്നതിനു വിനിയോഗിക്കുന്നതിന്റെ ഇരട്ടി സമയം വിനിയോഗിച്ചാൽ മതിയായിരിക്കും. കൂടുതലുള്ള സമയം രണ്ടു പ്രകാരത്തിൽ ചെലവഴിക്കാം. ഒന്നുകിൽ, രഹസ്യങ്ങളെപ്പററി വിചിന്തനം ചെയ്തുകൊണ്ടു സാവകാശത്തിൽ നന്മനിറഞ്ഞമറിയം ചൊല്ലുക (തനിച്ചുകൊന്തചൊല്ലുമ്പോൾ ഇതിനു പ്രയാസമുണ്ടായിരിക്കയില്ല); അല്ലെങ്കിൽ ഓരോ രഹസ്യവും ഇന്നതാണെന്നു പറഞ്ഞശേഷം നന്മനിറഞ്ഞമറിയം തുടങ്ങുന്നതിനുമുമ്പായി 3 മിനിട്ടുനേരം രഹസ്യത്തെപ്പററി ധ്യാനിക്കുക. (കൂട്ടമായി കൊന്ത ചൊല്ലുമ്പോൾ ഇതായിരിക്കും എളുപ്പം.) ഓരോ രഹസ്യത്തെക്കുറിച്ചും ധ്യാനിക്കണമെന്നു നിർബന്ധമില്ല. ഇഷ്ടമുള്ള ഏതെങ്കിലും ഒരു രഹസ്യത്തെക്കുറിച്ചോ ഒന്നിലധികം രഹസ്യങ്ങളെക്കുറിച്ചോ ധ്യാനിക്കാം. 15 മിനിട്ടു് തദർത്ഥം വിനിയോഗിക്കണമെന്നേയുള്ളു. അതിന്റെ ഉദ്ദേശ്യം മാതാവിന്റെ വിമലഹൃദയത്തിനെതിരായി ചെയ്യപ്പെടുന്ന ദ്രോഹങ്ങൾക്കു പരിഹാരംചെയ്യണമെന്നുള്ളതായിരിക്കണം. ധ്യാനത്തിനു പകരം, ഈ വിഷയത്തെ അധികരിച്ചു് 15 മിനിട്ടു നേരത്തേക്കുള്ള ഒരു പ്രസംഗമോ ഉപദേശമോ ജ്ഞാനവായനയോ ശ്രവിച്ചാലും മതിയാകുന്നതാണു്. നിത്യം ധ്യാനിക്കുന്ന വൈദികരും സന്യാസിനീസന്യാസികളും ആദ്യശനിയാഴ്ചയിലെ ധ്യാനത്തിനു കൊന്തയിലെ ഏതെങ്കിലുമൊരു രഹസ്യം തിരിഞ്ഞെടുത്താലും പ്രസ്തുത വ്യവസ്ഥ നിറവേറുന്നതായിരിക്കും.

——

## ന്യൂമനെ സന്ദർശിച്ചു

ബവേറിയായിലെ അത്ഭുതകന്യകയായ തെരേസ ന്യൂമനെ കഴിഞ്ഞ ദുഃഖവെള്ളിയാഴ്ച ദിവസം 10,000 തീർത്ഥകർ സന്ദർശിച്ചിരിക്കുന്നു. എല്ലാ ദുഃഖവെള്ളിയാഴ്ചകളിലും തെരേസ ന്യൂമനു നമ്മുടെ കർത്താവിന്റെ പീഡാനുഭവക്ലേശങ്ങൾ ഉണ്ടാകുന്നതായി പറയപ്പെടുന്നു.

## അശ്ലീലസാഹിത്യം

“നാടെങ്ങും വിഷംകലർത്തുന്ന ഈ പണി അവസാനിപ്പിക്കുന്നതിനുള്ള കാലം അതിക്രമിച്ചിരിക്കുന്നു” എന്നത്രേ ബവേറിയായിലെ മെത്രാന്മാർ അശ്ലീലങ്ങളായ പ്രസിദ്ധീകരണങ്ങളേയും ചലച്ചിത്രങ്ങളേയും പരാമർശിച്ചു് പ്രസ്താവിച്ചിരിക്കുന്നതു്. നിയമമാർഗ്ഗേണ അവയുടെ പ്രചാരത്തെ തടയണമെന്നും അവർ ശക്തിയുക്തം വാദിച്ചിരിക്കുന്നു. “സ്വാതന്ത്ര്യവും തോന്ന്യാസവും തമ്മിൽ വിവേചനംചെയ്യേണ്ടതു് ആവശ്യമാണു്. നല്ലകാര്യങ്ങൾക്കുള്ള സ്വാതന്ത്ര്യമല്ലാതെ ചീത്തക്കാര്യങ്ങൾക്കുള്ള സ്വാതന്ത്ര്യം യഥാർത്ഥസ്വാതന്ത്ര്യമാകുന്നില്ല” എന്നു അവർ തുടർന്നു പ്രസ്താവിക്കുന്നു


കാത്തലിക് സിറിയൻ ബാങ്ക്, ക്ലിപ്തം,
തൃശ്ശിവപേരൂർ
തിരുവിതാംകൂർ കൊച്ചി ഗവമെന്റു അനുമതിപ്രകാരം തുടങ്ങുന്ന

പുതിയ കുറികൾ:—

**പുതിയ മാസക്കുറി**

നറുക്കു 1 ക്കു 100 ക. ആകെ നറുക്കു 111. സല 11,100 ക.

ഒന്നാമത്തെ നറുക്കെടുപ്പു് 24—7—1950 / 8—12—1125

കുറിയിൽ കുറഞ്ഞതു 1/32 അംശം (3 ക. 2 ണ.) വരെ ചേരാം

**പുതിയ അർദ്ധവർഷക്കുറി**

നറുക്കു 1 ക്കു 1000 ക. ആകെ നറുക്കു 32. സല 32,000 ക.

ഒന്നിടവിട്ടു നറുക്കെടുപ്പും ലേലവും

കുറിതിയതികൾ മേയ് 15-ാംനു-യും നവമ്പർ 15-ാംനു-യും

ആദ്യത്തെ നറുക്കെടുപ്പു് 15— 7—1950 / 31—11—1125

കുറിയിൽ കുറഞ്ഞതു 1/32 അംശം (31 ക. 4 ണ.) വരെ ചേരാം

തൃശ്ശൂർ, 5—5—50

ജനറൽ മാനേജർ



കുർബാനക്കുപ്പായം, കാപ്പ മുതലായ
വൈദിക വസ്ത്രങ്ങൾ
സൂർപ്ലീസ്, ആൽബാലേസുകൾ
എല്ലാനിറത്തിലും മുത്തുക്കുടകൾ
കൊളംബോ സാരിവക്സ്റ്റോർ - എറണാകുളം

വിൻസെൻറ് ഡി പോൾ സഖ്യം 3

# വിനയശീലം

അഹങ്കാരം അഥവാ ഔദ്ധത്യം സകല ദുർഗ്ഗുണങ്ങളുടേയും ഉറവയായിരിക്കുന്നതുപോലെ വിനയം അഥവാ എളിമ സർവ്വസൽഗുണങ്ങളുടേയും നികേതനമാണെന്നു പറയാം. അംഗങ്ങളുടെ പുണ്യപരിപൂർണ്ണതയെ സർവ്വോപരിഷ്ടമായി പരിഗണിക്കുന്ന വിൻസെൻറ് ഡി പോൾ സഖ്യം തദംഗങ്ങൾ അത്യധികമായ എളിമയുള്ളവരായിരിക്കണമെന്ന് അനുശാസിക്കുന്നു. അംഗങ്ങൾക്കു വ്യക്തികൾ എന്ന നിലയിൽമാത്രമല്ല അംഗങ്ങളുടെ സംഘാതമായ കോൺഫറൻസുകൾക്ക് ഒരു സംഘടന എന്ന നിലയിലും വിനയശീലം അത്യന്താപേക്ഷിതമാണെന്ന് സഖ്യനിയമം ഉൽബോധിപ്പിക്കുന്നു. സഖ്യത്തിൻെറ പരസ്നേഹപ്രവർത്തനങ്ങളുടെ വിജയത്തിനു അത്യന്താപേക്ഷിതമായ ഒരു ഗുണമാണ് വിനയശീലം.

വിൻസെൻറ് ഡി പോൾ സഖ്യത്തിൻെറ ആദ്യനേതാക്കന്മാരായിരുന്ന ബയിലിയും ഒസാനാമും വിനയശീലത്തിൽ അദ്വിതീയന്മാരായിരുന്നു. സഖ്യത്തിൻെറ രൂപവൽക്കരണത്തിലും അഭിവൃദ്ധിയിലും തങ്ങൾ വഹിച്ച മഹത്തായഭാഗം വിനയാധിക്യം നിമിത്തം അവർ ഗോപനംചെയ്തിരുന്നു. സഖ്യത്തിൻെറ ആവിർഭാവത്തിൽ എത്ര പ്രാധാന്യമേറിയ ഒരു പങ്കാണ് ഒസാനാമിനുണ്ടായിരുന്നതെന്ന് അദ്ദേഹത്തിൻെറ ഒരു സഹപാഠിയുടെ അനുസ്മരണകളിൽനിന്നാണ് നമുക്ക് അറിയാൻ കഴിഞ്ഞിട്ടുള്ളത്. സംഘത്തിൻെറ പുരോഗതിയെപ്പററി ഗത്യന്തരമില്ലാതെ പ്രസ്താവിക്കേണ്ടിവന്ന ഘട്ടങ്ങളിൽ വിനയദ്യോതകമായ ഭാഷയിൽ അതേപ്പററിപ്രതിപാദിക്കുന്നതിന് മൂന്നാമത്തെ പ്രസിഡണ്ട് ജനറൽ ആയിരുന്ന ബവൂഡൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. "എളിമയെക്കാൾ കൂടുതലായി ഒരു ക്രിസ്തീയസംഘടനയ്ക്ക് ആവശ്യമുള്ള ഗുണം മറെറന്താണ്?" എന്നത്രേ ആ മഹാരഥൻ ചോദിക്കുന്നത്.

വിൻസെൻറ് ഡി പോൾ സഖ്യത്തിലെ ഓരോ അംഗവും വിനീതഹൃദയനായിരിക്കേണ്ടത് സഖ്യത്തിൻെറ നിലനില്പിനും വിജയത്തിനും അത്യന്താപേക്ഷിതമാണ്. വിനയശീലം കുറയുന്നതനുസരിച്ച് സ്വാർത്ഥത വർദ്ധിച്ചുവരുന്നു. സ്വാർത്ഥത ഏതുരൂപത്തിൽ പ്രത്യക്ഷപ്പെട്ടാലും അത് എവിടെയും വലിയൊരു വിപത്താണ്. ഈ ദുർഗ്ഗുണം എവിടെ രംഗപ്രവേശംചെയ്യുന്നുവോ അവിടെനിന്നും ഐക്യം, സമാധാനം, സ്നേഹം എന്നിവ തിരോഭവിക്കുന്നു. സഖ്യത്തെ ഉന്മൂലനംചെയ്യാൻ പര്യാപ്തമായ ഈ സ്വാർത്ഥതയെ പ്രതിരോധിക്കുവാൻ ശക്തമായ ഒരു പ്രതിവിധിയാണ് എളിമ. "സ്വർഗ്ഗീയമദ്ധ്യസ്ഥൻെറ സംരക്ഷണംവഴി ഈ പുണ്യം വിശ്വസ്തതയോടെ പാലിച്ചുകൊണ്ടുപോകുന്ന വിൻസെൻറ് ഡി പോൾ കോൺഫറൻസുകൾ ധന്യമാകുന്നു" എന്നാണ് സഖ്യത്തിൻെറ "മാനുവൽ" പറയുന്നത്.

സഖ്യത്തിൻെറ പ്രഥമപ്രസിഡണ്ടായിരുന്ന ബയിലിയിൽ പ്രശോഭിച്ചിരുന്ന വിനയശീലം അനന്യസാധാരണമായിരുന്നു. "മാനുവലിന്" അദ്ദേഹം എഴുതിച്ചേർത്തിട്ടുള്ള പ്രവേശികയിലും കോൺഫറൻസുകൾക്ക് അയച്ചിട്ടുള്ള ലേഖനങ്ങളിലും പ്രതിബിംബിച്ചിരുന്ന ആശയവൈശിഷ്ട്യത്തെപ്പററി ആരെങ്കിലും പ്രസ്താവിച്ചാൽ അത് വിശുദ്ധ വിൻസെൻറ് ഡി പോളിൻെറ ഉപദേശോക്തികളിൽനിന്നും സമാഹരിച്ചതാണെന്നു ആ വിനീതമനസ്കൻ മറുപടിപറയും. പ്രസിഡണ്ടിൻെറ അധികാരത്തെപ്പററി ഔദ്ധത്യദ്യോതകമായവിധം വിവരിക്കുന്ന ഒരുവനോട് "സഖ്യത്തിൽ ക്രമം പാലിക്കയും സഖ്യാംഗങ്ങളെ നന്മയിലേക്കു നയിക്കുകയും ചെയ്യുകമാത്രമാണ് അദ്ദേഹത്തിൻെറ കർത്തവ്യം" എന്ന് ആ വിനീതഹൃദയൻ പ്രത്യുത്തരിക്കും. എങ്ങനെയുള്ള ആളെയാണ് പ്രസിഡണ്ടായി തിരഞ്ഞെടുക്കേണ്ടത് എന്നു ചോദിച്ചാൽ "ഇതരന്മാരുടെ ദാസനായിരിക്കുന്ന ആളെ" എന്ന് അദ്ദേഹം പ്രതിവചിക്കും. ഉദ്ധതന്മാരെ അതിവേഗം അപഥത്തിലേക്ക് ആനയിക്കുന്ന ഹൃദയചാപല്യത്തിൽനിന്നും വിനയശീലന്മാർ വിമുക്തരായിരിക്കുന്നു. അന്യരുടെ അഭിപ്രായങ്ങളെ ആദരിക്കുവാൻ വിനീതമനസ്കർ വിമുഖരായിരിക്കയില്ല. ആര് എന്തുതന്നെ പറഞ്ഞാലും, അത് എത്ര സംഗതമായിരുന്നാലും, തൻെറ അഭിപ്രായം പ്രായോഗികമാക്കണമെന്നു ശഠിക്കുന്ന പ്രസിഡണ്ട് ഏതൊരു സംഘത്തിനും വലിയ വിനാശകാരിയാണെന്നു പ്രത്യേകം പറയേണ്ടല്ലോ. താദൃശമനസ്ഥിതിയോടുകൂടിയ അംഗങ്ങളും സംഘത്തിനു ഗുണത്തെക്കാൾ കൂടുതൽ ദോഷമാണു ചെയ്യുന്നതെന്നു സ്പഷ്ടമത്രേ. "ഞാൻ ശാന്തഹൃദയനും വിനീതനുമാകകൊണ്ട് നിങ്ങൾ എന്നിൽനിന്നു പഠിക്കുവിൻ" എന്നുള്ള ക്രിസ്തുനാഥൻെറ ദിവ്യോക്തികളെ സഖ്യാംഗങ്ങൾ സദാ അനുസ്മരിക്കണം.

അംഗങ്ങൾക്ക് വ്യക്തിപരമായ നിലയിൽ മാത്രമല്ല, കോൺഫറൻസുകൾക്ക് സംഘാതമായ നിലയിലും വിനയശീലം അത്യന്താപേക്ഷിതമാണ്. ഏതൽസംബന്ധമായി ഒസാനാം പറയുന്നതു ശ്രവിച്ചാലും: "ഒരു വ്യക്തിക്കെന്നപോലെതന്നെ ഒരു സംഘത്തിനും എളിമ ആവശ്യമാണ്. തങ്ങളുടെ സന്യാസസഭയെപ്പററി "നമ്മുടെ വിശുദ്ധസഭ" എന്നു പ്രസ്താവിച്ച ഒരു വൈദികനെ ശകാരിച്ച വിശുദ്ധ വിൻസെൻറ് ഡി പോളിൻെറ മാതൃക നമുക്കു പാഠമായിരിക്കേണ്ടതാണ്. സ്ഥാപനങ്ങളുടെ നേട്ടങ്ങളെക്കുറിച്ചുള്ള ദുരഭിമാനത്തിൻെറ മറയിൽ നിലകൊള്ളുന്ന സാമൂഹ്യമായ ഔദ്ധത്യം ദൂരീകരിക്കുവാൻ പ്രത്യേകം നിഷ്കർഷിക്കേണ്ടതാണ്." ദൈവമഹത്വത്തിനായുള്ള സംരംഭങ്ങളിൽ സഹകരിക്കുന്നവർ "നാം ഉപയോഗശൂന്യരായ ദാസന്മാരാണ്" എന്നുള്ള വസ്തുത വിസ്മരിക്കരുത്. കോൺഫറൻസുകൾ പ്രസിദ്ധിയും തജ്ജന്യമായ പ്രശസ്തിയും തേടരുതെന്ന് ഒസാനാം ആഗ്രഹിച്ചിരുന്നു. അങ്ങനെ ചെയ്യുന്നതുമൂലം അവയ്ക്കും വിനയം പാലിച്ചുകൊണ്ടുപോകുവാൻ സാധിക്കുമെന്ന് അദ്ദേഹം ഉൽബോധിപ്പിച്ചു.

യഥാർത്ഥമായ എളിമ സഖ്യാംഗങ്ങൾക്കുണ്ടായിരിക്കണമെന്നു നിഷ്കർഷിക്കുന്നതോടുകൂടിത്തന്നെ കപടമായ എളിമയിൽനിന്നും ഒഴിഞ്ഞിരിക്കണമെന്നും ഒസാനാം ഉൽബോധിപ്പിക്കുന്നു. "തൻെറ പ്രവൃത്തികളിൽ വ്യർത്ഥാഭിമാനം കലരുമെന്നു കരുതി നന്മചെയ്യുന്നതിൽ വിമുഖനായിരിക്കുന്ന ഒരുവൻെറ വിനയസ്വഭാവത്തെ ഞാൻ നിരന്തരം എതിർക്കുകതന്നെ ചെയ്യും" എന്നാണ് അദ്ദേഹം പറഞ്ഞിരിക്കുന്നത്. നന്മ ചെയ്യുന്നതിനുള്ള അവസരങ്ങളെ വിനിയോഗിക്കാതിരിക്കുന്നതിലോ, ദൈവം നമ്മെ ഉപകരണമാക്കിക്കൊണ്ടു ചെയ്യുന്ന നന്മയെ നിഷേധിക്കുന്നതിലോ അല്ല യഥാർത്ഥമായ എളിമ അടങ്ങിയിരിക്കുന്നത്. ദൈവത്തിൻെറ അനന്തശക്തിയേയും നമ്മുടെ നിസ്സാരതയേയും ഗ്രഹിച്ച് നാം വഴി ദൈവം പ്രവർത്തിക്കുന്ന മഹാകാര്യങ്ങളുടെ മഹത്വം ദൈവത്തിനുതന്നെ നൽകുന്നതിലാണ് യഥാർത്ഥമായ എളിമ അഥവാ വിനയശീലം അടങ്ങിയിരിക്കുന്നത്. വിനയശാലിയായ ഒരുവൻ ദൈവമഹത്വത്തിനുവേണ്ടി മഹാകാര്യങ്ങൾ ചെയ്യാൻ ഉത്സാഹപൂർവ്വം യത്നിക്കുന്നു. പരാജയവും തന്മൂലമുണ്ടാകാവുന്ന മാനഹാനിയും അവനെ നഷ്ടധൈര്യനാക്കുന്നില്ല. വിനയത്തിൽ മിഥ്യാഭിമാനം ഉണ്ടാകുമെന്ന് അവൻ ഭയപ്പെടുന്നുമില്ല. എന്തുകൊണ്ടെന്നാൽ അവൻ എല്ലായ്പോഴും ദൈവശക്തിയിൽ ആശ്രയിക്കുന്നു. ദൈവത്തിൻെറ ഉപയോഗശൂന്യനായ ദാസനാണ് താൻ എന്ന വസ്തുത അവൻ വിസ്മരിക്കുന്നില്ല. ഏവംവിധം വിനയത്തിനു വൈകല്യം വരാതെതന്നെ ദൈവമഹത്വത്തിനായി വൻകാര്യങ്ങൾ ചെയ്യുന്നതിൽ സഖ്യാംഗങ്ങൾ ഉത്സുകരാകണം.

സാധുജനസന്ദർശനത്തിൽ വ്യാപൃതനാകുന്ന ഒരു സഖ്യാംഗം പ്രത്യേകിച്ചും വിനയശാലിയായിരിക്കണം. സാധുജനങ്ങളോടുള്ള പെരുമാററത്തിൽ ഔത്തര്യഭാവം ഉണ്ടാകാതിരിപ്പാൻ സൂക്ഷിക്കേണ്ടതാണ്. നന്മചെയ്തുകൊണ്ടു സഞ്ചരിച്ചിരുന്ന ക്രിസ്തുനാഥനെപ്പോലെ വിനീതനും ശാന്തനുമായി അയാൾ വർത്തിക്കണം. വിനയവും സൗമ്യതയും കലർന്ന പെരുമാററംമൂലം സാധുക്കളെ കൂടുതൽ സന്തുഷ്ടരാക്കുവാൻ അയാൾക്കു സാധിക്കും. തദ്വാരാ അയാളുടെ സന്ദർശനം ഫലസമ്പൂർണ്ണമായിത്തീരുകയും ചെയ്യും.

(A. V. T.)

# നന്മ നിറഞ്ഞ മറിയമേ!

(രാമ രാമ.........എ. മ.)

(സാഹിത്യവിശാരദൻ പി. എൽ. മത്തായി, ഇടപ്പള്ളി)

നന്മതന്നെയൊന്നുചേർന്ന പുണ്യജന്മയാകിയോ-
രമ്മയായ കന്യമേരി സ്വസ്തി സ്വസ്തിയംബികേ!
ലോകനാഥ മാതൃപാദ യോഗ്യ ഭാഗ്യയാകിയ
നാകകന്യയായമേരി ധന്യധന്യയാണു നീ
ഭക്തിയോടുകൂടിയിന്നു ശുദ്ധ ശുദ്ധമപ്പദം
ഭക്തരായ മർത്ത്യരായ ഞങ്ങൾ കൂപ്പു; സാദരം
പാപമേതുമേശിടാത്ത മേരി നിൻെറ തൃപ്പദം
പാപനാശനാർത്ഥമിന്നു കൈവണങ്ങിടുന്നിതാ
സൃഷ്ടികൾക്കു മുക്തിശക്തിയേകുവാൻ പിറന്നതാം,
സൃഷ്ടിനാഥനിന്നു നിന്നിൽ, ധന്യ ധന്യതന്നെ നീ
ദൈവമാതൃപാദമിന്നലങ്കരിക്കുമംബികേ!
കൈതവങ്ങളെന്യേ ഞങ്ങൾ കൈതൊഴുന്നു സാദരം
വാഴ്ത്തിടുന്നു നാഥേ! ഞങ്ങൾ വാഴ്ത്തിടുന്നനാരതം
വാഴ്ത്തിടുന്നു ലോകനാഥനേശുതന്നെയാദരം
ദീർഘ ദീർഘ ദുഃഖജന്യമർത്ത്യജീവിതാഹവ-
പോർക്കളത്തിലമ്മേ! ഞങ്ങൾ വീണിടുന്ന നേരവും,
ജന്മ ജന്മമാകുമിപ്പെരുംവഴിക്കു മൃത്യുവാം
കന്മഷങ്ങൾ ചേർന്ന ചോരനാക്രമിക്കുമപ്പൊഴും,
കാത്തുകൊള്ളുകമ്മേ നിൻെറ പുത്രരായ ഞങ്ങളെ
പ്പോർത്തുമെന്നുമെപ്പൊഴും മനസ്സുവച്ചു സന്തതം.

വേദശാസ്ത്രപംക്തി

## പാപസങ്കീർത്തനം

## XXII

ക്രൂദാശാഘടകങ്ങൾ

പാപസങ്കീർത്തനത്തിൻെറ സാധുതയ്ക്കു പാപങ്ങളെക്കുറിച്ചു ദുഃഖിക്കയും, പാപങ്ങൾ ഏററുപറയുകയുംചെയ്താൽ മാത്രം പോരാ; ആദ്ധ്യാത്മവിധിയാളൻ കല്പിക്കുന്ന ശിക്ഷയേൽക്കുവാനുള്ള സന്നദ്ധതയുംകൂടി അനുതാപിക്കുണ്ടാകണം. പാപം വിമോചിക്കപ്പെട്ടാലും, അവശേഷിക്കുന്ന കാലത്തിനടുത്ത ശിക്ഷയേയും ദൈവദ്രോഹത്തേയും പരിഹരിപ്പാനായി കുമ്പസാരക്കാരൻ നിർദ്ദേശിക്കുന്ന ശിക്ഷ സ്വമേധയാ സ്വീകരിക്കുന്നതിലാണ് കുമ്പസാരത്തിൻെറ പ്രായശ്ചിത്തവ്യവസ്ഥ അടങ്ങിയിരിക്കുന്നത്.

പാപസങ്കീർത്തനത്തിൻെറ ഒരാവശ്യഘടകമായ പ്രായശ്ചിത്താനുഷ്ഠാനം ദൈവസ്ഥാപിതമോ അത്യാവശ്യമോ അല്ലെന്നാണ് പ്രോട്ടസ്റ്റൻറുകാർ ആദിയായ പാഷണ്ഡികളുടെ സിദ്ധാന്തം. പാപം ദൈവത്താൽ വിമോചിക്കപ്പെടുന്നതോടെ പാപത്തിനുള്ള ശിക്ഷയും അതോടൊപ്പം വിമുക്തമാകാതിരിക്കയില്ല. പോരെങ്കിൽ നമ്മുടെ പരിഹാരപ്രവൃത്തികളുംകൂടി ആവശ്യമാണെന്നു വന്നാൽ ക്രിസ്തുവിൻെറ അളവററ വിലയുള്ള പരിഹാരബലിക്കു എന്തോ കുറവുണ്ടെന്നു സംശയിക്കേണ്ടിവരും. ഇങ്ങനെപോകുന്നു അവരുടെ വാദമുഖങ്ങൾ. അവരിൽ രൂഢമൂലമായിക്കിടക്കുന്ന പ്രസ്തുത പ്രമാദത്തിൻെറ പ്രധാനാധാരം, "വിശ്വാസംമാത്രംമതി നീതീകരണത്തിന്" എന്നുള്ള അവരുടെ അടിസ്ഥാനപ്രമാണമാണ്. ജീവിതവിശുദ്ധീകരണത്തിനു വിശ്വാസംമാത്രമേ ആവശ്യമുള്ളുവെങ്കിൽ പരിഹാരപരിപാടികൾ അനാവശ്യങ്ങളും അനർത്ഥഹേതുകങ്ങളുമാണല്ലോ.

പ്രോട്ടസ്റ്റൻറുകാരുടെ പ്രസ്തുതസിദ്ധാന്തത്തെ നിഷേധിച്ചുകൊണ്ടു ത്രിദന്തിനോസ് സൂനഹദോസ് അനുശാസിക്കുന്നതു, പാപത്തിൻെറ കുററം ദൈവം ക്ഷമിക്കുന്നതോടൊപ്പം പാപത്തിനുള്ള ശിക്ഷകളത്രയും റദ്ദാക്കപ്പെടുകയില്ലെന്നും, ശിക്ഷാമുക്തിക്കുള്ള പ്രായശ്ചിത്തത്തിനു ക്രിസ്തു പാപിക്കുവേണ്ടി പരിഹാരം ചെയ്തു എന്നുള്ള വിശ്വാസം ഒന്നുമാത്രംമതിയാകയില്ലെന്നുമാണ്.

ആദ്ധ്യാത്മവിധിയാളന് അനുതാപിക്ക് ഏതെങ്കിലും ശിക്ഷ കല്പിക്കുവാനുള്ള അവകാശവും, അനുതാപിക്ക് ആയതു കൈയേല്ക്കുവാനുള്ള ബാദ്ധ്യതയുമുണ്ടെന്നു പാപസങ്കീർത്തനസ്ഥാപനവാക്യങ്ങൾതന്നെ തെളിയിക്കുന്നുണ്ട്. ന്യായവിചാരണരീതിയിലാണല്ലോ പാപവിമോചനാധികാരം പ്രയോഗിക്കപ്പെടേണ്ടത്. അഴിക്കുവാനുള്ള അധികാരം മാത്രമല്ല കെട്ടുവാനുള്ള അധികാരംകൂടി അതിൽ അടങ്ങിയിട്ടുണ്ട്. ആകയാൽ കുമ്പസാരക്കാരനു പാപം വിമോചിക്കുവാൻ മാത്രമല്ല പാപത്തിനു യുക്തമെന്നു തോന്നുന്ന പ്രായശ്ചിത്തം കല്പിക്കുവാനും അധികാരവും അവകാശവുമുണ്ട്.

പാരമ്പര്യസാക്ഷ്യങ്ങളും ഈ സിദ്ധാന്തത്തെ ശക്തിയുക്തം പിന്താങ്ങുന്നതായിക്കാണാം. ആദ്യനൂററാണ്ടുകളിൽ സഭാജീവിതത്തിൽ പ്രചാരത്തിലിരുന്ന സുദീർഘവും ക്ലേശഭൂയിഷ്ഠവുമായ പ്രായശ്ചിത്തനടപടികൾ പ്രസിദ്ധമാണല്ലോ. പ്രസ്തുതക്രമത്തെ സമാദരിച്ചും സമർത്ഥിച്ചും സഭാപിതാക്കന്മാർ പല പ്രസ്താവനകൾ പുറപ്പെടുവിക്കയും ഗ്രന്ഥങ്ങൾ രചിക്കയും ചെയ്തിട്ടുണ്ട്.

പാപം വിമോചിക്കപ്പെട്ടാലും, പാപത്തിനുള്ള ശിക്ഷ അതോടെ സമൂലം നിർമ്മാർജ്ജനംചെയ്യപ്പെടുന്നില്ല എന്നതിനെ ഉദാഹരിക്കുന്ന പല ദൃഷ്ടാന്തങ്ങളും വി. ഗ്രന്ഥത്തിൽ കാണാം. ആദം അനുതപിച്ചു; കൃപാവരം പുനഃപ്രാപിച്ചു (ബോ. 11,2). എന്നിരുന്നാലും ലൗകികവും ശാരീരികവുമായ പല പീഡകളും സഹിക്കേണ്ടിവന്നു. മോശയും അഹറോനും അവരുടെ അവിശ്വാസത്തിനു പൊറുതി പ്രാപിച്ചു. പക്ഷെ വാഗ്ദാനത്തിൻെറ നാട്ടിൽ പ്രവേശിക്കുവാനുള്ള ഭാഗ്യം അവർക്കു ലഭിച്ചില്ല. ദാവീദ് സ്വന്തം പാതകങ്ങളെക്കുറിച്ചു പശ്ചാത്തപിച്ചു; ദൈവം അദ്ദേഹത്തോടു ക്ഷമിച്ചു; എങ്കിലും മകൻെറ മരണത്താൽ ശിക്ഷയനുഭവിക്കേണ്ടിവന്നു.

യോവേൽ ദീർഘദർശി അനുശാസിക്കുന്നു: "ആകയാൽ കർത്താവു കല്പിച്ചരുളുന്നു: ഉപവാസത്താലും, വിലാപത്താലും, പ്രലാപത്താലും നിങ്ങൾ പൂർണ്ണഹൃദയത്തോടെ എൻെറ പക്കലേക്കു പിന്തിരിഞ്ഞാലും." (യോ. 2,12). "നിൻെറ പാപങ്ങൾ ദാനധർമ്മങ്ങളാൽ വിമോചിച്ചാലും; പാവങ്ങളോടുള്ള കാരുണ്യപ്രവൃത്തികളാൽ നിൻെറ പാതകങ്ങളെ പരിഹരിച്ചാലും." (ദാനി. 4,24.)

എന്നാൽ കൂദാശയുടെ ഫലസിദ്ധിക്കു കുമ്പസാരക്കാരൻ വിധിക്കുന്ന പ്രായശ്ചിത്തം കൈയേൽക്കുവാനുള്ള സന്നദ്ധതവേണമെന്നല്ലാതെ അതിൻെറ നിർവ്വഹണം ആവശ്യമില്ല. പക്ഷെ കഴിയുംവേഗം അതു ചെയ്തുതീർക്കേണ്ടതാണ്. ഗൗരവമായ പാപങ്ങൾക്കുള്ള പ്രായശ്ചിത്തം നിർവ്വഹിക്കാതിരുന്നാൽ ഗുരുതരമായ പാപമായിരിക്കുമെന്നും മനസ്സിലാക്കണം.

(പി. കെ.)

## യാക്കോബായ സഭാംഗങ്ങളും കത്തോലിക്കാ പുനരൈക്യവും

(3-ാം പേജ് തുടർച്ച)

ന്ന സാർവ്വലൗകികമായ കത്തോലിക്കാസഭയിൽ ഒരു അദ്ധ്യക്ഷനോ, വൈദികനോ അഥവാ മെത്രാനുതന്നെയോ ഉള്ള സ്ഥാനം കേവലം നിസ്സാരമാണെന്നും, ആ ഒരൊററ വ്യക്തിയെ ആശ്രയിച്ചല്ല കത്തോലിക്കാസഭ സ്ഥിതിചെയ്യുന്നതും പുരോഗമിക്കുന്നതുമെന്നും, ആ വ്യക്തി ഇല്ലെങ്കിലും കത്തോലിക്കാസഭയ്ക്കു യാതൊരു കുഴപ്പവും സംഭവിക്കുകയില്ലെന്നും ഇപ്രകാരം വ്യക്തിവിശേഷം ഉന്നയിക്കുന്ന സഹോദരങ്ങൾ മനസ്സിലാക്കിയിരിക്കേണ്ടതാണ്. മനുഷ്യനെന്നുള്ള നിലയിൽ ഏതൊരു വ്യക്തിക്കും—ഏതൊരു സ്ഥാനത്ത് ഇരിക്കുന്നവനായാലും—തെററുകളും ബലഹീനതകളും ഉണ്ടാകാവുന്നതാണ്. പക്ഷേ, അപ്രകാരമുള്ള ഒരു വ്യക്തി കത്തോലിക്കാ സഭാംഗമായിത്തീർന്നു സ്വന്തമനസ്സാക്ഷിക്ക് എതിരായി പ്രവർത്തിക്കുന്നതിനുള്ള ഒരു കാരണമായി ഉന്നയിക്കുന്നവർ നിശ്ചയമായും "പരിശുദ്ധാത്മാവിനു വിരോധമായ പാപം" ആണ് പ്രവർത്തിക്കുന്നത് എന്നുള്ളതിനു യാതൊരു സംശയവുമില്ല. തന്നിൽ അഭയം പ്രാപിക്കുന്ന ഏതു ഭയങ്കരപാപിയേയും സ്വീകരിക്കുന്നതിനും ആശ്ലേഷിക്കുന്നതിനുമുള്ള പരിപൂർണ്ണസന്നദ്ധതയും ഹൃദയവിശാലതയും സഭാസ്ഥാപകനായ കർത്താവിനെപ്പോലെതന്നെ അവിടുത്തെ ശരീരമായ സഭയ്ക്കും ഉണ്ടെന്നുള്ളതു പരമാർത്ഥംതന്നെ. അതിനാൽ അന്തർലീനമായിരിക്കുന്ന ഉദ്ദേശം ആ പാപിയെ അവന്റെ പാപകളങ്കങ്ങളിൽനിന്നും വിമുക്തനാക്കി വിശുദ്ധിയുടെ സോപാനത്തിലേക്കു ഉയർത്തണമെന്നതാണെന്നു ഗ്രഹിക്കുമ്പോൾ സഭാമാതാവിന്റെ പരിപാവനമായ ഉദ്ദേശത്തെ ഏതൊരുവനും പ്രശംസിക്കാതിരിക്കുന്നതല്ല. എന്നാൽ ആ പാപിയെ സ്വീകരിച്ചു എന്നുള്ള ഏകകാരണത്താൽ സത്യസഭാശ്ലേഷണത്തിൽനിന്നും അകന്നുനില്ക്കുകയും മനസ്സാക്ഷിക്കു എതിരായി പ്രവർത്തിക്കുകയും ചെയ്യുന്നതു ഒരു യഥാർത്ഥക്രൈസ്തവനു അനുയോജ്യമായിട്ടുള്ളതുമല്ല.

### 4 സ്ഥാനബഹുമാനനഷ്ടം

കത്തോലിക്കാസഭാംഗമായിത്തീർന്നാൽ യാക്കോബായസഭയിൽ തങ്ങൾക്കുണ്ടായിരുന്ന സ്ഥാനവും ബഹുമാനവും നഷ്ടപ്പെടുകയും, കത്തോലിക്കാസഭയിൽ അവ ലഭിക്കാതെ വരുകയും ചെയ്യുമെന്നുള്ള ഭയവും സത്യസഭാശ്ലേഷണത്തിൽനിന്നു പലരേയും വിമുഖരാക്കിത്തീർക്കുന്നുണ്ടു. "ഒന്നാമതു ദൈവരാജ്യവും അതിന്റെ നീതിയും അന്വേഷിക്കുക. അതോടുകൂടെ സകലവും കണ്ടെത്തും" എന്നരുൾചെയ്ത ക്രിസ്തുനാഥന്റെ അനുയായികൾ സ്ഥാനമോ ബഹുമാനമോ നഷ്ടപ്പെടുമെന്നു ഭയന്നു മനസ്സാക്ഷിയുടെ പ്രചോദനത്തെ തൃണവൽഗണിക്കുന്നതിനു ധൈര്യപ്പെടുന്നതു ഒരുകാലത്തും ക്ഷന്തവ്യമായിട്ടുള്ളതല്ല. തങ്ങളുടെ രക്ഷകനുവേണ്ടി സ്ഥാനത്തേയും ബഹുമാനത്തേയും എന്നുവേണ്ടാ സകലത്തേയും ബലികഴിപ്പാനുള്ള പരിപൂർണ്ണസന്നദ്ധതയത്രെ ഒരു ഉത്തമക്രൈസ്തവനു ഉണ്ടായിരിക്കേണ്ടതു. "എന്റെ നിമിത്തമായിട്ടും സുവിശേഷത്തിന്റെ നിമിത്തമായിട്ടും വീടുകളെയോ, സഹോദരന്മാരെയോ, സഹോദരികളെയോ, പിതാവിനെയോ, മാതാവിനെയോ, ഭാര്യയെയോ, മക്കളെയോ നിലംപുരയിടങ്ങളെയോ ഉപേക്ഷിച്ചിട്ടു ഈ ആയുസ്സിൽവെച്ചുതന്നെ ഉപദ്രവങ്ങളോടുകൂടെ നൂറിരട്ടി വീടുകളേയും, സഹോദരന്മാരേയും, സഹോദരികളേയും, മാതാക്കളേയും, മക്കളേയും, നിലം പുരയിടങ്ങളേയും വരുവാനിരിക്കുന്നലോകത്തിൽ നിത്യജീവനേയും പ്രാപിക്കാത്തവൻ ആരുമില്ല" (മർക്കോസു 10. 30-31) എന്നാണല്ലോ ക്രിസ്തുനാഥൻ അരുൾചെയ്തിരിക്കുന്നതു.

യഥാർത്ഥ ബഹുമാനവും സ്ഥാനവും അർഹിക്കുന്നവർ കത്തോലിക്കാസഭയെ ആശ്ലേഷിച്ചതുമൂലം കൂടുതൽ സ്ഥാനവും, ബഹുമാനവും ലഭിച്ചിട്ടുള്ളതായിട്ടത്രെ ഇതുവരെയുള്ള അനുഭവം തെളിയിക്കുന്നതു. ഇക്കേരളത്തിൽനിന്നും ഇതിനോടകം കത്തോലിക്കാസഭയോടു പുനരൈക്യപ്പെട്ടിട്ടുള്ള അയ്മേനികൾക്കും, വൈദികന്മാർക്കും, മെത്രാന്മാർക്കും യാക്കോബായസഭയിൽ ഉണ്ടായിരുന്നതിൽ കൂടുതൽ സ്ഥാനബഹുമാനങ്ങൾ ലഭിച്ചിട്ടുണ്ടെന്നുള്ളതു അനിഷേധ്യമായ ഒരു പരമാർത്ഥമത്രേ. കേരളത്തിലുള്ള അകത്തോലിക്കാസഭകളെ അപേക്ഷിച്ചു ഏതു നിലയിൽ നോക്കിയാലും സമുന്നതമായ സ്ഥാനമാണു കേരളീയകത്തോലിക്കാസഭയ്ക്കുള്ളതെന്ന വാസ്തവം സകലരും സമ്മതിക്കുകതന്നെ ചെയ്യും. ആ സ്ഥിതിക്കു കത്തോലിക്കാപുനരൈക്യംമൂലം സ്ഥാനത്തിനോ ബഹുമാനത്തിനോ ക്ഷതം സംഭവിക്കുമെന്നുള്ള ഭയം പുനരൈക്യവീഥിയിലെ വിലങ്ങുതടിയായി ആരെങ്കിലും പരിഗണിക്കുന്നുണ്ടെങ്കിൽ അതിന്റെ കാരണം സ്ഥിതിഗതികളെക്കുറിച്ചുള്ള അജ്ഞതമാത്രമാണെന്നു പറയുന്നതിനേ നിവൃത്തിയുള്ളു.

### 5 സാഹചര്യപ്രാതികൂല്യം

കത്തോലിക്കാസഭവകയായ ദൈവാലയങ്ങളോ, ശ്മശാനസ്ഥലങ്ങളോ വൈദികന്മാരോ തങ്ങളുടെ സ്ഥലത്തില്ലെന്നും, തന്മൂലം യാക്കോബായസഭയെ ഉപേക്ഷിച്ചു കത്തോലിക്കാസഭയെ ആശ്ലേഷിച്ചാൽ മതപരമായ കർമ്മങ്ങൾ നടത്തിക്കിട്ടുന്നതിനു തങ്ങൾ വളരെ വിഷമിക്കേണ്ടിവരുമെന്നുമുള്ള ഭയം സത്യസഭാപ്രവേശത്തിനു പലർക്കും തടസ്സമായിത്തീർന്നിട്ടുണ്ടു. അപ്രകാരംതന്നെ യാക്കോബായസഭയിലെ വലിയപള്ളിയും സ്വത്തുക്കളും ഉപേക്ഷിച്ചു സ്വത്തില്ലാത്ത ഒരു ചെറിയപള്ളിയിലേക്കു വരുന്നതിലുള്ള വിഷമവും ചിലർക്കുള്ളതായി പ്രകടിതമായിട്ടുണ്ടു. കത്തോലിക്കാസഭ സാർവ്വത്രികസഭയാകയാൽ, ഇന്നു ലോകത്തിന്റെ ഏതു ഭാഗത്തു ചെന്നാലും പ്രസ്തുതസഭവകയായ ദൈവാലയങ്ങളും സ്ഥാപനങ്ങളും കാണ്മാൻ സാധിക്കുമെന്നും, എല്ലാ രാജ്യങ്ങളിലും കത്തോലിക്കാ വൈദികന്മാരുണ്ടെന്നും, കത്തോലിക്കാസഭയിലെ ദൈവാലയങ്ങളോടും സ്ഥാപനങ്ങളോടും താരതമ്യം ചെയ്താൽ യാക്കോബായസഭാസ്ഥാപനങ്ങളും സ്വത്തുക്കളും കേവലം നിസ്സാരങ്ങളാണെന്നും ഈദൃശകാരണം പുറപ്പെടുവിക്കുന്ന സഹോദരങ്ങൾ മനസ്സിലാക്കിയിരിക്കേണ്ടതാണ്. ഇക്കേരളത്തിൽത്തന്നെയുള്ള കത്തോലിക്കാസ്ഥാപനങ്ങൾ യാക്കോബായ സ്ഥാപനങ്ങളെക്കാൾ സംഖ്യയിലും വലിപ്പത്തിലും പതിരട്ടിയിൽ കൂടുതൽ ഉണ്ടെന്നുള്ള പാരമാർത്ഥ്യവും ഞങ്ങളുടെ ഈ സഹോദരങ്ങൾ ഗ്രഹിച്ചിരിക്കേണ്ടതാണ്. അപ്രകാരംതന്നെ കേരളത്തിനു പുറത്തു ഭാരതത്തിൽ കൈവിരലിൽ എണ്ണുവാൻപോലും സ്ഥാപനങ്ങൾ യാക്കോബായസഭയ്ക്കില്ലെന്നും നേരേമറിച്ചു ഭാരതത്തിന്റെ ഒരററംമുതൽ മറേറ അററംവരെയുള്ള എല്ലാ സ്ഥലങ്ങളിലും കത്തോലിക്കാദൈവാലയങ്ങളും സ്ഥാപനങ്ങളുമുണ്ടെന്നുമുള്ള വാസ്തവവും ഇവർ ധരിച്ചിരിക്കേണ്ടതാണ്.

പുനരൈക്യപ്രസ്ഥാനം കേരളത്തിൽ ആരംഭിച്ചതിനുശേഷം ഇവിടത്തെ അകത്തോലിക്കാകേന്ദ്രങ്ങളിൽ മിക്കവാറും എല്ലായിടത്തുംതന്നെ ദൈവാലയങ്ങളും ഇതരസ്ഥാപനങ്ങളും നിർമ്മിക്കുന്നതിനു പുനരൈക്യപ്പെട്ട അഭിവന്ദ്യതിരുമേനിമാർക്കു സാധിച്ചിട്ടുണ്ടു. ഇനിയും അപൂർവ്വം ചില സ്ഥലങ്ങൾ ഉണ്ടെങ്കിൽത്തന്നെയും പുനരൈക്യപ്പെടുന്നതിനു ആളുകൾ അവിടെ ഉണ്ടെങ്കിൽ ആരാധനയ്ക്കുള്ള സൗകര്യങ്ങൾ അവിടെയും ഉണ്ടാക്കിക്കൊടുക്കുന്നതിനു വന്ദ്യതിരുമേനിമാർ പരിപൂർണ്ണസന്നദ്ധരുമാണ്. ലോകത്തിന്റെ നാനാഭാഗങ്ങളിലുമുള്ള വേദപ്രചാരാസക്തരായ കത്തോലിക്കർ ഇതിനുവേണ്ടി ധനസഹായം ചെയ്യുന്നതിൽ അതീവ ഔത്സുക്യം പ്രകടിപ്പിക്കുന്നുമുണ്ട്. ആ സ്ഥിതിക്കു സ്ഥാപനങ്ങളുടെ അഭാവവും പുനരൈക്യത്തിനുള്ള പ്രതിബന്ധമായി ഉന്നയിക്കുന്നതു നീതീകരണാർഹമെന്നു പറയുവാൻ നിവൃത്തിയില്ല.

### വൈവാഹികവിഷമതകൾ

നിസ്സാരമായ ഒരു കാരണമായി മററുള്ളവരുടെ ദൃഷ്ടിയിൽ തോന്നുമെങ്കിലും കത്തോലിക്കാസഭാശ്ലേഷണത്തിനുള്ള ഒരു വലിയ പ്രതിബന്ധമായിട്ടത്രേ പല അകത്തോലിക്കാസഹോദരങ്ങളും ഇതിനെ പരിഗണിക്കുന്നതു. ഇഷ്ടമുള്ള ഏതു സഭകളിലേ അംഗങ്ങളുമായും വിവാഹബന്ധത്തിൽ ഏർപ്പെടുന്നതിനുള്ള പരിപൂർണ്ണസ്വാതന്ത്ര്യം അകത്തോലിക്കാസഭകളിലുണ്ടെന്നും കത്തോലിക്കാസഭയിലില്ലെന്നുമുള്ളതു പരമാർത്ഥംതന്നെ. സാക്ഷാൽ അധികാരികളെ ധിക്കരിച്ചു യഥാർത്ഥവിശ്വാസത്തിൽനിന്നും വ്യതിചലിച്ചിരിക്കുന്ന ശീശ്മസഭകളിലേക്കോ ഇടത്തുടസഭകളിലേക്കോ സ്വസന്താനങ്ങളെ വിടുന്നതിനോ ദൈവദത്തമായ അധികാരമില്ലാത്തവരെക്കൊണ്ടു വിവാഹകർമ്മം നടത്തിക്കുന്നതിനോ സത്യവിശ്വാസത്തെ സകലത്തിലും ഉപരിയായി കരുതുന്ന കത്തോലിക്കാസഭാമാതാവു ഒരുകാലത്തും അനുവദിക്കുകയില്ല. വിശ്വാസതീക്ഷ്ണതയുള്ള ഒരു ഉത്തമ കത്തോലിക്കൻ വിശ്വാസവിപരീതം പഠിപ്പിക്കുന്ന സഭകളിലേ അംഗങ്ങളായിത്തീരുവാൻ തങ്ങളുടെ സന്താനങ്ങളെ, എത്രമാത്രം ബാഹ്യപ്രലോഭനങ്ങളുണ്ടായാലും ശരി, അയക്കുന്നതിനുള്ള സന്നദ്ധത പ്രകടിപ്പിക്കയുമില്ല.

കത്തോലിക്കരായിക്കഴിഞ്ഞാൽ തങ്ങളുടെ സന്താനങ്ങളെ പ്രത്യേകിച്ചു പെൺകുട്ടികളെ എവിടെ വിവാഹം കഴിച്ചുകൊടുക്കുവാൻ സാധിക്കുമെന്നുള്ള ഭയം അകത്തോലിക്കരായ മാതാപിതാക്കന്മാർക്കുണ്ടാകുന്നതിൽ അവരേയും കുററപ്പെടുത്തുവാൻ നിവൃത്തിയില്ല. അകത്തോലിക്കരുടെ ഇടയിൽമാത്രം താമസിക്കുന്നവരും, കത്തോലിക്കർ എവിടെയെല്ലാമാണ് ഉള്ളതെന്നു നിശ്ചയമില്ലാത്തവരും ഇപ്രകാരം ഭയപ്പെട്ടുപോകുന്നതു സ്വാഭാവികവുമാണു. എന്നാൽ, കുറെ പരിശ്രമിച്ചാൽ തങ്ങളുടെ സന്താനങ്ങൾക്കു അനുരൂപരായ വധൂവരന്മാരെ കത്തോലിക്കാസഭയിൽനിന്നുതന്നെ ലഭിക്കുന്നതിനു സാധിക്കുമെന്നു ഇവർ മനസ്സിലാക്കിയിരിക്കേണ്ടതാണ്. ഇക്കേരളത്തിലുള്ള യാക്കോബായ, ഓർത്തഡോക്സു, മാർത്തോമ്മാ, പ്രോട്ടസ്റ്റൻറു ആദിയായ ഇരുപതോളം സഭകളിലുമുള്ള അംഗങ്ങളുടെ സംഖ്യ പത്തുലക്ഷംമാത്രമാണെന്നും എന്നാൽ കേരളീയ കത്തോലിക്കാസഭയ്ക്കു പതിനഞ്ചു ലക്ഷത്തോളം അംഗങ്ങളുണ്ടെന്നും ഈദൃശഭയം പുറപ്പെടുവിക്കുന്ന സഹോദരങ്ങൾ ഗ്രഹിച്ചിരിക്കേണ്ടതാണ്. ജനസംഖ്യയിൽ മാത്രമല്ല, സാമ്പത്തികമായും, വിദ്യാഭ്യാസപരമായും, രാഷ്ട്രീയമായും എന്നുവേണ്ട ഏതു നിലയിൽ നോക്കിയാലും ഇതരസഭകളെ അപേക്ഷിച്ചു സമുന്നതമായ ഒരു സ്ഥാനമാണ് ഇന്നു കേരളീയ കത്തോലിക്കാസഭയ്ക്കു ദൈവാനുഗ്രഹത്താൽ ലഭിച്ചിട്ടുള്ളതെന്നും ഇവർ സ്മരിച്ചിരിക്കേണ്ടതാണ്. ആകയാൽ കത്തോലിക്കരായ വധൂവരന്മാരെ തങ്ങളുടെ സന്താനങ്ങൾക്കു ലഭിക്കുവാൻ സാധിക്കുമോ എന്നുള്ള സന്ദേഹം അടിസ്ഥാനരഹിതമാണെന്നുള്ളതിനു സംശയമില്ല. പഴയകൂർ കത്തോലിക്കരും യാക്കോബായ ആദിയായ അകത്തോലിക്കാസഹോദരങ്ങളുടെ പുനരൈക്യത്തെ യഥാർത്ഥമായി ആഗ്രഹിക്കുന്നവരുമായ സഹൃദയന്മാർ പുനരൈക്യപ്പെട്ട കത്തോലിക്കരെ ഇക്കാര്യത്തിൽ സഹായിപ്പാൻ പരിപൂർണ്ണസന്നദ്ധത പ്രകടിപ്പിക്കുന്നുണ്ടെന്നുള്ളതും സന്തോഷപ്രദവും ആശാവഹവുമത്രേ. ആകയാൽ വൈവാഹികവിഷമതകളും പുനരൈക്യത്തിനുള്ള കാര്യമായ ഒരു പ്രതിബന്ധമല്ലെന്നു തെളിയുന്നു.

## വിൻസെൻഷ്യൻ സഭ

ധ്യാനപ്രസംഗങ്ങൾ, സാധുജനസേവനം മുതലായ മഹനീയലക്ഷ്യങ്ങളോടുകൂടി തോട്ടകവും അങ്കമാലിയും കേന്ദ്രങ്ങളാക്കി പ്രവർത്തനംനടത്തിക്കൊണ്ടിരിക്കുന്ന വിൻസെൻഷ്യൻ കോൺഗ്രിഗേഷനിൽ ചേരാൻ ആഗ്രഹമുള്ള സ്കൂൾഫൈനൽ പാസ്സായ യുവാക്കന്മാർ പ്രസ്തുത കോൺഗ്രിഗേഷൻ വകയായി അങ്കമാലി ആശ്രമത്തിൽ നടത്തുന്ന പെററിസെമ്മിനാരിയിൽ ചേരുന്നതിനു അപേക്ഷകൾ ഉടൻ അയക്കേണ്ടതാണ്. സ്കൂൾഫൈനൽ പരീക്ഷയിൽ ചേർന്നിരിക്കുന്നവർക്കും അപേക്ഷകൾ അയക്കാം.

സുപ്പീരിയർ ജനറൽ
വിൻസെൻഷ്യൻ ഹൗസ്
തോട്ടകം—വൈക്കം.

ഏഷ്യാററിക്ക് മെർക്കൻറയിൽ ബാങ്ക്
ലിമിററഡ്, കൊച്ചി
(Incorporated in Cochin State with limited liability)
ബ്രാഞ്ചുകൾ: എറണാകുളം, തൃശ്ശൂർ

# പുതിയമാസക്കുറി

28 മാസംമാത്രം—ആകെ നമ്പ്ര് 28—നമ്പ്ര് ഒന്നിൽ രണ്ടുനറുക്ക്
ഒന്നു ലേലം—ഒന്നു എടുക്കൽ—ആകെ സല 5,600 ക.

ആദ്യത്തെ കുറിതവണ
15-6-1950 (1125 മിഥുനം 1)

ബ. തിരു-കൊച്ചി ഗവർമ്മെൻറിൽനിന്നു
19-4 1950-ലെ L. Dis 2434/50-ാം നമ്പറായി സിദ്ധിച്ച
ഓർഡർ അനുസരിച്ച് പുതിയതായി തുടങ്ങുന്നതു.

**M. O. Thomakutty**
(Chairman of the Board of Directors)

## അറിയിപ്പ്

ഞാൻ അവിചാരിതമായി സ്ഥലം വിടുന്നതിനാൽ എന്റെ പക്കൽനിന്നും "സത്യദീപം" തുടർച്ചയായി എടുത്തുവന്നിരുന്നവരിൽ ഇതുവരെയും കുടിശികതീർക്കാത്തവർ ദയവായി തൽസ്ഥാനത്തു നിയമിച്ചിരിക്കുന്ന ഏജൻറിന്റെ പക്കൽ പണം ഒടുക്കി രസീതു വാങ്ങിക്കൊള്ളണം.

എന്നു അലോഷ്യസ്സ് ആർ. പെരേര
സത്യദീപം ഏജൻറു
ലേക്ക്‌വ്യൂ, പുതുക്കുറിച്ചി.

## വി. പൗലോസിനെ വധിച്ച വാൾ

വി. പൗലോസിനെ വധിക്കുന്നതിനുപയോഗിച്ച വാൾ 14-ാം നൂററാണ്ടിൽ റോമിൽനിന്നും സ്പെയിനിലെ തൊളേദൊ എന്ന സ്ഥലത്തേക്കു കൊണ്ടുപോയി. "വി. ജറോമിന്റെ സഹോദരികൾ" എന്ന കന്യാസ്ത്രീകളുടെ ആശ്രമത്തിലാണ് അതു സൂക്ഷിച്ചുവന്നതു. എന്നാൽ സ്പെയിനിലെ ആഭ്യന്തരസമരകാലത്തു ആ പൂജ്യവസ്തു ചെങ്കൊടിക്കാർ കൈക്കലാക്കാതിരിപ്പാൻവേണ്ടി ആശ്രമത്തിനടുത്തുള്ള ഒരു കിണററിൽ എറിഞ്ഞുകളഞ്ഞു. ഇപ്പോൾ അതു കണ്ടെടുക്കുന്നതിനായി അന്വേഷണം നടന്നുവരികയാണ്. ഖഡ്ഗത്തിന്മേൽ റോമാചക്രവർത്തിമാരുടെ ഔദ്യോഗികചിഹ്നം മുദ്രണം ചെയ്തിട്ടുള്ളതിനുപുറമേ, അതു തിരിച്ചറിയുന്നതിനുവേണ്ട രേഖാമൂലമായ സാക്ഷ്യങ്ങൾ കന്യാസ്ത്രീകളുടെ പക്കൽ വേറെയുമുണ്ടു.

ചെറുകഥ

# ചിട്ടിത്തലയാൾ

(ജോസഫ് ഡി. വെട്ടിക്കാട്ട്)

ഞായറാഴ്ചക്കടം തീർക്കുകയെന്നുള്ളതിൽ കവിഞ്ഞുള്ള പള്ളിയിൽ പോക്കൊന്നും ചാക്കോച്ചേട്ടനില്ല. അതയാളുടെ കുററമല്ല. കോടതിയിലെ വ്യവഹാരങ്ങൾ അവസാനിച്ചിട്ടു വേണ്ടേയോ പള്ളിയിൽ പോകുവാൻ? കോടതി ഒഴിവുപ്രമാണിച്ചു ലഭിക്കുന്ന ചുരുക്ക ദിവസങ്ങളൊഴിച്ച് ഒരിക്കൽപ്പോലും അയാൾക്കു കേസില്ലാത്ത ദിവസങ്ങളില്ല.

അന്നാട്ടിലെ ഏററവും പ്രതാപവാനായ ഒരു ചിട്ടിത്തലയാളാണ് ചാക്കോച്ചേട്ടൻ. ചിട്ടി നടത്തി ഇത്രയധികം വസ്തുവകകൾ നേടിയിട്ടുള്ള ഒരു മനുഷ്യനെപ്പററി ആ നാട്ടിലെ പഴമക്കാർപോലും കേട്ടുകേൾവിയില്ല. എന്നാൽ അയാളുടെ നേട്ടങ്ങളുടെ പിൻപിലെല്ലാം ഓരോവിധ ചരിത്രങ്ങളുണ്ടായിരുന്നു.

"ചിട്ടിക്കടത്തിനു യോഹന്നാൻെറ പേരിൽ കേസുകൊടുത്തു നടത്തിയെടുത്തതാണീ രണ്ടേക്കർ."

"അവുസേപ്പ് അഞ്ഞൂറുരൂപാ കൊടുക്കുവാനുണ്ടായിരുന്നതിനു നടത്തിയെടുത്തതാണ് ഈ മൂന്നേക്കർ." ഇങ്ങനെ അയാളുടെ ഓരോ പുരയിടങ്ങളെക്കുറിച്ചും അപരർക്കെന്തെങ്കിലും പറയുവാനുണ്ട്.

നൊയമ്പിലെ വലിയ ആഴ്ച. അന്നാണു സാധാരണയായി ആ ഇടവകയിലെ വാർഷികധ്യാനം നടത്താറുള്ളത്. സുപ്രസിദ്ധനായ ഒരു വാഗ്മിയായിരുന്നു അക്കൊല്ലത്തെ ധ്യാനപ്രസംഗകൻ. അതുകൊണ്ടു സാധാരണമായി ധ്യാനത്തിൽ സംബന്ധിക്കാത്തവരും അത്തവണത്തെ ധ്യാനത്തിൽ പങ്കുകൊണ്ടിരുന്നു. പ്രസംഗം കേൾക്കുന്നതിലുള്ള വെറും ഒരു കൗതുകത്താൽ പ്രേരിതനായി ചാക്കോച്ചേട്ടനും അത്തവണത്തെ ധ്യാനത്തിൽ സംബന്ധിക്കുവാൻ തന്നെ തീരുമാനിച്ചു.

ഒന്നാംദിവസത്തെ ധ്യാനപ്രസംഗം പ്രമാണങ്ങളെക്കുറിച്ചായിരുന്നു. ഒന്നും രണ്ടും പ്രമാണങ്ങൾ കടന്ന് ബ. ധ്യാനഗുരു മൂന്നാംപ്രമാണത്തിലേക്കു പ്രവേശിച്ചു. ഞായറാഴ്ച കർബാന മുടക്കുന്നവരേയും, അന്നു ജോലിചെയ്യുകയും ചെയ്യിപ്പിക്കുകയും ചെയ്യുന്നവരേയും പററി അദ്ദേഹം വളരെ ആവേശജനകമായി പ്രസംഗിച്ചു.

"ഏതായാലും അച്ചൻെറ ഇന്നത്തെ പ്രസംഗം വളരെ നന്നായിരുന്നു. നമ്മുടെ തോമ്മാച്ചൻെറ കാര്യം അറിഞ്ഞുകൊണ്ടുതന്നെയാണ് അദ്ദേഹം അത്രയുമൊക്കെപ്പറഞ്ഞത്. അവൻ ഞായറാഴ്ച പള്ളിയിൽപ്പോകുന്നില്ലെന്നുമാത്രമല്ല, അന്നു റബ്ബർ വെട്ടിക്കുകൂടി ചെയ്യുന്നുണ്ട്." ധ്യാനംകഴിഞ്ഞു മടങ്ങുന്നവഴി ചാക്കോച്ചേട്ടൻ കൂട്ടുകാരോടു പറഞ്ഞു.

പിറേറദിവസത്തെ ധ്യാനപ്രസംഗം "കൊല്ലരുത്" എന്ന പ്രമാണത്തെക്കുറിച്ചായിരുന്നു. കൊല്ലരുത് എന്ന പ്രമാണംകൊണ്ടുദ്ദേശിക്കുന്നതും, അതിലുൾപ്പെടുന്നതുമായ എല്ലാ പാപങ്ങളെക്കുറിച്ചും അദ്ദേഹം സമ്യക്കായി പ്രതിപാദിച്ചു. വാക്കുകൊണ്ടോ പ്രവൃത്തികൊണ്ടോ അന്യനു ദുഃഖവും അപമാനവും വരുത്തുന്ന എല്ലാ പ്രവൃത്തികളും കൊല്ലരുത് എന്നപ്രമാണത്തിനെതിരായ പാപമാണെന്നദ്ദേഹം പറഞ്ഞു.

"ഏതായാലും നമ്മുടെ വർക്കിയുടെ കാര്യവും അച്ചനറിഞ്ഞു. ഇന്നാളവനാ മത്തൻെറ പേരിൽ കൊടുത്ത കേസ്— അതവനെ അപമാനിക്കുവാൻവേണ്ടി മാത്രം കൊടുത്തതല്ലേ? അച്ചനത്രയുമൊക്കെ പറഞ്ഞതു ധാരാളം മതി, ഇനിയും അവനാക്കേസിനു പോകുമെന്നു തോന്നുന്നില്ല." അന്നത്തെ പ്രസംഗത്തെക്കുറിച്ചും ചാക്കോച്ചേട്ടന് ചില അഭിപ്രായങ്ങൾ കൂട്ടുകാരോടു പറവാനുണ്ടായിരുന്നു.

മൂന്നാംദിവസത്തെ ധ്യാനപ്രസംഗം "കുടുംബജീവിത"ത്തെക്കുറിച്ചായിരുന്നു. "കുടുംബത്തിൻെറ അസ്തിവാരം ശരിയായ ദാമ്പത്യജീവിതംകൊണ്ടുവേണം കെട്ടിപ്പടുക്കുവാൻ. ഭർത്താവും ഭാര്യയും പരസ്പരം സ്നേഹിച്ചും വിശ്വസിച്ചും ഒന്നിച്ചുതന്നെ ജീവിക്കണം. അവർ വേർപെട്ടു ജീവിക്കുന്ന ഒരു സ്ഥിതി അവരുടെയിടയിലുണ്ടാകരുത്. ഏതെങ്കിലും കാരണത്തിന്മേൽ ഭാര്യയെ കൊണ്ടുവന്നു പാർപ്പിക്കാത്ത ഭർത്താക്കന്മാരും, ഭാര്യയെ അവളുടെ ഭർത്തൃഗൃഹത്തിലേക്കയക്കാത്ത മാതാപിതാക്കന്മാരും കൂദാശാസ്വീകരണത്തിനായി ബലിപീഠത്തെ സമീപിക്കാതിരിക്കയായിരിക്കും നന്ന്." ഇങ്ങനെ അദ്ദേഹം കുടുംബജീവിതത്തെക്കുറിച്ച് വളരെ വികാരഭരിതനായി പ്രസംഗിച്ചു.

തന്നെ സ്പർശിക്കുന്ന കാര്യങ്ങളെക്കുറിച്ചൊന്നും പ്രസംഗിക്കാത്തതുകൊണ്ടോ, തന്നിൽ തെറെറാന്നുമില്ലെന്നു തോന്നിയതുകൊണ്ടോ എന്തോ ചാക്കോച്ചേട്ടന് ഓരോദിവസം ചെല്ലുംതോറും ധ്യാനപ്രസംഗങ്ങൾ വളരെ ആകർഷകമായിത്തോന്നി. അന്നും അയാൾ ചങ്ങാതിമാരോടു പറഞ്ഞു:—"ഏതായാലും നമ്മുടെ ചാണ്ടിയെ അച്ചൻ കണക്കിനു പിടികൂടിയിട്ടുണ്ട്. കെട്ടിച്ച് ഒരു കൊല്ലമായിട്ടും അവനാപെണ്ണിനെ ഇതുവരെയും മാപ്പിളവീട്ടിൽ വിട്ടിട്ടില്ല. ഇനിയും ഏതായാലും വിടാതിരിക്കയില്ല."

ഗൃഹത്തിൽ ചെന്നപ്പോഴും അയാളുടെ സംസാരം ധ്യാനപ്രസംഗങ്ങളെക്കുറിച്ചായിരുന്നു. "ഏതായാലും ഇക്കൊല്ലത്തെ ധ്യാനം എനിക്കു വളരെ ഇഷ്ടപ്പെട്ടു. അച്ചൻ എല്ലാവരേയും പിടികൂടുന്നുണ്ട്. അങ്ങനെതന്നെ വേണം. ഇവരെയൊന്നും ചുമ്മാതെ വിട്ടാൽ പററുകയില്ല." അയാൾ ഭാര്യയോടു പറയുകയാണ്.

മനുഷ്യൻെറ ബുദ്ധി അതിരററതും വളരെ അഗാധമായതുമാണ്. പക്ഷേ സ്വന്തം തെററുകൾ കണ്ടുപിടിക്കുന്നതിനുള്ള കഴിവുമാത്രം അതിനില്ല.

ധ്യാനത്തിൻെറ നാലാംദിനം—അന്നു പെസഹാവ്യാഴാഴ്ചയായിരുന്നതുകൊണ്ട് കഴിഞ്ഞ ദിവസങ്ങളിലെക്കാളധികം ജനങ്ങൾ ദേവാലയത്തിൽ തിങ്ങിക്കൂടിയിരുന്നു. അന്നത്തെ പ്രസംഗവിഷയം "ഉത്തരിപ്പുകട"മായിരുന്നു.

"കൊലപാതകവും വ്യഭിചാരവുമെല്ലാം ശരിയായ പശ്ചാത്താപംകൊണ്ട് പൊറുക്കപ്പെടാം. എന്നാൽ ഉത്തരിപ്പുകടമുള്ളവൻ അവസാനകാശുവരെയും കൊടുത്തുതീർത്തല്ലാതെ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയില്ല. അന്യൻെറ മുതൽ അപഹരിക്കുകയോ അന്യായമായി കൈവശപ്പെടുത്തുകയോ ചെയ്യുന്നതു വലിയ പാതകമാകുന്നു. അന്യൻെറ മുതൽ ഏതെങ്കിലും വിധത്തിൽ കൈവശം വന്നുചേരുന്നതിനിടയായാൽ, അതുടനെതന്നെ തിരികെ കൊടുത്തുകൊള്ളണം. അല്ലെങ്കിൽ ഓരോ ദിവസം ചെല്ലുംതോറും അതിനോട് കൂടുതൽ കൂടുതൽ ആകർഷണമുണ്ടായി ഒടുവിലതു തിരികെ കൊടുക്കണമെന്നുള്ള വിചാരംതന്നെ നഷ്ടപ്പെടും. കള്ളറിക്കാർഡുകളും പ്രമാണങ്ങളുമുണ്ടാക്കി പാവപ്പെട്ടവൻെറ കിടക്കാടംപോലും തട്ടിയെടുക്കുന്ന ചില ചിട്ടിത്തലയാളന്മാരേയുമൊക്കെ നാം കണ്ടിട്ടുണ്ടല്ലോ. അങ്ങനെയുള്ളവരും അന്യായമായി കൈവശപ്പെടുത്തിയതെല്ലാം അതിൻെറ ഉടമസ്ഥർക്കു തിരികെ കൊടുക്കണം. എന്തെന്നാൽ അന്യായമായി നേടിയവയൊന്നും അനുഭവയോഗ്യമായിരിക്കയില്ലെന്നുമാത്രമല്ല, അവ മരണനേരത്തൊരു ഭാരവുംകൂടിയായിരിക്കും." ഈ വിധം ധ്യാനഗുരു ഉത്തരിപ്പുകടത്തെക്കുറിച്ച് സുദീർഘമായി പ്രഭാഷണംനടത്തി.

കഴിഞ്ഞ മൂന്നു ദിവസങ്ങളിലേയും ധ്യാനപ്രസംഗങ്ങളിൽ സന്തുഷ്ടമാനസനായിരുന്ന ചാക്കോച്ചേട്ടനു് അന്ന് എന്തോ ഒരു "വല്ലായ്മ" അനുഭവപ്പെട്ടു. പോരെങ്കിൽ ചിട്ടിത്തലയാളന്മാരുടെ കാര്യവും മററും പറഞ്ഞപ്പോൾ ദേവാലയത്തിലിരുന്ന ചില ചെറുപ്പക്കാർ തന്നെ പരിഹാസഭാവത്തിൽ വീക്ഷിക്കുന്നതും അയാൾ കണ്ടു. തൻെറ ചിട്ടി ഇടപാടുകാര്യവും മററും ആരോ അച്ചനെ ധരിപ്പിച്ചതുകൊണ്ടാണ് അദ്ദേഹം ഈവിധമൊക്കെ പറയുവാൻ കാരണമായതെന്നു ചിന്തിക്കുവാനേ അയാളുടെ പരിമിതമായ ബുദ്ധിക്കു കഴിഞ്ഞുള്ളൂ. ധ്യാനം കഴിഞ്ഞ് എന്നും പ്രസംഗവിമർശനമായിപ്പോകാറുള്ള ചാക്കോച്ചേട്ടൻ അന്ന് എല്ലാവരുടേയും മുമ്പിൽ നടന്നു വീടുപററി.

അന്നത്തെ ധ്യാനം കഴിഞ്ഞപ്പോൾ ചാക്കോച്ചേട്ടൻെറ ചിട്ടിക്കടക്കാരിൽ പലരും ധ്യാനഗുരുവിൻെറ ചുററുംകൂടി. അവരെല്ലാം അയാളെക്കുറിച്ചു ഓരോ പരാതികൾ അദ്ദേഹത്തെ ധരിപ്പിക്കുവാനുണ്ടായിരുന്നു. "ആയിരത്തിയഞ്ഞൂറു രൂപായുടെ വസ്തു നൂറുരൂപായ്ക്കുവേണ്ടി നടത്തിയെടുത്തു, ചിട്ടി പിടിച്ചവകയിൽ ഇനിയും ഇരുനൂറുരൂപ തരുവാനുണ്ട്, ചിട്ടിക്കടത്തിന് പലിശയുടെ പലിശയും ഇടാക്ക്." ഇങ്ങനെ ഓരോരുത്തരും അയാളുടെ പ്രവൃത്തിയെക്കുറിച്ചു പരാതിപ്പെട്ടു. അവരെ പ്രോത്സാഹിപ്പിക്കുവാനും, അവർക്കുവേണ്ടി സാക്ഷ്യം പറയുവാനും ചില "വെറുതെക്കാരും" അവിടെ കൂടിയിരുന്നു.

ചാക്കോച്ചേട്ടനെ വരുത്തി ധ്യാനഗുരു വേണ്ടവിധത്തിലെല്ലാം ഉപദേശിച്ചുനോക്കി. പക്ഷേ അയാൾക്കവരോരോരുത്തരുടേയും കാര്യത്തിൽ ഓരോ വിധന്യായങ്ങൾ പറയുവാനുണ്ടായിരുന്നു. അയാൾ യാതൊരു തരത്തിലുള്ള വിട്ടുവീഴ്ചയ്ക്കും തയ്യാറായതുമില്ല. "അന്യായമായി സമ്പാദിച്ചവയൊന്നും അനുഭവയോഗ്യമായിരിക്കയില്ലെന്നു മാത്രമല്ല അതു മരണനേരത്തൊരു ഭാരവും കൂടിയായിരിക്കും." ആ വൈദികൻ അതു വീണ്ടും അയാളെ ഓർമ്മിപ്പിച്ചു.

* * *

ദേവാലയത്തോടു വളരെ സമീപിച്ചു തന്നെയായിരുന്നു ചാക്കോച്ചേട്ടൻെറ മനോഹരമായ ഭവനം സ്ഥിതിചെയ്തിരുന്നത്. ദേവാലയത്തിൽ പ്രഭാതമണി മുഴങ്ങുന്നതിനു മുമ്പുതന്നെ അയാളെഴുന്നേററു കഴിയും. അല്പം കാപ്പി കുടിക്കുന്ന താമസമേയുള്ളൂ, അയാൾക്കാറുമൈലകലെയുള്ള കച്ചേരിയിലേക്കു പുറപ്പെടുവാൻ. പഥികരിൽ പലരും പലപ്പോഴും കണ്ടിരുന്നതു ചാക്കോച്ചേട്ടനെയാണെന്നു പറഞ്ഞാൽ അതിൽ തെല്ലും അതിശയോക്തിയില്ലതന്നെ. കൈനിറയെ കടലാസുചുരുളുകളുമായിപ്പോകുന്ന നരച്ചുശോഷിച്ച ഒരു മനുഷ്യൻ—ഇതാണയാളുടെ സാമാന്യരൂപം.

കച്ചേരി സന്ദർശനം കഴിഞ്ഞു ചാക്കോച്ചേട്ടൻ മടങ്ങിയെത്തുമ്പോഴേക്കും നേരം നല്ല രാത്രിയാകും. പിന്നെ അയാൾക്കു സന്ധ്യാനമസ്കാരത്തിനുമൊന്നും സമയമില്ല. പിറേറദിവസത്തെ കേസ്സുകൾക്കുള്ള ഫയലു തപ്പുകയാണ് അന്നു പിന്നീടുള്ള ജോലി.

അയാളുടെ മരിച്ച സ്വത്തുക്കൾക്കവകാശിയായി ഒരു പുത്രൻമാത്രമേയുണ്ടായിരുന്നുള്ളൂ. പിതാവ് കച്ചേരിയിലേക്കു പോകുമ്പോഴേ, മകൻ പട്ടണത്തിലേക്കും പോകും. അവിടെ സുഹൃത്തുക്കളുമൊന്നിച്ച് ചൂതുകളിയിലേർപ്പെട്ടു കഴിയുന്നു. കളിയെല്ലാം കഴിഞ്ഞ് മൂക്കററം ഒരു കുടിയും കഴിഞ്ഞേ മകൻ തിരിച്ചെത്തുകയുള്ളൂ. ഈവിധത്തിലയാളുടെ ഏകപുത്രൻ എണ്ണമില്ലാതെ പണം കളഞ്ഞിരുന്നു. മിക്കവാറും ചാക്കോച്ചേട്ടൻെറ വരവിനുമുമ്പുതന്നെ മകൻ തിരിച്ചെത്തിയിരുന്നതുകൊണ്ട് അവൻെറ നടത്തകളെക്കുറിച്ച് അയാൾക്കു വലിയ അറിവൊന്നുമില്ലായിരുന്നു.

മകൻെറ ചൂതുകളിയും, അയാളുടെ അവസാനമില്ലാത്ത വ്യവഹാരങ്ങളുംകൂടി, അയാളെ ഒരു വലിയ ഋണബാധ്യതക്കാരനാക്കിത്തീർത്തു. മകൻെറ കടക്കാരിൽ ഓരോരുത്തർവന്ന് ആദായങ്ങളോരോന്നും കൈവശപ്പെടുത്തി തുടങ്ങി. അതുകൊണ്ടയാളതിനും കേസ്സുപറയേണ്ടിവന്നു. ഇങ്ങനെ ആകപ്പാടെ വ്യവഹാരങ്ങൾക്കുപുറമെ വ്യവഹാരങ്ങളുമായി.

വർഷങ്ങൾ രണ്ടു ഈവിധം കടന്നുപോയി. പിന്നീട് മൂന്നാംകൊല്ലത്തെ ധ്യാനംവന്നു. അന്ന് അയാളുടെ താമസം ഒരു മൺപുരയിലാണ്. രണ്ടുകൊല്ലങ്ങൾക്കുമുമ്പ് അയാൾ താമസിച്ചിരുന്ന മനോഹരമായ മാളികയുടെ സ്ഥാനത്തു "പിരമിഡു"പോലെ ഉയർന്നുനില്ക്കുന്ന ഏതാനും ഭിത്തികൾമാത്രമേ ഇന്നു കാണ്മാനുള്ളൂ. അയാളുടെ കടക്കാരിൽ ആരോ അതു പൊളിച്ചുകൊണ്ടുപൊയ്ക്കഴിഞ്ഞിരുന്നു.

ഇങ്ങനെയിരിക്കെ നാലാംകൊല്ലത്തെ ധ്യാനവും വന്നു. അപ്പോഴേക്കും ചാക്കോച്ചേട്ടൻ കിടപ്പായിട്ട് ഒൻപതു മാസങ്ങൾ കഴിഞ്ഞിരുന്നു. ക്രൂരഹിംസകരായ ക്ഷയരോഗാണുക്കൾ ധാരാളമായി അയാളുടെ ശരീരത്തിൽ സ്ഥലം പിടിച്ചിരുന്നു.

അന്ന് നൊയമ്പിലെ വലിയ ആഴ്ചയിലെ ബുധനാഴ്ച ദിവസമായിരുന്നു. അയാളുടെ രോഗം അത്യുഗ്രസ്ഥിതിയെ പ്രാപിക്കുകയാൽ ധാരാളം അയൽവാസികളും പരിചയക്കാരുമൊക്കെ അയാൾക്കു ചുററും സന്നിഹിതരായിരുന്നു. ചാക്കോച്ചേട്ടനു് ഒരു മയക്കം കൂടെക്കൂടെ അനുഭവപ്പെട്ടുകൊണ്ടിരുന്നുവെങ്കിലും ഇടയ്ക്കിടയ്ക്കൊക്കെ സുബോധത്തിലെന്നപോലെ ചിലതൊക്കെ പറയുന്നുമുണ്ടായിരുന്നു.

"അവനെ ഞാൻ വെറുതെ വിടുകയില്ല. ഞാൻ ബുദ്ധിമുട്ടിയുണ്ടാക്കിയ വസ്തുവല്ലേ അവനിന്നനുഭവിക്കുന്നത്. അവനിനിയും ചിട്ടിവകയിൽ നൂറുരൂപാ തരുവാനുണ്ട്. എന്നിട്ടും അവനതു തട്ടിയെടുത്തല്ലോ." ഏതോ കൃത്യത്തിനു സ്ഥിരം നിശ്ചയംചെയ്ത ഒരുവനെപ്പോലെ അയാൾ പറഞ്ഞു.

"ചാക്കോച്ചേട്ടാ" — ഒരയൽവാസി വിളിച്ചു.

"അതേടാ, കുറച്ചേറെ സമ്പാദിച്ചതാ. ഈ ദേഹമൊരിക്കലും ചുമ്മാതെ ഇരുന്നിട്ടില്ല. എൻെറ കുരുത്തംകെട്ട മകനാണിതിനൊക്കെ കാരണം. ആ നിഷേധി."

"ചാക്കോച്ചേട്ടാ, വൈദ്യൻ വന്നതു കണ്ടില്ലേ?" വീണ്ടും ആ അയൽവാസി വിളിച്ചു.

"മററതെല്ലാം പോയതിലും എനിക്കു സങ്കടമില്ല. ആ യോഹന്നാൻെറ പുരയിടമെങ്കിലും കിട്ടിയാൽ മതിയായിരുന്നു. അതിനു ബുദ്ധിമുട്ടു കുറച്ചേറെ വന്നതാണേ."—മനസ്സിലെ മായാത്ത ചിന്തകളുടെ ബഹിർസ്ഫുരണമായിരുന്നു അവയെല്ലാം.

"അന്യായമായി സമ്പാദിച്ചവയൊന്നും അനുഭവയോഗ്യമായിരിക്കയില്ലെന്നു മാത്രമല്ല. അതു മരണനേരത്തൊരു ഭാരവുംകൂടിയായിരിക്കും!!" — നാലുകൊല്ലങ്ങൾക്കുമുമ്പ് ധ്യാനഗുരു പറഞ്ഞ ആ വാക്യത്തെക്കുറിച്ച് പിന്നീടയാൾ ചിന്തിച്ചോ ആവോ?

ഉദ്ദിഷ്ടഫലപ്രാപ്തിക്ക്
ഉപകാരസ്മരണ.



പി. വി. ചാക്കോ,
പുള്ളിക്കാനം എസ്റ്റേററ്,
പീരുമേട്

---

Professor of Economics: "Give me an example of indirect taxation"

Freshman: "The dog tax, sir."

Professor: "Explain."

Freshman: "The dog doesn't have to pay it."

# Sathya Deepam

Vol 23 — Ernakulam May 10 1950 — No 35





## വിഷമവൃത്തം?

"ഏതെന്നാൽ മനുഷ്യരിൽനിന്നു തിരഞ്ഞെടുക്കപ്പെട്ട ഏതു പ്രധാനാചാര്യനും ദൈവികമായ കാര്യങ്ങളിൽ മനുഷ്യർക്കുവേണ്ടി നിയമിക്കപ്പെടുന്നു." (Heb. 5-1)

നിത്യതയിലേക്കു നീണ്ടുപോകുന്ന ഒരു കുഴഞ്ഞ പ്രശ്നമാണ് "അണ്ടിയോ മൂത്തതു്? മാങ്ങയോ മൂത്തതു്?" എന്നുള്ളതു്. ഉത്തരം ലഭിക്കാതെ ഒരു വിഷമവൃത്തത്തിൽ (v cious circle) കിടന്നു കറങ്ങുകയാണ് ഈ ചോദ്യം. "മാങ്ങയുണ്ടായിട്ടല്ലേ അണ്ടിയുണ്ടാകുവാൻ?" എന്നും; "ഹേയ്, അതല്ല, അണ്ടിയുണ്ടായാലല്ലേ മാവും മാങ്ങയും ഉണ്ടാകയുള്ളു?" എന്നും മററും വീറോടെ വാദിച്ചു മധുമധുരമായ ബാല്യകാലരംഗങ്ങൾ ഓരോരുത്തരുടേയും മനോമുകുരത്തിൽ ഉദിച്ചുയരുന്നുണ്ടായിരിക്കും. ഇതുപോലെതന്നെ വിഷമവൃത്തത്തിൽ കിടന്നു കറങ്ങുന്ന ഒരു പ്രശ്നം വൈദികരേയും കുടുംബങ്ങളേയും സംബന്ധിച്ചും ചിലർ ഉന്നയിക്കാറുണ്ടു്. "വൈദികർ നന്നായാലേ കുടുംബങ്ങൾ നന്നാകയുള്ളു" എന്നു ചിലരും; "അതല്ല, കുടുംബങ്ങൾ നന്നായാൽമാത്രമേ വൈദികരും നന്നാകയുള്ളു" എന്നു മററു ചിലരും അഭിപ്രായം പ്രകടിപ്പിക്കാറുണ്ടു്. രണ്ടഭിപ്രായത്തിലും സത്യാംശം അടങ്ങിയിട്ടുണ്ടു്. എന്നാൽ, നല്ല കുടുംബങ്ങൾ ഉണ്ടായാൽമാത്രമേ നല്ല വൈദികരും ഉണ്ടാകയുള്ളു എന്നുള്ള അഭിപ്രായത്തിൽ വാസ്തവം വഴിഞ്ഞൊഴുകുന്നുണ്ടെന്നു തോന്നുന്നു. കർദ്ദിനാൾ ബൂൺ പറയുന്നു: "അൽമേനികൾ പൗരോഹിത്യപദവി പരിശുദ്ധമാണെന്നറിയുന്നു; വൈദികരിൽനിന്നു കളങ്കമററ ജീവിതം അവർ പ്രതീക്ഷിക്കുന്നു; തങ്ങളുടെ അഭിപ്രായമനുസരിച്ചുള്ള ജീവിതനൈർമ്മല്യം ഒരു വൈദികനിൽ കാണാത്തപക്ഷം അവജ്ഞയും അസംതൃപ്തിയും, അവർ പ്രകടിപ്പിക്കുന്നു. എന്നാൽ മൊത്തത്തിൽ എടുക്കുന്നപക്ഷം അവർ സാധാരണയായി ഒരു വൈദികനു് എങ്ങനെയാണ് അഭിലഷണീയമായ സച്ചരിതത്വം കൈവരുന്നതെന്നു ആലോചിക്കുന്നതേ ഇല്ല." അതെ, വൈദികരുടെ സ്വഭാവരൂപവൽക്കരണത്തിൽ തങ്ങൾക്കു വല്ല പങ്കുമുണ്ടോ എന്നു അൽമേനികൾ, പ്രത്യേകിച്ചു് കുടുംബനാഥന്മാർ, അല്പംപോലും ആലോചിച്ചുനോക്കുന്നില്ല. വൈദികർ അൽമേനികളിൽനിന്നാണല്ലോ തിരഞ്ഞെടുക്കപ്പെടുന്നതു്. ആകയാൽ അൽമേനികൾ നന്നായിരിക്കണം ആദ്യം. ഫാദർ മക്ഹാണി പറയുന്നു: "നല്ല കത്തോലിക്കാ കുടുംബങ്ങളിൽനിന്നാണ് നല്ല വൈദികരെ സഭയ്ക്കു ലഭിക്കുന്നതു്. ഒരു രാജ്യത്തുള്ള വൈദികരുടെ ജീവിതം മിക്കവാറും അവിടെയുള്ള കത്തോലിക്കാജനസമൂഹത്തിന്റെ ജീവിതത്തിന്റെ ഒരു പ്രതിഫലനംമാത്രമാകുന്നു. ജനങ്ങൾക്കു വാസ്തവത്തിൽ അവരർഹിക്കുന്ന വൈദികരെ ലഭിക്കുന്നു. സെമിനാരിയിലെ അഭ്യസനത്തെ ഒരു റെക്ടർ പല പ്രകാരത്തിൽ പരിഷ്കരിച്ചു് മോടിപിടിപ്പിക്കുവാൻ പാടുണ്ടെങ്കിലും, അദ്ദേഹത്തിന്റെ വിജയം തനിക്കു ലഭിക്കുന്ന വിദ്യാർത്ഥികളുടെ ജാതിയെ അഥവാ പ്രകൃതിയെ ആശ്രയിച്ചിരിക്കുന്നുവെന്നു പറയാം. വിദ്യാർത്ഥിയുടെ മേന്മയാകട്ടെ, അവർ ഏതു ജനസഞ്ചയത്തിൽനിന്നു വരുന്നുവോ അവരേയും അവലംബിച്ചിരിക്കുന്നു."

പൗരോഹിത്യത്തിലേക്കു യുവാക്കന്മാരെ ആകർഷിക്കുന്നതിനു ദൈവം ഉപയോഗിക്കുന്ന ഉപകരണങ്ങളിൽ മാതാപിതാക്കന്മാർക്കാണു് പ്രഥമസ്ഥാനം. പട്ടത്തിനുള്ള ആഗ്രഹം ഒരു ബാലനിൽ അങ്കുരിപ്പിക്കുന്നതിൽ ഒരു നല്ല കത്തോലിക്കാകുടുംബത്തിലെ അന്തരീക്ഷത്തിനുള്ള ശക്തി ഒന്നുവേറെ തന്നെയാണു്. ഒരു കുട്ടി അതിന്റെ അമ്മയിൽനിന്നാണു് ആദ്യമായി ദൈവത്തെക്കുറിച്ചും മനുഷ്യരുടെ നേർക്കുള്ള ദൈവത്തിന്റെ സ്നേഹത്തെക്കുറിച്ചും പഠിക്കുന്നതു്. ഒരു ബാലന്റെ വിശ്വാസചൈതന്യത്തിന്റെ ശക്തിയുടെ ഉറവും ഭവനംതന്നെയാണു്. ബാഹ്യമായ പ്രേരണകളൊന്നുമില്ലെങ്കിൽത്തന്നെയും കത്തോലിക്കാകുടുംബമാകുന്ന മരുവടിയിലൂടെ നൈസർഗ്ഗികമായ വിളനിലം. "ശുദ്ധസ്ഥലത്തേക്കു വേണ്ടതായ കുസുമങ്ങൾ ശേഖരിക്കുന്നതിനുള്ള തോട്ടങ്ങളാണു് നല്ല ക്രിസ്തീയ കുടുംബങ്ങൾ" എന്നു പരി. പിതാവു് 11-ാം പിയൂസ് മാർപ്പാപ്പാ പൗരോഹിത്യത്തെക്കുറിച്ചുള്ള തന്റെ ചാക്രികലേഖനത്തിൽ പറയുന്നുണ്ടു്. ഇതിനു് ആദ്യമായി തന്നെ കുടുംബാംഗങ്ങളിൽ പൗരോഹിത്യത്തെക്കുറിച്ചുള്ള ആദരം ദൃഢമൂലമാകണം. ഒരു കത്തോലിക്കൻ വിശ്വാസത്തിന്റെ ഉൾക്കണ്ണുകൾകൊണ്ടു നോക്കുമ്പോൾ ഒരു വൈദികന്റെ ഉന്നതമായ സ്ഥാനം—ദൈവത്തിന്റെ പ്രതിനിധി, മറെറാരു ക്രിസ്തു ഇത്യാദിയായ പരമാർത്ഥങ്ങൾ—നന്നായി ശോഭിക്കും. മഹാനായ കോൺസ്റ്റന്റൈൻ ചക്രവർത്തി വൈദികർ തന്നോടുകൂടെ ഭക്ഷണം കഴിപ്പാനുണ്ടായിരുന്നപ്പോഴെല്ലാം അവരെ ഇരുത്തിയതിനുശേഷമേ ഇരിക്കാറുണ്ടായിരുന്നുള്ളു എന്നതിന്റെ രഹസ്യം അവനു് അജ്ഞാതമല്ല. ഒരു വൈദികൻ കടന്നുപോയ വഴിയിൽ മുട്ടുകുത്തി അദ്ദേഹത്തിന്റെ പാദങ്ങളുടെ സ്പർശനമേററ പൊടിമണ്ണിൽ സീയന്നായിലെ വി. കത്രീന ചുംബിക്കുക പതിവായിരുന്നുവെന്നു കേട്ടാൽ അതു് അതിരുകടന്ന വണക്കമായി അവൻ കരുതുകയില്ല. ഒരു പുരോഹിതനേയും ഒരു മാലാഖയേയും ഒന്നിച്ചുകണ്ടാൽ ആദ്യം പുരോഹിതനെയായിരിക്കും താൻ അഭിവാദ്യംചെയ്യുക എന്നെഴുതിയ അസ്സീസിയിലെ വി. ഫ്രാൻസിസിന്റെ മനോഭാവത്തെ അവൻ സർവ്വാത്മനാ ആദരിക്കും. ഒരു വൈദികന്റെ ഗുരുപ്പട്ടസ്വീകരണത്തിനുമുമ്പു് അദ്ദേഹത്തിന്റെ കാവൽദൂതൻ മുമ്പിൽ നടന്നിരുന്നതായും ഗുരുപ്പട്ടസ്വീകരണത്തിനുശേഷം പുറകെ മാത്രം നടന്നിരുന്നതായും പറയപ്പെടുന്ന കഥയിൽ അവനു് വിശ്വാസക്കുറവില്ല. ഇങ്ങനെ, പൗരോഹിത്യത്തോടു പ്രദർശിപ്പിക്കുന്ന ഏതൊരു ബഹുമാനകൃത്യവും ഒരു യഥാർത്ഥകത്തോലിക്കനു് അസാധാരണമെന്നോ അമിതമെന്നോ തോന്നുകയില്ല.

മതത്തെ നശിപ്പിക്കുവാൻ കച്ചകെട്ടിയിറങ്ങുന്നവർ ആദ്യമായി പുരോഹിതന്മാരെയാണു് ആക്രമിക്കുന്നതു്. കാരണം, പുരോഹിതനില്ലെങ്കിൽ ബലിയില്ല; ബലിയില്ലെങ്കിൽ മതവുമില്ല. തന്നിമിത്തം മതവിരോധികളും "ഇസ്സ"ക്കാരും വൈദികരുടെ നേർക്കാണു് വിദ്വേഷത്തെ ഇളക്കിവിടുന്നതു്. ജനങ്ങളിൽ ഈ വൈദികവിദ്വേഷം കുത്തിവയ്ക്കുവാൻവേണ്ടി അവർ ധാരാളം അതിശയോക്തികളും പച്ചനുണകളും പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നു. ഈ പ്രചരണങ്ങളിൽ കുടുങ്ങിപ്പോകാതിരിപ്പാൻ കുടുംബാംഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കണം. നാലുലക്ഷത്തോളം വൈദികർ ഇന്നു ലോകത്തിലുണ്ടു്. വല്ലയിടത്തും വല്ല അനാശാസ്യസംഭവങ്ങളും ഉണ്ടായെന്നുവരാം. അവർ മാലാഖമാരോ സ്വർഗ്ഗത്തിൽനിന്നിറങ്ങിവന്ന പ്രത്യേക സൃഷ്ടികളോ അല്ല; പ്രത്യുത, ബലഹീനരായ മനുഷ്യമക്കളുമാണു്. നമ്മുടെ സഹോദരന്മാരാണു് അവർ. നാം അവർക്കുവേണ്ടി പ്രാർത്ഥിക്കണം. കാരണം, നിർമ്മലജീവിതത്തിനു് ആവശ്യകമായ പ്രസാദവരം പ്രാർത്ഥനവഴിയായി മാത്രമേ ലഭിക്കയുള്ളു. വൈദികരെ വിമർശിക്കുന്നവർ അവർക്കുവേണ്ടി ഒരു ചെറിയ പ്രാർത്ഥനയെങ്കിലും ഉരുവിടുന്നുണ്ടോ? ഒരു വൈദികനെപ്പററി അനാശാസ്യമായ എന്തെങ്കിലും കേൾക്കുമ്പോൾ നമുക്കു വിഷാദമാണു് അനുഭവപ്പെടുന്നതെങ്കിൽ നമ്മുടെ വിശ്വാസദാർഢ്യത്തിൽ നമുക്കു സംതൃപ്തിയടയാം. എന്നാൽ മറിച്ചു്, നാം ആ വാർത്തയിൽ ആനന്ദംകൊള്ളുകയാണെങ്കിൽ നമ്മുടെ വിശ്വാസത്തിന്റെ അടിത്തറയ്ക്കു ഇളക്കം തട്ടിയിട്ടുണ്ടെന്നു അനുമിക്കാവുന്നതാണു്. കത്തോലിക്കാകുടുംബങ്ങളിൽ പൗരോഹിത്യത്തോടുള്ള ആദരം വേരൂന്നണം. കുടുംബാംഗങ്ങളുടെ സംഭാഷണവേളകളിൽ വൈദികവിമർശവും വൈദികവിദ്വേഷവും പൊട്ടിപ്പുറപ്പെടുന്നുണ്ടോ എന്നു കുടുംബനാഥൻ പ്രത്യേകം സൂക്ഷിക്കണം. യുവതീയുവാക്കന്മാർ ഹൈസ്കൂളിലോ, കോളേജിലോ, വ്യവസായശാലകളിലോ, യാത്രാവേളകളിലോ, സുഹൃൽസംഭാഷണങ്ങളിലോ വൈദികരെപ്പററി പലേ വിമർശനങ്ങളും കേൾക്കും. അവയെല്ലാം അതേപടി സ്വീകരിച്ചുകൊണ്ടു് അതിന്റെ ചില തീപ്പൊരികൾ കുടുംബങ്ങളിലും ചിതറിക്കുവാൻ കുടുംബനാഥൻ ഒരിക്കലും അവരെ അനുവദിക്കരുതു്. വൈദികസ്ഥാനത്തിന്റെ മാഹാത്മ്യം അവരെ പറഞ്ഞുമനസ്സിലാക്കണം. വൈദികബഹുമാനം അവരുടെ ഹൃദയങ്ങളിൽ അച്ചുബന്ധമിട്ടുറപ്പിക്കണം. വൈദികരെ കാണുമ്പോൾ സ്തുതിചൊല്ലുകയെന്നുള്ള പഴയ പതിവു് ഇപ്പോൾ ചില സ്ഥലങ്ങളിൽ ഇല്ലാതായിത്തീർന്നിട്ടുണ്ടു്. 'ഈശോമിശിഹായ്ക്കു സ്തുതിയായിരിക്കട്ടെ' എന്നു പറയുവാൻ ലജ്ജിക്കുന്നു ചിലർ! മനുഷ്യബഹുമാനത്തെ പ്രതിയാണത്രെ ഇപ്രകാരം ക്രിസ്തുവിനെ ഏററുപറയാതിരിക്കുന്നതു്! ആ വൈദികൻ ഒരുപക്ഷെ പഠിപ്പിലോ, കാര്യത്രാണിയിലോ, മററു ഗുണഗണങ്ങളിലോ നമ്മെക്കാൾ വളരെ താണപടിയിലുള്ള ആളായിരിക്കാം. എങ്കിലും നാം സ്തുതിക്കുന്നതു് ക്രിസ്തുവിനെയാണു്. "ഈശോമിശിഹായ്ക്കു സ്തുതിയായിരിക്കട്ടെ" എന്നാണു് നാം ഉപയോഗിക്കുന്ന വാക്യം; അല്ലാതെ 'ഈ—അച്ചനു സ്തുതിയായിരിക്കട്ടെ' എന്നല്ല. അങ്ങേ പ്രതിനിധി വഴിയായി ക്രിസ്തുവിനെയാണു നാം സ്തുതിക്കുന്നതു്. അതുകൊണ്ടു ശൈശവംമുതൽക്കുതന്നെ വൈദികരെ വണങ്ങുന്നതിനും ആദരിക്കുന്നതിനും അവർക്കു സ്തുതി ചൊല്ലുന്നതിനും കുട്ടികളെ പഠിപ്പിക്കണം. അങ്ങനെയുള്ള ഒരന്തരീക്ഷം കുടുംബങ്ങളിൽ സംജാതമാകണം.

പുണ്യചരിതരായ മെത്രാന്മാരും വൈദികരും അവരുടെ ദൈവവിളിയുടെ ആരംഭത്തിനും നിർമ്മലമായ ജീവിതത്തിനും കുടുംബത്തോടാണു് കടപ്പെട്ടിരിക്കുന്നതു്. വിശ്വാസത്തിലും പുണ്യാഭ്യാസങ്ങളിലും സുസ്ഥിരനായ ഒരു പിതാവിന്റെയും, നിർമ്മലയും സ്നേഹസമ്പന്നയുമായ ഒരു മാതാവിന്റെയും, ദൈവസ്നേഹവും പരസ്നേഹവും വിനയവും കൈകോർത്തുനിൽക്കുന്ന ഒരു കുടുംബാന്തരീക്ഷത്തിന്റെയും തണലിലാണു് ഈ ബീജാവാപം നടക്കുന്നതു്.

എന്നാൽ ഇന്നാകട്ടെ പലപ്പോഴും മാതാപിതാക്കന്മാർ സ്വസന്താനത്തിന്റെ ദൈവവിളിക്കു് ഒരു വിലങ്ങുതടിയായിട്ടാണു് പ്രത്യക്ഷപ്പെടുന്നതു്. നാനാതരത്തിലുള്ള തടസ്സവാദങ്ങൾ അവർ ഉന്നയിക്കുന്നു. അവയുടെയെല്ലാം അടിയിൽ സ്വാർത്ഥതയും ലൗകികാൽകർഷേച്ഛയും മുഴച്ചുനിൽക്കുന്നുണ്ടാകും. സമുദായത്തിലെ ഉയന്ന നിലയിലുള്ള കുടുംബങ്ങളിലാണു് ഈ പ്രാതികൂല്യങ്ങൾ കൂടുതൽ അനുഭവപ്പെടാറുള്ളതു്. ഇന്നത്തെ വൈദികക്ഷാമത്തെ അഭിവീക്ഷിച്ചശേഷം 11-ാം പിയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് ഉയന്ന കുടുംബങ്ങളിൽനിന്നുള്ള വൈദികരുടെ വൈരള്യത്തെപ്പററി പരിതപിച്ചിട്ടുണ്ടു്. ആധുനികജീവിതരീതിയുടെ സൃഷ്ടിച്ച സമ്പ്രദായങ്ങളും പട്ടണങ്ങളിലെ പ്രലോഭനങ്ങളും വിദ്യാലയാന്തരീക്ഷങ്ങളും ഈ വൈരള്യത്തിനു് സഹായകമാണെങ്കിലും, ആ കുടുംബങ്ങളിൽ കത്തോലിക്കാവിശ്വാസം ക്ഷയിച്ചതാണു് ഇതിനു പ്രധാനകാരണമെന്നും തിരുമേനി അഭിപ്രായപ്പെട്ടിട്ടുണ്ടു്. വിശ്വാസത്തിന്റെ കണ്ണുകൾകൊണ്ടു് കുടുംബാംഗങ്ങൾ വൈദികസ്ഥാനത്തിന്റെ അതുല്യമായ മാഹാത്മ്യത്തെ ദർശിക്കട്ടെ. അപ്പോൾ വൈദികരോടുള്ള ബഹുമാനം അവരിൽ ഉയിരെടുക്കും; തങ്ങളിൽ ആരെങ്കിലും വൈദികപദത്തിനുള്ള അല്പമായ അഭിവാഞ്ഛ ചരയെങ്കിലും പ്രദർശിപ്പിക്കുന്നുണ്ടെങ്കിൽ അവരെ പ്രോത്സാഹിപ്പിക്കുവാനുള്ള ഉൽക്കടമായ ആഗ്രഹവും ഇതരന്മാരിൽ പ്രകടിതമാകും. കുടുംബങ്ങളിൽ ദൈവവിളിയെ പരിപോഷിപ്പിക്കുന്നതിനുള്ള ചില പ്രായോഗികനിർദ്ദേശങ്ങളെപ്പററി അടുത്ത പ്രഭാഷണത്തിൽ പ്രതിപാദിക്കാം.

(ജെ. ചെമ്മണ്ണൂർ)

—

## നാമകരണച്ചടങ്ങുകൾ

വിശുദ്ധവത്സരത്തിൽ ആകെ 22 പേരെ സ്വിധർ അഥവാ വിശുദ്ധർ എന്നു നാമകരണം ചെയ്യുന്നതാണു്. അവർ ഉൾപ്പെടെ പന്ത്രണ്ടാം പിയൂസ് മാർപ്പാപ്പാ 11 കൊല്ലംകൊണ്ടു് നാമകരണം ചെയ്തവരുടെ സംഖ്യ 42 ആകുന്നതാണു്. ഇത്രയും നാമകരണങ്ങൾ മറെറാരു മാർപ്പാപ്പായും നടത്തിയിട്ടില്ല. 11-ാം പിയൂസ് മാർപ്പാപ്പാ 17 കൊല്ലത്തെ ഭരണത്തിനിടയ്ക്കു സ്വിധരും വിശുദ്ധരുമായി 41 പേരെ പേർവിളിക്കുകയുണ്ടായി 11 കൊല്ലം ഭരണംനടത്തിയ 10-ാം പിയൂസ് തിരുമേനിയുടെ കാലത്തു 15 പേർ മാത്രമാണു സ്വിധപദമോ പുണ്യപദമോ പ്രാപിച്ചതു്. 13-ാം ലെയോൻ മാർപ്പാപ്പായുടെ 15 കൊല്ലത്തെ ഭരണകാലത്തു 29 പേർ പ്രസ്തുത ബഹുമതികൾക്കർഹരായി. അതിനുമുമ്പുള്ള ഏററവും വലിയ സംഖ്യ പിയൂസ് ആറാമൻ (1775-1799) 18 പേരെ നാമകരണം ചെയ്തതാണു്. 1634-ൽ 8-ാം ഉർബൻ മാർപ്പാപ്പായുടെ കാലത്താണു തിരുസിംഹാസനത്തിനുമാത്രമേ സ്വിധർ എന്നും വിശുദ്ധർ എന്നും നാമകരണം ചെയ്യാൻ അവകാശമുള്ളു എന്ന നിയമമുണ്ടായതു്. അതിനുശേഷം 983 പേർ നാമകരണംചെയ്യപ്പെട്ടിട്ടുണ്ടു്. അവരിൽ 819 പേർ രക്തസാക്ഷികളായിരുന്നു. കഴിഞ്ഞ 326 കൊല്ലങ്ങൾക്കിടയിൽ 185 പേരെ വിശുദ്ധരുടെ പട്ടികയിൽ ചേർക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചെങ്കിലും അവരിൽ 80 പേർമാത്രമാണു ആ ബഹുമതി പ്രാപിച്ചതു്. "റീത്തുകളുടെ തിരുസംഘം" ഇപ്പോൾ 1000 പേരുടെ കാര്യം പഠിച്ചുവരുന്നുണ്ടു്.


*Parmissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam